മാസിക
# സുന്നത്ത്

2026 ആഗസ്റ്റ്, 1448 സ്വഫർ - റ. അവ്വൽ
പുസ്തകം 49 / ലക്കം 6, വില 18 രൂപ

Samastha Kerala
Sunni Jam-iyyathul Mu-allimeen
Samastha Islamic Centre,
P.O Eranhippalam, Calicut-6

**Ph: 0495 277 2846**

sunnethmonthly@gmail.com
Sunnethcirculation@gmail.com




**മുഖക്കുറി**

# മാതൃകയാണ് ആറ്റൽറസൂൽ(സ)

റബീഉൽഅവ്വൽ വിശ്വാസികളുടെ വസന്തകാലമാണ്. തിരുനബി(സ)യുടെ മധുരമൂറുന്ന ജീവിതാധ്യാപനങ്ങൾ പഠിക്കാനും പകർത്താനുമുള്ള കാലം. വാക്കുകളിലോ ബാഹ്യപ്രകടനങ്ങളിലോ മാത്രം ഒതുങ്ങേണ്ടതല്ല നബിസ്നേഹം. കർമ്മങ്ങളിലാണത് പ്രതിഫലിക്കേണ്ടത്. ജീവിതത്തിന്റെ സർവ്വ മേഖലകളിലും എങ്ങനെ ഇടപെടണമെന്നതിന്റെ ഉത്തമമാതൃകയായിരുന്നു ആറ്റൽറസൂൽ(സ). സാമ്പത്തിക, സാമൂഹിക വിനിമയങ്ങൾ, ജീവിതശീലങ്ങൾ, ആരോഗ്യചിട്ടകൾ, ആത്മീയപാഠങ്ങൾ, കുടുംബജീവിതം തുടങ്ങിയവയെല്ലാം തിരുജീവിതാധ്യായങ്ങളിൽ ലളിതവും അനുകരണീയവുമായി നമുക്ക് വായിക്കാനാവും.

തിരുജീവിതം പരമാവധി അനുകരിക്കാനും തിരുചര്യകളെ വ്യക്തിജീവിതത്തിന്റെ ഭാഗമാക്കാനുമുള്ള പരിശീലനകാലമാണ് റബീഉൽഅവ്വൽ. മൗലിദുകളും മദ്ഹുകളും തിരുമൊഴിപഠനങ്ങളും ജീവിതാന്ത്യം വരെ വിശ്വാസിയുടെ ആനന്ദമായി മാറണം. അപ്പോഴാണ് മഹബ്ബത്തിന്റെ മധുരം ആസ്വദിക്കാനും അത് തലമുറകളിലേക്ക് പകർന്നുകൊടുക്കാനും കഴിയുക.

ഡിജിറ്റൽ ഡിവൈസുകളിലും സ്ക്രീനുകളിലും ആനന്ദം കണ്ടെത്താൻ ശ്രമിക്കുന്ന കുരുന്നുമക്കളിൽ നബിസ്നേഹത്തിന്റെ വിത്തുകൾ പാകി നട്ടുവളർത്തുക അത്ര എളുപ്പമല്ലെന്നോർക്കണം. റസൂൽ(സ) കാണിച്ചുതന്ന വഴികളിലൂടെ മക്കളുടെ കൈ പിടിച്ച് സഞ്ചരിച്ചുകാണിക്കുക എന്നതാവണം രക്ഷിതാക്കളുടെ ദൗത്യം. നന്മവഴിയിലേക്ക് അവരെ കൈപ്പിടിച്ചില്ലെങ്കിൽ വാർദ്ധക്യത്തിൽ വിരൽ കടിക്കേണ്ടിവരുമെന്ന വിചാരം ഉള്ളിലുണ്ടാവണമെപ്പോഴും.

*എഡിറ്റർ*

**Managing Editor**
Sayyid Ali Bafaqy Thangal

**Chief Editor**
V.P.M Villyapalli
9446 731 889, 0496 253 4373

**Executive Editor**
Shafeeq Bukhari Kanthapuram
cp222306@gmail.com

**General Manager**
Sulaiman Saqafi Kunhukulam

**Editor**
Muhammed Parannur

**Sub Editor**
E.M Sufyan Bukhari

**Circulation Manager**
Shareef saqafi Edayur

**Design & Layout**
Anvar Sadique Bukhari

കവർസ്റ്റോറി

## മീലാദോർമകളുടെ നിത്യസുഗന്ധം

○ സൈറ അലി അരീക്കോട്

മീലാദാഘോഷങ്ങൾ കേവലം ചില പ്രകടനങ്ങൾ മാത്രമല്ല; തലമുറകളിലേക്ക് കൈമാറാനുള്ള ആത്മീയാനുഭൂതിയും ധാർമിക മൂല്യങ്ങളു മാണവ കൈമാറുന്നത്.

06



കവർസ്റ്റോറി

## മിതത്വമാണ് റസൂൽവഴി

○ ജാശിർ കുന്നളം

സാമ്പത്തിക വിനിയോഗം, പ്രകൃതി വിഭവങ്ങളുടെ ഉപയോഗം, ആരാധന ശീലങ്ങൾ തുടങ്ങി വിശ്വാസിയുടെ മുഴുവൻ ജീവിതക്രമങ്ങളിലും മിതത്വം പാലിക്കണമെന്നാ ണ് നബിമൊഴി.

09



കവർസ്റ്റോറി

## ഉത്തമ സ്വഭാവത്തിന്റെ താരകമാതൃകകൾ

○ സൈനുദ്ദീൻ ഇർഫാനി

കഠിനഹൃദയരും അക്രമികളുമായിരുന്ന മനുഷ്യവിഭാഗത്തെയാണ് തിരുനബി(സ) സ്വഭാവംമഹിമയുടെ താരാപഥങ്ങളിലേക്ക് കൈപിടിച്ചുയർത്തിയത്.

14



19



തിരുനബി

## റസൂലുറങ്ങിയ ഭവനങ്ങൾ

സിയാദ് സഖാഫി പാറന്നൂർ

തിരുനബി

## റസൂലിന്റെ ഭക്ഷണശീലങ്ങൾ

അനസ് ബുഖാരി ആമപ്പൊയിൽ

30



36



ലൈഫ്സ്റ്റൈൽ

## മക്കൾ തമ്മിൽ വഴക്കിടാറുണ്ടോ?

കെ എം ഫാത്തിമ ശമീമ

05 തസ്കിയ

## അഹങ്കാരം അതിനിന്ദ്യം

മുഹമ്മദ് പാറന്നൂർ

41 ആത്മയാനം

## ഏകാന്തധ്യാനം സൂഫികളുടെ പാഥേയം

അലി സഖാഫി പുൽപ്പറ്റ

44 ലൈഫ്സ്റ്റൈൽ

## ദാമ്പത്യവും ലൈംഗികതയും

ബശീർ സഖാഫി എളാട്


18 ഹനഫീ ഫിഖ്ഹ്
13 ചരിത്രാഖ്യായിക
34 ശാഫിഈ ഫിഖ്ഹ്
38 നോവൽ
48 വാർത്തകൾ
50 തീരം

# അഹങ്കാരം അതിനിന്ദ്യം

തസ്കിയ

അബൂസലമ(റ) നിവേദനം: അബ്ദുല്ലാഹിബ്നു ഉമർ(റ) വും അബ്ദുല്ലാഹിബ്നു അംറ്(റ)വും ഒരിക്കൽ മർവ കുന്നിൽ കണ്ടുമുട്ടി. അവർ അൽപനേരം വർത്തമാനങ്ങൾ പറഞ്ഞു. പിന്നെ അബ്ദുല്ലാഹിബ്നു അംറ്(റ) നടന്നകന്നു. അബ്ദുല്ലാഹിബ്നു ഉമർ(റ) ആവട്ടെ, അവിടെയിരുന്നു കരയാൻ തുടങ്ങി. അതുകണ്ട് ഒരാൾ അടുത്തുചെന്ന് ചോദിച്ചു: 'അബൂഅബ്ദുറഹ്മാൻ' (ഇബ്നുഉമറിന്റെ അപരനാമം) 'താങ്കളെന്തിനാണ് ഇവിടെയിരുന്നു കരയുന്നത്?'

ഇബ്നു ഉമർ(റ) പറഞ്ഞു: 'അബ്ദുല്ലാഹിബ്നു അംറ് എന്നോട് പറഞ്ഞു; 'ആരുടെയെങ്കിലും ഹൃദയത്തിൽ ഒരു കടുകുമണി തൂക്കം അഹങ്കാരമുണ്ടെങ്കിൽ അതുകാരണം അല്ലാഹു അയാളെ നരകത്തിൽ മുഖം കുത്തി വീഴ്ത്തും' എന്ന് റസൂലുല്ലാഹി പറഞ്ഞത് അദ്ദേഹം കേട്ടിട്ടുണ്ടെന്ന്. ആ ഭയാനകമായ കാര്യമോർത്ത് കരഞ്ഞുപോയതാണ് ഞാൻ.' (അഹ്മദ്, ത്വബ്റാനി)

കിബ്ർ അഥവാ അഹങ്കാരം അതിഭയാനകമായ ഒരു മാനസികരോഗമാണ്. പണ്ഡിതന്മാരുടെയും നേതാക്കളുടെയുമൊക്കെ ഹൃദയത്തിൽ പൊതുവെ കടന്നുവരുന്ന ഒരു മാരക രോഗം. എന്താണ് അഹങ്കാരം? തിരുനബി(സ) തന്നെ അതിനെ നിർവചിച്ചിട്ടുണ്ട്. സത്യത്തെ നിഷേധിക്കുകയും ജനങ്ങളെ നിന്ദിക്കുകയും ചെയ്യലാണിത്.(മുസ്‌ലിം) മറ്റുള്ളവരെക്കാൾ ശ്രേഷ്ഠനാണ് താനെന്ന വിചാരം; മറ്റുള്ളവരെല്ലാം തന്നെക്കാൾ അധമരാണെന്ന തോന്നലും.

അറിവുകൾ കൂടുമ്പോഴും സമ്പത്ത് വർധിക്കുമ്പോഴും പദവികൾ കൈവരുമ്പോഴും 'ഹമ്പട ഞാനേ' എന്ന വിചാരം കടന്നുവരും. അതിന്റെ പിന്നാലെ വരും, മറ്റുള്ളവരെല്ലാം ഒരു പടിയെങ്കിലും തന്നെക്കാൾ താഴെയാണെന്ന തോന്നൽ. ഈ വിചാരങ്ങൾ വന്നു കഴിഞ്ഞാൽ പിന്നെ മറ്റു പല വിചാരങ്ങളും പിന്നാലെ കടന്നുവരും. തെറ്റുപറ്റിയാൽ മറ്റുള്ളവരുടെ മുമ്പിൽ അത് സമ്മതിക്കാനും ക്ഷമാപണം നടത്താനും വിട്ടുവീഴ്ച ചെയ്യാനുമുള്ള മനസ്സില്ലായ്മ. സാധാരണക്കാരുമായി ഉള്ളു തുറന്നു സംസാരിക്കാനും അവരുടെ കൂടെയിരിക്കാനും മറ്റുമുള്ള പ്രയാസം, വിനയത്തോടെ പെരുമാറാനുള്ള മടി, സാധാരണക്കാർ വല്ല അവിവേകവും കാണിച്ചാൽ അവരോട് കയർക്കൽ, പാണ്ഡിത്യത്തിലോ സമ്പത്തിലോ തനിക്ക് സമാനമായവരോടുള്ള പക, അവരുടെ ശേഷികൾ നശിച്ചു കാണാനുള്ള ആഗ്രഹം... ഇങ്ങനെ പല തിന്മകളും. എല്ലാം അതിമാരകമാണെന്നോർക്കുക.

ഇങ്ങനെ തിന്മവിചാരങ്ങൾ മനസ്സിൽ നിറയുമ്പോൾ അഹങ്കാരി സ്വയം അധപതിച്ചുകൊണ്ടിരിക്കും; അവന്റെയുള്ളിലാവട്ടെ താൻ ശ്രേഷ്ഠനാണെന്ന വിചാരം കൂടിക്കൊണ്ടിരിക്കുകയും ചെയ്യും. അറിയില്ലേ ഇബ്‌ലീസിനെ? അവൻ എന്തുകൊണ്ട് ആദമിനു മുമ്പിൽ നമിച്ചില്ല? താൻ ആദമിനെക്കാൾ ശ്രേഷ്ഠനാണെന്ന വിചാരമാണവനെ അതിൽ നിന്ന് തടഞ്ഞത്. അഹങ്കാരി ഇബ്‌ലീസിനെപ്പോലെ ശപ്തനായിത്തീരുമെന്ന് ചുരുക്കം. അഹങ്കാരികൾക്ക് കഠിനശിക്ഷയാണ് അല്ലാഹു വാഗ്ദാനം ചെയ്യുന്നത്. 'അവർ ഉറുമ്പിനു സമാനം ചെറുതായിട്ടാണ് പരലോകത്ത് വരുക. നാനാഭാഗത്തുനിന്നും നിന്ദ്യത അവരെ വലയം ചെയ്യും. 'ബൂലസ്' എന്ന നരകത്തിലേക്ക് അവർ തെളിക്കപ്പെടും. അഗ്നിനാളങ്ങൾ ഒന്നിനുമുകളിൽ ഒന്നായി അവരെ വലയം ചെയ്യും. നരകവാസികളുടെ ദേഹങ്ങളിൽ നിന്ന് ഒഴുകുന്ന ദുർഗന്ധപൂർണ്ണമായ നീര് അവരെ കുടിപ്പിക്കും.' (തിർമുദി)

കവർസ്റ്റോറി

സൈറ അലി അരീക്കോട്

# മീലാദോർമകളുടെ നിത്യസുഗന്ധം

മദ്റസയിൽ ചേർക്കുന്നതിനു മുമ്പു തന്നെ അവിടെയെത്തിച്ചേരാൻ കൊതിച്ചിരുന്നൊരു കാലമുണ്ടായിരുന്നു. നബിസ്നേഹത്തിന്റെ ആദ്യപാഠങ്ങളും മദ്ഹ്ഗാനങ്ങളും അക്ഷരം പഠിക്കുന്നതിനു മുന്നേ പഠിച്ചെടുത്ത കാലം. മദ്റസയുടെ ഓടിട്ട മേൽക്കൂരക്കിടയിലൂടെ അരിച്ചിറങ്ങുന്ന വെള്ളിവെളിച്ചം ഓർമയിൽ തെളിയുന്നു; ഒപ്പം, കുരുന്നുകൾ ഒന്നിച്ചു ചൊല്ലുന്ന ചില വരികളും. 'നമ്മുടെ നബിയുടെ പേരെന്ത്.... മുത്ത്മുഹമ്മദ് സ്വല്ലല്ലാഹ്....'

അന്നൊക്കെ റബീഉൽഅവ്വൽ പിറന്നാൽ ഞങ്ങൾ വീടും പരിസവും വൃത്തിയാക്കും. വഴിയിൽ കാണുന്ന ചെറിയ കല്ലുകളും മുൾച്ചെടികളും നീക്കം ചെയ്യും. മുറ്റവും മൺവഴിയുമെല്ലാം അടിച്ചുവാരി, ഉണങ്ങിയ ഇലകളും ചപ്പുചവറുകളും കൂട്ടിയിട്ട് കത്തിച്ചുകളയും. നബിദിനറാലി പോകാനുള്ള വഴിയൊരുക്കുകയാണ്. റാലിക്കിടെ ആരുടെയും കാലിൽ മുള്ളു തറയ്ക്കരുതല്ലോ. പാമ്പോ മറ്റു വിഷജന്തുക്കളോ ആ പരിസരത്തൊന്നും ഉണ്ടായിക്കൂടാ. അതിനുവേണ്ടിയാണ് പറമ്പിൽ പലയിടത്തായി കരിയിലകൾ കൂട്ടിയിട്ട് തീയിടുന്നത്. ഐക്യത്തിന്റെയും സാഹോദര്യത്തിന്റെയും നേർചിത്രമായിരുന്നു ഓരോ മീലാദും.



നോമ്പുതുറയെന്ന പോലെ കുടുംബത്തിലെ ഓരോ അംഗത്തിന്റെ വീട്ടിലും ഓരോ ദിവസം മൗലിദ് പാരായണമുണ്ടാകും. ഒരു ദിവസം മൂത്താപ്പയുടെ വീട്ടിലാണെങ്കിൽ ഒരു ദിവസം എളാപ്പയുടെ വീട്ടിൽ. മറ്റൊരു ദിവസം ഞങ്ങളുടെ വീട്ടിൽ. മൗലിദ് കിതാബുകളുമായി ഞങ്ങൾ കുടുംബവീടുകളിൽ ഒരുമിച്ചുകൂടും. ആ രാത്രികളിൽ റബീഇന്റെ പൊന്നമ്പിളി പൊൻവെളിച്ചം ചിന്തുന്ന മുറ്റത്ത് ഒരുമിച്ചിരുന്ന് ഞങ്ങൾ ഭക്ഷണം കഴിക്കും.

ആദ്യമായി ഞാൻ മദ്റസയിൽ പോയത് ഒരു മീലാദുദിനത്തിലാണ്; ഇത്താത്തയുടെയും കൂട്ടുകാരികളുടെയും കൂടെ. ഞങ്ങൾ മദ്റസയിലെത്തുമ്പോൾ, പല നിറങ്ങളിലുള്ള കടലാസുതോരണങ്ങൾ കൊണ്ട് അലങ്കാരപ്പണികളിൽ മുഴുകിയിരിക്കുന്ന ഇക്കാക്കമാരെ കാണാനിടയായി. ഇത്താത്തയുടെ കൂട്ടുകാരി ഫൗസിയത്തയാണ് എനിക്കുള്ള പായസം ചൂടാറ്റിത്തന്നത്. കൂട്ടത്തിൽ ഏറ്റവും ചെറുത് ഞാനായിരുന്നതിനാൽ എനിക്ക് പ്രത്യേക പരിഗണന കിട്ടിയിരുന്നു. ബലൂണുകളും വർണക്കടലാസുകളും മറ്റും കുട്ടികൾ എനിക്ക് സമ്മാനിച്ചു. പരിപാടികളെല്ലാം കഴിഞ്ഞു മടങ്ങുമ്പോൾ ഞങ്ങൾക്ക് ഏറെ സന്തോഷിക്കാനുള്ള ഒരു സമ്മാനം ലഭിച്ചിരുന്നു; നീല നിറത്തിലുള്ള ചെറിയ പളുങ്കുവീടിന്റെ രൂപത്തിലുള്ള ഒരു ക്ലോക്ക്. പൊതുപരീക്ഷയിൽ ഒന്നാം സ്ഥാനം കിട്ടിയതിന് ഇത്താത്തക്ക് കിട്ടിയതായിരുന്നു ആ ക്ലോക്ക്.

**സ്വന്തം ജീവിതത്തെക്കുറിച്ചുള്ള വിലയിരുത്തലുകൾ, നബി(സ)യുടെ ജീവിതത്തെക്കുറിച്ചുള്ള നുറുങ്ങറിവുകൾ, നബിചര്യ പിൻപറ്റുന്നതിലേക്കുള്ള ദൂരം... തുടങ്ങി ആത്മീയമായ വലിയൊരു ഉണർവ്വ് തന്നെയാണ് ഓരോ മീലാദും ശേഷിപ്പിക്കുന്നത്. മീലാദിനോടനുബന്ധിച്ചുള്ള ഒരുമിച്ചുകൂടലും പങ്കുവെക്കലും വഴിയുണ്ടാകുന്ന സാമൂഹികമായ സുരക്ഷ മനുഷ്യബന്ധങ്ങളെ കൂടുതൽ ദൃഢമാക്കി. മതപരമായ സാഹിത്യസദസ്സുകൾ ഭാഷയെയും സംസ്കാരത്തെയും സമ്പന്നമാക്കി.**

ഒരുപാട് കാലം കഴിഞ്ഞുപോയിട്ടും ആ ക്ലോക്ക് വീട്ടിൽ തന്നെയുണ്ടായിരുന്നു.

കാലം അല്പം കൂടി മുന്നോട്ട് പോയി. കൂടെപ്പിറപ്പുകളുടെ മദ്റസാപഠനം അവസാനിച്ചെങ്കിലും എന്റെ മദ്റസാപഠനം തുടർന്നു. ഞാൻ കൂട്ടുകാരികളുടെ കൂടെ മദ്റസയിൽ പോകാനും തിരിച്ചുവരാനും പഠിച്ചു. പല മീലാദുകളിലായി കിസ്മത്സരങ്ങൾക്ക് സമ്മാനങ്ങൾ കിട്ടി. എന്റെ കുഞ്ഞുമനസ്സിലെ അഭിമാനപതക്കങ്ങളായിരുന്നു അവയത്രയും. സമ്മാനം കിട്ടിയ പ്ലേറ്റുകളും പാത്രങ്ങളും അടുക്കളയിൽ ഇടം പിടിച്ചു. ഉമ്മ ആ പാത്രങ്ങളിൽ ഭക്ഷണം വിളമ്പുന്നതും ഉപ്പ ആ പാത്രങ്ങളിൽ ഭക്ഷണം കഴിക്കുന്നതും ആത്മസംതൃപ്തിയോടെ ഞാൻ നോക്കി നിന്നു. അല്പം കൂടി വളർന്നപ്പോഴാണ് മീലാദ് ബാക്കിവെക്കുന്നതെന്തെല്ലാമാണെന്ന് ചിന്തിക്കാൻ തുടങ്ങിയത്. സ്വന്തം ജീവിതത്തെക്കുറിച്ചുള്ള വിലയിരുത്തലുകൾ, നബി(സ)യുടെ ജീവിതത്തെക്കുറിച്ചുള്ള നുറുങ്ങറിവുകൾ, നബിചര്യ പിൻപറ്റുന്നതിലേക്കുള്ള ദൂരം... തുടങ്ങി ആത്മീയമായ വലിയൊരു ഉണർവ്വ് തന്നെയാണ് ഓരോ മീലാദും ശേഷിപ്പിക്കുന്നത്. മീലാദിനോടനുബന്ധിച്ചുള്ള ഒരുമിച്ചുകൂടലും പങ്കുവെക്കലും വഴിയുണ്ടാകുന്ന സാമൂഹികമായ സുരക്ഷ മനുഷ്യബന്ധങ്ങളെ കൂടുതൽ ദൃഢമാക്കി. മതപരമായ സാഹിത്യസദസ്സുകൾ ഭാഷയെയും സംസ്കാരത്തെയും സമ്പന്നമാക്കി.

കാലം വീണ്ടും മുന്നോട്ടു കുതിച്ചു. മദ്റസാപഠനം അവസാനിച്ചു. മീലാദുകൾക്ക് മക്കളെ ഒരുക്കിപ്പറഞ്ഞയക്കേണ്ട ഉത്തരവാദിത്തങ്ങൾ എന്നിൽ എത്തിച്ചേർന്നു. ഏറെ താല്പര്യത്തോടെ മക്കൾ നബിദിനത്തെ സ്വാഗതം ചെയ്തു. അവർക്കു വേണ്ട മദ്ഹ്ഗാനങ്ങളും മറ്റും വീട്ടിൽ വെച്ച് ഞാൻ പഠിപ്പിച്ചു കൊടുത്തു. ഒരു ദിവസം മക്കളെ പഠിപ്പിച്ചുകൊടുക്കുന്നതിനിടയിൽ അവർക്കൊപ്പം സാധാരണ കളിക്കാൻ വരാറുള്ള ഒരു കുട്ടി വളരെ ഉത്സാഹത്തോടെ അവരുടെ കൂടെ പഠനത്തിൽ മുഴുകിയതായി ഞാൻ ശ്രദ്ധിച്ചു. മറ്റു കുട്ടികൾ കളിയിൽ ശ്രദ്ധിക്കുമ്പോൾ ഈ കുട്ടി മാത്രം മാറിയിരുന്ന് നബി(സ)യെക്കുറിച്ച് ചോദിച്ചറിയുന്നതു ഞാൻ ശ്രദ്ധിച്ചു. മൂന്നു ദിവസം ഇങ്ങനെ തുടർന്നപ്പോൾ ഞാൻ ചോദിച്ചു:

'മോന്റെ പേരെന്താണ്?'

'നിഹാൽ.'

'വീട് എവിടെയാണ്?'

അവൻ വീടുള്ള ദിക്കിലേക്ക് ചൂണ്ടിക്കാണിച്ചു.

'ഏത് ക്ലാസ്സിലാണ്?'

'അഞ്ചിൽ.'

'മോന്റെ മദ്റസയിൽ എന്നാണ് പരിപാടി?'

'എന്റെ മദ്റസയിൽ ഇങ്ങനെയില്ല?'

'അതെന്തുപറ്റി, ഏതു മദ്റസയിലാണ് മോൻ പഠിക്കുന്നത്?'

നിഹാൽമോൻ പറഞ്ഞ മദ്റസയുടെ പേരു കേട്ടപ്പോഴാണ് എനിക്ക് കാര്യം മനസ്സിലായത്, പുത്തൻവാദികളുടെ മദ്റസയിലാണവൻ പഠിക്കുന്നത്. പാരമ്പര്യത്തിന്റെയും പൈതൃകത്തിന്റെയും തനിമയുള്ള മൗലിദാഘോഷത്തെ അനാചാരമെന്ന പരിഷ്കാരച്ചാപ്പ കുത്തി അവഗണിക്കുന്നവരാണല്ലോ അവർ. തിരുനബി(സ)യുടെ മദ്ഹുകളും മൗലിദുകളും നേർച്ചകളും എങ്ങനെ, എന്നുമുതലാണ് അവർക്ക് അനാചാരങ്ങളായതെന്ന് എനിക്കറിയില്ല. മക്കൾ റാലിക്കുപോകാനും കലാപരിപാടികൾക്കു വേണ്ടിയും തയ്യാറെടുക്കുമ്പോൾ ചില കൂട്ടുകാർ ആഗ്രഹങ്ങൾ ഉള്ളിലൊതുക്കി കൊതിയോടെ കാഴ്ചക്കാരായി നോക്കിനിൽക്കുന്നു! ബിദ്അത്തിന്റെ ഇരുട്ടുള്ള കുടുംബത്തിൽ പിറന്നതായിരുന്നല്ലോ അവർ ചെയ്ത തെറ്റ്.

'മോന് പാട്ടു പഠിക്കണോ?' എന്റെ ചോദ്യം കേട്ട് അവന്റെ മുഖത്ത് പെട്ടെന്നൊരു പ്രകാശം പരന്നു.

'ഊം'

'എന്നാൽ ഇവിടെ നിന്ന് പഠിക്കാം കേട്ടോ'

'ഊം'

അവനു സന്തോഷമായി.

വളരെ ചുരുങ്ങിയ സമയം കൊണ്ടുതന്നെ അവൻ നല്ല രീതിയിൽ മദ്ഹ്ഗാനങ്ങൾ പാടാൻ തുടങ്ങി. പക്ഷേ, മീലാദിനോട് തൊട്ടടുത്ത രണ്ടു ദിവസം അവൻ വീട്ടിലേക്കു വന്നില്ല. മീലാദിന്റെയന്ന് നേർച്ചച്ചോർ വീട്ടിലെത്തി. അതിൽ പങ്കുചേരാൻ നിഹാൽ മോന് ഭാഗ്യമുണ്ടായില്ലല്ലോ എന്നോർത്ത് എനിക്കെന്തോ അസ്വസ്ഥത തോന്നി. ഞാൻ എന്റെ മോനോട് പറഞ്ഞു: 'മോനേ, നിഹാലിന് എന്തുപറ്റി?'

'അറിയില്ലുമ്മാ, ഞാൻ രണ്ടു ദിവസമായി കണ്ടിട്ട്.'

'നീയൊന്ന് ഓന്റെ വീടു വരെ പോയി നോക്ക്.'

'എന്തിനാണ് ഉമ്മാ?'

'ഓന് ഇത്തിരി ചോറ് കൊടു

ക്കാൻ.'

'അത് പറ്റൂല, ഓന്റെ ഉപ്പയും ഉമ്മയും അറിഞ്ഞാൽ സീനാവും.'

'ഇല്ല, ഇമ്മാന്റെ കുട്ടി അവരോട് ഇങ്ങനെ ചോദിക്ക്: ''ഉപ്പാ, നിഹാലിനെ കണ്ടിട്ട് രണ്ടു ദിവസമായല്ലോ, അതോണ്ട് വന്നതാണ്. നിങ്ങക്ക് വിരോധല്ലെങ്കി, ഓന് ഇഷ്ടാണെങ്കി.... ഇന്ന് ന്റെ വീട്ടീന്ന് ഭക്ഷണം കഴിക്കാ.''

'ഇങ്ങനെ ചോദിച്ചാൽ അവര് വിടോ ഉമ്മാ?'

'നീ ചോദിച്ചുനോക്ക്, ചിലപ്പോ വിട്ടാലോ?' ഞാൻ പറഞ്ഞു.

കുട്ടികൾ നിഹാലിനെ വിളിക്കാൻ പോയി. ഞാൻ നെഞ്ചിടിപ്പോടെ കാത്തിരുന്നു. അതൊരു ചെറിയ തീരുമാനമായിരുന്നില്ലല്ലോ. എന്താവും? അവർ നിഹാലിനെ പറഞ്ഞയക്കുമോ? അതോ, അതുമൂലം മക്കൾക്ക് വല്ല വഴക്കും വക്കാണവും കേൾക്കേണ്ടി വരുമോ? ഞാനങ്ങനെ കാത്തിരുന്നു. കുറച്ചുസമയം കഴിഞ്ഞപ്പോൾ അതാ, നിഹാൽമോൻ കുട്ടികളുടെ കൂടെ വരുന്നു. ആവേശത്തോടെ തുള്ളിച്ചാടിയാണ് വരുന്നത്. അൽഹംദുലില്ലാഹ്! കുഴപ്പമൊന്നും ഉണ്ടായില്ലല്ലോ! ഞാൻ ആശ്വസിച്ചു. അല്ലെങ്കിലും സ്നേഹത്തോടെ സംസാരിച്ചാൽ അലിഞ്ഞുപോകാത്ത ഏതു പ്രശ്നങ്ങളാണ് മനുഷ്യർക്കിടയിലുള്ളത്. പരിഗണിക്കപ്പെടുന്നുവെന്ന തോന്നലല്ലേ മനുഷ്യന്റെ ഊർജ്ജം!

**മീലാദ് കേവലം ഒരു ദിവസത്തെ ആഘോഷമല്ല. മനുഷ്യഹൃദയങ്ങളെ തമ്മിൽ കൂട്ടിയിണക്കുന്ന, മതിലുകളില്ലാത്ത ഒരു സന്ദേശമാണത്. അപരരെ പരിഗണിക്കാനും ഒറ്റപ്പെട്ടുപോയവരെ ചേർത്തുപിടിക്കാനും വിശക്കുന്നവർക്ക് അന്നം നൽകാനുമുള്ള വലിയ സന്ദേശം! റാലികളും മുദ്രാവാക്യങ്ങളും കുഞ്ഞുകൊടികളും തോരണങ്ങളും മദ്ഹ്ഗാനങ്ങളുടെ ഈണവും സമ്മാനങ്ങളുടെ സുഗന്ധവും മാഞ്ഞുപോയാലും സ്നേഹം ബാക്കി വെച്ച നല്ല ഓർമകൾ മനസ്സിൽ മായാതെ കിടക്കും.**



ഭക്ഷണം വിളമ്പി കുട്ടികൾ ഒന്നിച്ചിരുന്നു കഴിച്ചു. നിഹാൽമോൻ തന്റെ കുഞ്ഞുശബ്ദത്തിൽ മനോഹരമായി മദ്ഹ്ഗാനം പാടി. നബിസ്നേഹം തുടിക്കുന്ന കുഞ്ഞുഹൃദയത്തിൽ നിന്ന് ഉറവെടുക്കുന്ന മധുരഗീതം!

മീലാദ് കേവലം ഒരു ദിവസത്തെ ആഘോഷമല്ലെന്ന് ഞാൻ തിരിച്ചറിഞ്ഞു. മനുഷ്യഹൃദയങ്ങളെ തമ്മിൽ കൂട്ടിയിണക്കുന്ന, മതിലുകളില്ലാത്ത ഒരു സന്ദേശമാണത്. അപരരെ പരിഗണിക്കാനും ഒറ്റപ്പെട്ടുപോയവരെ ചേർത്തുപിടിക്കാനും വിശക്കുന്നവർക്ക് അന്നം നൽകാനുമുള്ള വലിയ സന്ദേശം! റാലികളും മുദ്രാവാക്യങ്ങളും കുഞ്ഞുകൊടികളും തോരണങ്ങളും മദ്ഹ്ഗാനങ്ങളുടെ ഈണവും സമ്മാനങ്ങളുടെ സുഗന്ധവും മാഞ്ഞുപോയാലും സ്നേഹം ബാക്കി വെച്ച നല്ല ഓർമകൾ മനസ്സിൽ മായാതെ കിടക്കും.

അതിരു കടക്കരുത് ഒരാഘോഷവും. സ്വൈരം കെടുത്തുന്ന ശബ്ദകോലാഹലങ്ങളും അഴിഞ്ഞാട്ടങ്ങളും മീലാദാഘോഷത്തിന്റെ പേരിലായാലും അല്ലെങ്കിലും കുറ്റകരം തന്നെയാണ്. ആത്മീയമായ ഭക്തിയും ചൈതന്യവും നഷ്ടപ്പെടുത്തുന്ന ആഘോഷ പ്രകടനങ്ങൾ ഇല്ലാതിരിക്കാൻ മഹല്ലുകളും മദ്റസകളും ജാഗ്രത കാണിക്കണം. പരിഗണനയുടെയും പങ്കുവെക്കലിന്റെയും സന്തോഷങ്ങൾ അവഗണനയിലും തർക്കങ്ങളിലും കലാശിക്കാതിരിക്കാൻ ശ്രദ്ധിക്കണം. മനോഹരമാകട്ടെ, മീലാദാഘോഷങ്ങൾ.



കവർസ്റ്റോറി

ജാശിർ കുന്നളം

# മിതത്വമാണ് റസൂൽവഴി

തിരുനബി(സ)യുടെ ആരാധനാജീവിതം അടുത്തറിയണമെന്ന ആഗ്രഹത്തോടെ മൂന്ന് സ്വഹാബിമാർ തിരുഭവനത്തിലെത്തി. നബിപത്നിമാരോട് അവിടുത്തെ ആരാധനാക്രമങ്ങളെക്കുറിച്ച് ചോദിച്ചറിഞ്ഞപ്പോൾ, സർവ്വമേഖലകളിലും പരിപൂർണ്ണരായ റസൂലിന്റെ ആരാധനയുടെ ആഴത്തിനും മഹത്വത്തിനും മുന്നിൽ തങ്ങളുടെ കർമങ്ങൾ എത്രയോ നിസ്സാരമാണെന്ന് അവർ തിരിച്ചറിഞ്ഞു. ഈ ആത്മബോധം അവരെ ചില കടുത്ത തീരുമാനങ്ങളിലേക്ക് നയിച്ചു. അവരിലൊരാൾ എല്ലാ രാത്രിയും ഉറക്കമൊഴിഞ്ഞ് നിസ്കരിക്കുമെന്നും, മറ്റൊരാൾ ജീവിതകാലം മുഴുവൻ നോമ്പനുഷ്ഠിക്കുമെന്നും, മൂന്നാമൻ വിവാഹജീവിതം ഉപേക്ഷിച്ച് ആരാധനയിൽ മുഴുകുമെന്നും ശപഥം ചെയ്തു.

വീട്ടിലെത്തിയ തിരുനബി(സ) ആഗതരെക്കുറിച്ചും അവരുടെ ശപഥങ്ങളെക്കുറിച്ചും വിവരമറിഞ്ഞയുടൻ മൂവരെയും വിളിച്ചുവരുത്തി ഉപദേശിച്ചു: ‘അല്ലാഹുവാണെ, നിങ്ങളിൽ ഏറ്റവും കൂടുതൽ അല്ലാഹുവെ ഭയപ്പെടുന്നതും സൂക്ഷിക്കുന്നതും ഞാനാണ്. എന്നിട്ടും ഞാൻ നോമ്പുകാലത്ത് നോമ്പനുഷ്ഠിക്കുകയും അല്ലാത്തപ്പോൾ നോമ്പ് മുറിക്കുകയും ചെയ്യുന്നു. രാത്രി നിസ്കരിക്കുകയും വിശ്രമിക്കുകയും ചെയ്യുന്നു. ഞാൻ വിവാഹ ജീവിതം നയിക്കുകയും ചെയ്യുന്നു. എന്റെ ചര്യയിൽ നിന്ന് അകലുന്നവൻ എന്നിൽപ്പെട്ടവനല്ല.’ (ബുഖാരി: 5063)

മൂന്ന് സ്വഹാബികളുടെയും ആത്മാർത്ഥതയെ തിരുനബി(സ) എതിർത്തില്ല. എന്നാൽ, അവരുടെ ശപഥരീതിയെ അവിടുന്ന് തിരുത്തി. കാരണം, അല്ലാഹു നിശ്ചയിച്ച പരിധിക്കുള്ളിൽ നിൽക്കുമ്പോഴാണ് ആരാധനകൾക്ക് മഹത്വം ലഭിക്കുക. അതുകൊണ്ടാണ് സ്വന്തം ജീവിതം തന്നെ അവിടുന്ന് മാതൃകയായി ചൂണ്ടിക്കാട്ടിയത്. നോമ്പും ഭക്ഷണവും, രാത്രി നിസ്കാരവും വിശ്രമവും, കുടുംബജീവിതവും ആരാധനയും പരസ്പരം വിരുദ്ധങ്ങളല്ല. മറിച്ച്, വിശ്വാസിയുടെ ജീവിതത്തെ പൂർണമാക്കുന്ന ഘടകങ്ങളാണവ.

ആരാധനക്കും കുടുംബത്തിനും, സമ്പത്തിനും സമൂഹത്തിനും, ശരീരത്തിനും ആത്മാവിനും അവയുടേതായ അവകാശങ്ങൾ കൽപ്പിച്ച് അവയെല്ലാം സമന്വയിപ്പിക്കുന്ന ജീവിതദർശനമാണ് ഖുർആനും തിരുചര്യയും മുന്നോട്ടുവെക്കുന്നത്. അല്ലാഹു പറയുന്നു: ‘അപ്രകാരം നിങ്ങളെ നാം മിതത്വമുള്ള ഒരു സമൂഹമാക്കിയിരിക്കുന്നു.’ (അൽബഖറ: 143) ഈ വചനത്തിലെ ‘വസത്വ്’ എന്ന പദം കേവലം മധ്യത്തിൽ നിൽക്കുക എന്നതിലുപരി നീതിയും ശ്രേഷ്ഠതയും പക്വത

യും സന്തുലിതമായ സമീപനവും സമന്വയിക്കുന്ന ജീവിതരീതിയെയാണ് പ്രതിനിധാനം ചെയ്യുന്നത്. അതുകൊണ്ടാണ് പ്രവാചകർ(സ) ഈ വചനത്തിലെ 'വസത്' എന്നതിന് 'അദ്ൽ' (നീതി) എന്ന് വ്യാഖ്യാനം നൽകിയത്. ആരാധനയിലും കുടുംബജീവിതത്തിലും സാമ്പത്തിക ഇടപാടുകളിലും സാമൂഹിക ബന്ധങ്ങളിലുമെല്ലാം അതിരുകടക്കലും അലംഭാവവും വെടിഞ്ഞ് നീതിയുടെയും ക്രമബദ്ധതയുടെയും പാത സ്വീകരിക്കാനാണ് ഖുർആൻ വിശ്വാസിയെ പഠിപ്പിക്കുന്നത്. ആ അർത്ഥത്തിൽ മിതത്വം ഇസ്‌ലാമിലെ ഒരു ധാർമികഗുണം മാത്രമല്ല, ദീനിന്റെ അടിസ്ഥാനസ്വഭാവം തന്നെയാണ്. ജീവിതത്തിന്റെ എല്ലാ മേഖലകളിലും അല്ലാഹു നിശ്ചയിച്ച പരിധികൾ മാനിച്ചും ഓരോ അവകാശവും അതതിന്റെ സ്ഥാനത്ത് പരിഗണിച്ചും ജീവിക്കുകയാണ് 'ഉമ്മതൻ വസത്വൻ' എന്ന വിശേഷണത്തിന്റെ യഥാർത്ഥ സാരം.

ശ്രദ്ധേയമായ മറ്റൊരു കാര്യം, വിശുദ്ധഖുർആനിലെ ഏറ്റവും ദൈർഘ്യമേറിയ സൂറത്തായ അൽബഖറയിൽ ആകെ 286 ആയത്തുകളാണുള്ളത്. അവയുടെ മധ്യഭാഗത്തുള്ള 143-ാം ആയത്തിലാണ് ഈ ആശയം പ്രതിപാദിക്കുന്ന പ്രയോഗം വന്നിരിക്കുന്നത്. അത് യാദൃച്ഛികമായ ഒരു സ്ഥാനനിർണയമാണെന്ന് പറയാനാവില്ല. മറിച്ച്, ഈ ആശയത്തിന് ഖുർആൻ നൽകുന്ന പ്രാധാന്യത്തിലേക്ക് വിരൽചൂണ്ടുന്ന വളരെ പ്രധാനപ്പെട്ട സൂചനയായി അതിനെ കാണണം.

നബി(സ) പറഞ്ഞു: 'തീർച്ചയായും മതം ലളിതമാണ്. മതകാര്യങ്ങളിൽ ആരെങ്കിലും അതിരുകടന്ന് കാഠിന്യം സ്വീകരിച്ചാൽ, ഒടുവിൽ അതവനു തന്നെ ഭാരമായിത്തീരും. അതിനാൽ, ശരിയായ വഴി സ്വീകരിക്കുക, കഴിയുന്നത്ര അതിനോട് അടുത്തുനിൽക്കുക, സന്തോഷവാർത്ത ഉൾക്കൊള്ളുക.' (ബുഖാരി: 39) അഥവാ, ഓരോരുത്തരും സ്വന്തം ശേഷിക്കും സാഹചര്യങ്ങൾക്കുമനുസരിച്ചാണ് ദീനിനെ ജീവിതത്തിൽ പകർത്തേണ്ടത്. ആവേശത്തിൽ സ്വയം അമിതഭാരങ്ങൾ ഏറ്റെടുക്കുന്നത് ഇസ്‌ലാം പ്രോത്സാഹിപ്പിക്കുന്നില്ല. 'ചെറുതാണെങ്കിലും സ്ഥിരമായി ചെയ്യുന്നതാണ് അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ട കർമം' എന്ന തിരുമൊഴിയും ഇതേ ആശയത്തെ ഊട്ടിയുറപ്പിക്കുന്നു. അതുകൊണ്ടുതന്നെ മിതത്വം ആത്മീയശോഷണത്തിന്റെ ലക്ഷണമല്ല; ദീർഘകാലം ആത്മീയജീവിതത്തെ സജീവമായി നിലനിർത്തുന്ന പ്രവാചകമാർഗമാണ്.



## ആരാധനകളിൽ

ആരാധനയുടെ ജീവൻ ആത്മാർഥതയാണ്. ആ ആത്മാർഥതയ്ക്ക് ശരിയായ ദിശയും അളവും നിർണയിക്കുന്നത് പ്രവാചകചര്യയാണ്. ശരീരത്തിന്റെയും കുടുംബത്തിന്റെയും സാമൂഹിക ഉത്തരവാദിത്തങ്ങളുടെയും അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള ആരാധനയാണ് ഇസ്‌ലാം വിശ്വാസിയിൽ വളർത്തിയെടു

ക്കുന്നത്. അതുകൊണ്ടുതന്നെ മതത്തിന്റെ പേരിൽ അതിരുകട ക്കുന്ന പ്രവണതകൾക്കെതിരെ തിരുനബി(സ) ശക്തമായ മുന്ന റിയിപ്പ് നൽകിയിട്ടുണ്ട്. 'അതി രുകടക്കുന്നവർ നശിച്ചുപോയി' എന്ന് അവിടുന്ന് ആവർത്തിച്ച് ഉണർത്തിയിട്ടുണ്ട്. (മുസ്‌ലിം: 2670) മറ്റൊരവസരത്തിൽ തിരുദൂ തർ(സ) പറഞ്ഞു: 'മതകാര്യങ്ങ ളിൽ പരിധിവിടുന്നവർ സൂക്ഷി ക്കുക. പൂർവ്വകാലസമൂഹങ്ങളെ നശിപ്പിച്ചത് മതത്തിലെ അതിരു കടക്കലായിരുന്നു.' (ഇബ്നുമാജ: 3029)

ഈ ദർശനത്തിന്റെ ഏറ്റവും മനോഹരമായ മാതൃക പ്രവാചക ജീവിതം തന്നെയാണ്. ആരാധന യിൽ ആത്മാർഥതയെ പ്രോത്സാ ഹിപ്പിച്ച അതേ തിരുനബി(സ), മനുഷ്യപ്രകൃതിക്കിണങ്ങുന്ന രീതിയിൽ അതിനെ ദീർഘകാലം നിലനിർത്താനാണ് വിശ്വാസി കളെ പരിശീലിപ്പിച്ചത്. സൈന ബ്(റ) രാത്രിനിസ്കാരത്തിനിടെ ക്ഷീണം അനുഭവപ്പെടുമ്പോൾ പിടിച്ചുനിൽക്കാൻ രണ്ട് തൂണു കൾക്കിടയിൽ ഒരു കയർ കെട്ടി വെച്ചു. അതുകണ്ട തിരുനബി(സ) പറഞ്ഞു: 'ആ കയർ അഴിച്ചു കളയുക. ഉന്മേഷമുള്ളപ്പോൾ നിസ്കരിക്കുക. ക്ഷീണം തോന്നി യാൽ വിശ്രമിക്കുക.' (ബുഖാരി: 1150) ആത്മാർഥതയെ നിലനിർ ത്താനുള്ള മാർഗം ശാരീരിക ക്ഷീണത്തെ അവഗണിക്കലല്ല, മാനിക്കലാണെന്ന് ഈ സംഭവം നമ്മെ പഠിപ്പിക്കുന്നു.

## വിശ്രമത്തിൽ

ഉറക്കം മനുഷ്യജീവിതത്തിന്റെ അനിവാര്യഘടകമാണ്. ശരീര ത്തിനും മനസ്സിനും പുതുജീവൻ നൽകുകയും ആരാധനയിൽ ഏകാഗ്രത പകരുകയും ചെയ്യുന്ന അല്ലാഹുവിന്റെ അനുഗ്രഹമാ യാണ് ഖുർആനും സുന്നത്തും വിശ്രമത്തെ പരിചയപ്പെടുത്തു ന്നത്. ഉന്മേഷമുള്ള മനസ്സിൽ നിന്നും ശരീരത്തിൽ നിന്നുമു യരുന്ന ഇബാദത്തിലൂടെയാണ് കൂടുതൽ ആത്മീയമാധുര്യവും കൈവരുന്നത്. അതുകൊണ്ടാണ് തിരുനബി(സ) ആരാധനയ്ക്കും വിശ്രമത്തിനും അവയുടേതായ

**ശരീരവും മനസ്സും കുടുംബവും ആത്മീയജീവി തവും ഒരുപോലെ പരിപാലിക്കപ്പെടുമ്പോഴാണ് ആരാധനകൾ ജീവിതത്തിൽ പ്രതിഫലനങ്ങൾ സൃഷ്ടിക്കുക. തൊഴിൽമേഖലയിലെ അമിതമായ തിരക്കും ഡിജിറ്റൽലോകത്തിന്റെ ഇടപെടലു കളും മനുഷ്യന്റെ വിശ്രമസമയം ഗണ്യമായി കുറച്ചിരിക്കുകയാണ്. അതിന്റെ ആഘാതം ആരോഗ്യത്തിലും മനസ്സിന്റെ ഏകാഗ്രതയിലും കുടുംബബന്ധങ്ങളിലും ആരാധനയുടെ ഗുണ നിലവാരത്തിലും ഒരുപോലെ പ്രകടമാണ്.**

സ്ഥാനം നൽകി ക്രമബദ്ധമായ ജീവിതശൈലി വിശ്വാസികളെ പ ഠിപ്പിച്ചത്.

തുടക്കത്തിൽ പരാമർശിച്ച മൂന്ന് സ്വഹാബിമാരുടെ സംഭവ ത്തിൽ, എല്ലാ രാത്രിയും ഉറക്ക മൊഴിഞ്ഞ് നിസ്കരിക്കുമെന്ന് തീരുമാനിച്ച സ്വഹാബിയോട് തിരുനബി(സ) സ്വന്തം ജീവിതം മാതൃകയാക്കി പറഞ്ഞത്: 'ഞാൻ രാത്രിയിൽ നിസ്കരിക്കുകയും വിശ്രമിക്കുകയും ചെയ്യുന്നു' എന്നാണ്. രാത്രിയുടെ ഒരു ഭാഗം റബ്ബുമായുള്ള ഏകാന്തസമാഗ മത്തിനും മറ്റൊരു ഭാഗം ശരീ രത്തിന്റെ വിശ്രമത്തിനുമായി ക്രമീകരിച്ച ഈ ജീവിതരീതി ആത്മീയതയും ശാരീരികാരോ ഗ്യവും പരസ്പരം പൂരകങ്ങളാ ണെന്ന് വ്യക്തമാക്കുന്നു.

ഇതേആശയം അബ്ദുല്ലാ ഹിബ്നു അംറ്(റ)വിനോടുള്ള തിരുനബി(സ)യുടെ ഉപദേശ ത്തിലും കാണാം. എല്ലാ ദിവസ വും നോമ്പും എല്ലാ രാത്രിയും നിസ്കാരവും പതിവാക്കിയിരുന്ന അദ്ദേഹത്തോട് തിരുനബി(സ) പറഞ്ഞു: 'നിന്റെ ശരീരത്തിന് ചില അവകാശങ്ങളുണ്ട്. നിന്റെ കണ്ണുകൾക്ക് അവകാശമുണ്ട്. നിന്റെ ഭാര്യയ്ക്കും അവകാശ മുണ്ട്. ഓരോ അവകാശിക്കും അവരുടെ അവകാശം നൽകുക.' (മുസ്‌ലിം: 1159) ജീവിതത്തെ ഒരൊറ്റ ആരാധനാരീതിയിലേക്ക് ചുരുക്കാതെ, വിവിധ ഉത്തരവാദി ത്തങ്ങളെ അവയുടെ സ്ഥാനത്ത്

ആദരിക്കാനാണ് ഈ ഹദീസ് പ ഠിപ്പിക്കുന്നത്. ശരീരവും മനസ്സും കുടുംബവും ആത്മീയജീവിത വും ഒരുപോലെ പരിപാലിക്ക പ്പെടുമ്പോഴാണ് ആരാധനകൾ ജീവിതത്തിൽ പ്രതിഫലനങ്ങൾ സൃഷ്ടിക്കുക.

തൊഴിൽമേഖലയിലെ അമി തമായ തിരക്കും ഡിജിറ്റൽലോക ത്തിന്റെ നിരന്തരമായ ഇടപെടലു കളും മനുഷ്യന്റെ വിശ്രമസമയം ഗണ്യമായി കുറച്ചിരിക്കുകയാണ്. അതിന്റെ ആഘാതം ആരോഗ്യ ത്തിലും മനസ്സിന്റെ ഏകാഗ്രത യിലും കുടുംബബന്ധങ്ങളിലും ആരാധനയുടെ ഗുണനിലവാര ത്തിലും ഒരുപോലെ പ്രകടമാണ്. ചിട്ടയാർന്ന ദിനചര്യയും മതി യായ വിശ്രമവും സ്വീകരിക്കു മ്പോൾ ആരാധനക്ക് പുതുമയും മനസ്സിന് തെളിച്ചവും ജീവിതത്തി ന് ക്രമവും കൈവരുന്നു. രാത്രി യിൽ ഇബാദത്തിലൂടെ റബ്ബുമാ യി ഹൃദയം ബന്ധിപ്പിക്കുകയും ആവശ്യമായ വിശ്രമത്തിലൂടെ ശരീരത്തിന് കരുത്ത് പകരുകയും പകൽ കുടുംബത്തിന്റെയും സമൂ ഹത്തിന്റെയും ഉത്തരവാദിത്ത ങ്ങൾ നിർവഹിക്കുകയും ചെയ്ത ജീവിതമായിരുന്നു തിരുനബി(സ) യുടേത്. ആത്മാവിനെയും ശരീ രത്തെയും ഒരേ ലക്ഷ്യത്തിലേക്ക് ചേർത്തുനയിക്കുന്ന ഈ സമഗ്ര മാതൃകയാണ് ഇസ്‌ലാം വിശ്വാ സികൾക്കു മുന്നിൽ അവതരിപ്പി ക്കുന്നത്. അതിനാൽ വിശ്രമവും ആരാധനയുടെ ഭാഗമാണ്.

> ഉപഭോക്തൃസംസ്കാരം മനുഷ്യന്റെ ആവശ്യങ്ങളെ ആഗ്രഹങ്ങളായും ആഗ്രഹങ്ങളെ അനിവാര്യതകളായും മാറ്റിക്കൊണ്ടിരിക്കുകയാണ്. പരസ്യങ്ങളും സമൂഹമാധ്യമങ്ങളും ജീവിതത്തെ പലപ്പോഴും പ്രദർശനത്തിന്റെ വേദിയാക്കുമ്പോൾ ചെലവഴിക്കലിന്റെ മാനദണ്ഡവും മാറുന്നു. ആവശ്യത്തെക്കാൾ പ്രതിച്ഛായയ്ക്ക് വിലകൽപ്പിക്കുന്ന പ്രവണത വ്യക്തികളെയും കുടുംബങ്ങളെയും സാമ്പത്തിക സമ്മർദ്ദങ്ങളിലേക്ക് നയിക്കുന്നു.




## ധനകാര്യങ്ങളിൽ

മനുഷ്യന്റെ കൈകളിലെത്തുന്ന സമ്പത്ത് അനുഗ്രഹമാണോ പരീക്ഷണമാണോ എന്ന് നിർണയിക്കുന്നത് അതിന്റെ വിനിയോഗത്തെ അടിസ്ഥാനമാക്കിയാണ്. അതുകൊണ്ടാണ് ഖുർആൻ സമ്പത്തിനെ ഒരു അമാനത്തായി പരിചയപ്പെടുത്തുകയും നീതിയോടെയും പക്വതയോടെയും കൈകാര്യം ചെയ്യാൻ വിശ്വാസിയെ പ്രേരിപ്പിക്കുകയും ചെയ്യുന്നത്. ഈ ബോധ്യമാണ് സാമ്പത്തിക ഇടപാടുകൾക്കും ആരാധനയുടെ മൂല്യം നൽകുന്നത്. അല്ലാഹുവിന്റെ യഥാർഥ ദാസന്മാരുടെ വിശേഷണങ്ങൾ വിവരിക്കുന്നിടത്ത് വിശുദ്ധ ഖുർആൻ പറയുന്നു: 'അവർ ചെലവഴിക്കുമ്പോൾ ധൂർത്ത് കാണിക്കുകയോ പിശുക്ക് കാണിക്കുകയോ ഇല്ല. രണ്ടിനുമിടയിലെ മിതമായ നിലപാടാണ് അവർ സ്വീകരിക്കുന്നത്.' (അൽഫുർഖാൻ: 67) ആവശ്യങ്ങൾ തിരിച്ചറിഞ്ഞും മുൻഗണനകൾ ക്രമപ്പെടുത്തിയും സാഹചര്യത്തിനനുസരിച്ച് ചെലവഴിക്കുന്ന പക്വമായ സമീപനം എന്നാണ് മുഫസ്സിറുകൾ ഈ സൂക്തത്തിലെ 'ഖവാമാ' എന്ന വാക്കിനെ വിശദീകരിച്ചത്.

ഒരിക്കൽ സഅ്ദ്(റ) വുളൂഅ് ചെയ്യുന്നതിനിടെ ആവശ്യത്തിലധികം വെള്ളം ഉപയോഗിക്കുന്നതു കണ്ടപ്പോൾ തിരുനബി(സ) ചോദിച്ചു: 'സഅ്ദേ, ഇത് അമിതവ്യയമാണല്ലോ?' ആശ്ചര്യപ്പെട്ട സഅ്ദ്(റ) ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, വുളൂഇലും അമിതവ്യയമുണ്ടോ?' അപ്പോൾ അവിടുന്ന് പറഞ്ഞു: 'അതേ, ഒഴുകുന്ന നദിയിൽ നിന്നാണെങ്കിലും.' (ഇബ്നുമാജ: 425) ജലത്തിന്റെ ഉപയോഗത്തെക്കുറിച്ചുള്ള നിർദ്ദേശം മാത്രമല്ല; മനുഷ്യന് ഏൽപ്പിക്കപ്പെട്ട എല്ലാ വിഭവങ്ങളെയും ഉത്തരവാദിത്തത്തോടെ കൈകാര്യം ചെയ്യണമെന്നുള്ള സന്ദേശമാണ് ഈ ഹദീസ് നൽകുന്നത്. സമൃദ്ധി പാഴാക്കാനുള്ള ന്യായീകരണമല്ലെന്നും, ലഭ്യമായ അനുഗ്രഹങ്ങളെ കരുതലോടെ ഉപയോഗിക്കുന്ന മനോഭാവമാണ് യഥാർഥ സമൃദ്ധിയെന്നും അനവധി പ്രവാചക മൊഴികളിൽ കാണാനാകും.

ഉപഭോക്തൃസംസ്കാരം മനുഷ്യന്റെ ആവശ്യങ്ങളെ ആഗ്രഹങ്ങളായും ആഗ്രഹങ്ങളെ അനിവാര്യതകളായും മാറ്റിക്കൊണ്ടിരിക്കുകയാണ്. പരസ്യങ്ങളും സമൂഹമാധ്യമങ്ങളും ജീവിതത്തെ പലപ്പോഴും പ്രദർശനത്തിന്റെ വേദിയാക്കുമ്പോൾ ചെലവഴിക്കലിന്റെ മാനദണ്ഡവും മാറുന്നു. ആവശ്യത്തെക്കാൾ പ്രതിച്ഛായയ്ക്ക് വിലകൽപ്പിക്കുന്ന പ്രവണത വ്യക്തികളെയും കുടുംബങ്ങളെയും സാമ്പത്തിക സമ്മർദ്ദങ്ങളിലേക്ക് നയിക്കുന്നു. അത്തരം സാഹചര്യത്തിൽ ഖുർആൻ മുന്നോട്ടുവെക്കുന്ന സാമ്പത്തിക അച്ചടക്കം മനുഷ്യനെ ആഗ്രഹങ്ങളുടെ അടിമയാക്കാതെ ലക്ഷ്യബോധമുള്ള ജീവിതത്തിലേക്ക് നയിക്കുന്നു. ചെലവുകൾക്ക് മുൻഗണന നിശ്ചയിക്കാനും സമ്പത്തിന് ദിശ നൽകാനും ഈ സമീപനം സഹായിക്കുന്നു. അതിന്റെ ഫലം വ്യക്തിയുടെ സാമ്പത്തിക സ്ഥിരതയിൽ മാത്രമല്ല, കുടുംബത്തിന്റെ സുരക്ഷയിലും സമൂഹത്തിന്റെ ക്ഷേമത്തിലും പ്രതിഫലിക്കുന്നു. അതുകൊണ്ടുതന്നെ സാമ്പത്തിക മിതത്വം വ്യക്തിപരമായ ശീലമോ സാമ്പത്തിക നൈപുണ്യമോ മാത്രമല്ല, അല്ലാഹു നൽകിയ അനുഗ്രഹങ്ങളെ ആദരിക്കുകയും അവയെ ഉത്തരവാദിത്തത്തോടെ വിനിയോഗിക്കുകയും ചെയ്യുകയെന്ന വിശ്വാസിജീവിതത്തിന്റെ അവിഭാജ്യഘടകമാണത്. സമ്പത്തിന്റെ യഥാർഥ മൂല്യം അതിന്റെ അളവിനപ്പുറം അത് സൃഷ്ടിക്കുന്ന നന്മയുടെ വ്യാപ്തിയിലാണെന്ന് തിരുനബി(സ) ജീവിതത്തിലൂടെ പഠിപ്പിച്ചിട്ടുണ്ട്.

## ദാനധർമ്മങ്ങളിൽ

അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ സ്വന്തം ആവശ്യങ്ങൾക്കു മാത്രമുള്ളതല്ലെന്ന തിരിച്ചറിവാണ് വിശ്വാസിയുടെ ഹൃദയത്തിൽ ഔദാര്യബോധം വളർത്തുന്നത്. അതോടൊപ്പം, ദാനം വൈകാരികാവേശത്തിൽ മാത്രമല്ല, ഉത്തരവാദിത്തബോധത്തിന്റെ വെളിച്ചത്തിലും നിർവഹിക്കപ്പെടേണ്ടതാണെന്ന പാഠവും ഇസ്‌ലാം നൽകുന്നു. ഒരാളുടെ സമ്പത്തിൽ അർഹരായ സമൂഹത്തിന്റെ അവകാശമുള്ളതുപോലെ സ്വന്തം കുടുംബത്തിന്റെയും അവകാശമുണ്ടെന്ന സമഗ്രബോധമാണ് ഈ സമീപനത്തിന്റെ അടിസ്ഥാനം.

അല്ലാഹു പറയുന്നു: 'നിന്റെ കൈ നീ പിരടിയിലേക്ക് ബന്ധിക്കപ്പെട്ടതാക്കരുത്. അത് മുഴുവനായങ്ങ് നീട്ടിയിടുകയും ചെയ്യരുത്. അങ്ങനെ ചെയ്യുന്ന പക്ഷം നീ നിന്ദിതനും കഷ്ടപ്പെട്ടവനുമായിരിക്കേണ്ടിവരും.' (സൂറത്തുൽ ഇസ്റാഅ്: 29). ഈ സൂക്തത്തിൽ ഖുർആൻ മനുഷ്യന്റെ സാമ്പത്തിക പെരുമാറ്റത്തിലെ രണ്ട് അതിരുകളെ വരച്ചുകാട്ടുകയാണ്. പിശുക്ക് സമ്പത്തിനെ മനുഷ്യന്റെ യജമാനനാക്കുമ്പോൾ, ധൂർത്ത് അതിനെ ലക്ഷ്യമില്ലാതെ ചിതറിക്കളയുന്നു. ഇതു രണ്ടിനുമിടയിൽ ആവശ്യങ്ങളും ഉത്തരവാദിത്തങ്ങളും കൃത്യമായി തൂക്കിനോക്കി പ്രവർത്തിക്കുന്ന പക്വമായ സമീപനമാണ് ഖുർആൻ വിശ്വാസിയിൽ വളർത്തിയെടുക്കുന്നത്.

സ്വന്തം കുടുംബത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുകയും ഭാവിയിലേക്കുള്ള കരുതൽ കൈവിടാതിരിക്കുകയും സമൂഹത്തിലെ അർഹരിലേക്ക് സഹായഹസ്തം നീട്ടുകയും ചെയ്യുന്ന ജീവിതശൈലിയിലാണ് ദാനത്തിന്റെ യഥാർത്ഥ സൗന്ദര്യം. അർഹമായ കൈകളിലേക്ക്, അനുയോജ്യമായ സമയത്ത്, ആത്മാർത്ഥതയോടെ എത്തിച്ചേരുന്ന സമ്പത്തിലാണ് അല്ലാഹു ബറകത്ത് നൽകുന്നതും. 'കോരുന്ന കിണറ്റിലേ വെള്ളമുണ്ടാകൂ' എന്നൊരു പഴമൊഴിയുണ്ടല്ലോ. എന്നാൽ, അകമഴിഞ്ഞുള്ള ദാനധർമ്മങ്ങൾ ഉത്തരവാദിത്തങ്ങളെ വിസ്മരിക്കുന്നതാകരുതെന്ന മുന്നറിയിപ്പും ഇസ്‌ലാം ഒരേസമയം നൽകുന്നു. ഈ തത്വത്തിന്റെ ഏറ്റവും മനോഹരമായ ഉദാഹരണമാണ് പ്രമുഖ സ്വഹാബി സഅ്ദുബ്നു അബീവഖാസ്(റ)വിന്റെ സംഭവം. രോഗാവസ്ഥയിൽ തന്റെ സമ്പത്തിന്റെ വലിയൊരു ഭാഗം അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കാൻ അദ്ദേഹം ആഗ്രഹിച്ചു. ആദ്യം മുഴുവൻ സമ്പത്തും ദാനം ചെയ്യാൻ അനുവാദം തേടി. അനുമതി ലഭിക്കാതിരുന്നപ്പോൾ പകുതിയാകാമെന്നായി. അപ്പോഴും വേണ്ടെന്ന് തിരുനബി(സ) പറഞ്ഞു. ഓരോ ഘട്ടത്തിലും തിരുനബി(സ) അദ്ദേഹത്തെ കൂടുതൽ പക്വമായ തീരുമാനത്തിലേക്കാണ് നയിച്ചത്. ഒടുവിൽ മൂന്നിലൊന്ന് ദാനം ചെയ്യാൻ അനുമതി നൽകിക്കൊണ്ട് അവിടുന്ന് പറഞ്ഞു: 'മൂന്നിലൊന്നു തന്നെ ധാരാളമാണ്. അനന്തരാവകാശികളെ സമ്പന്നരായ നിലയിൽ വിട്ടുപോകുന്നതാണ് ജനങ്ങളുടെ മുമ്പിൽ കൈ നീട്ടുന്നവരായി അവരെ വിട്ടുപോകുന്നതിനെക്കാൾ ഉത്തമം.' (ബുഖാരി: 2742)



തിരുനബി

സൈനുദ്ദീൻ ശാമിൽ ഇർഫാനി മാണൂർ

# സൽസ്വഭാവത്തിന്റെ താരകമാതൃകകൾ

തിരുനബി(സ)യുടെ ഇരുപത്തിമൂന്ന് വർഷക്കാലത്തെ പ്രബോധനജീവിതം ശ്രദ്ധേയമാണ്. സൽസ്വഭാവം കൊണ്ട് ജനങ്ങളെ അനായാസം കീഴടക്കാമെന്ന് ജീവിതത്തിലൂടെ അവിടുന്ന് തെളിയിച്ചു. ശിലാഹൃദയരായിരുന്ന അവിശ്വാസികളെപ്പോലും വശ്യമായ പെരുമാറ്റത്തിലൂടെ ഇസ്‌ലാമിലേക്ക് ആകർഷിക്കാൻ റസൂലിനു കഴിഞ്ഞു. വളരെ പരുഷമായി പെരുമാറിയിട്ടും തിരിച്ച് മൃദുലമായി പ്രതികരിച്ച നബി(സ)യുടെ വ്യക്തിത്വത്തിൽ ആകൃഷ്ടനായാണല്ലോ ജൂതനായിരുന്ന സൈദ് ഇസ്‌ലാം സ്വീകരിച്ചത്.

നിർമലസ്വഭാവം കൊണ്ടും നിഷ്കപട പെരുമാറ്റം കൊണ്ടും ആരുടെയും മനസ്സു മാറ്റാൻ സാധിക്കുമെന്നതിന് പ്രവാചക ജീവിതത്തിൽ നിരവധി ഉദാഹരണങ്ങൾ കാണാം. തിരുനബി(സ)യോടൊപ്പം ജീവിച്ച് അവിടുത്തെ അടുത്തറിഞ്ഞ സ്വഹാബികളും അതേ മാതൃകയാണ് പിന്തുടർന്നത്. തിരുനബി(സ)യോടുള്ള അദമ്യമായ സ്നേഹമാണ് അവരെ ആ നിലയിൽ ഉറപ്പിച്ചുനിർത്തിയത്. മുത്തുനബി(സ)യോടുള്ള ബന്ധത്തിന്റെ ഊഷ്മളത അവർക്കിടയിലുള്ള സ്നേഹത്തെ പരിപോഷിപ്പിച്ചു. ഇഷ്ടഭാജനം മനസ്സിൽ ചെലുത്തുന്ന സ്വാധീനത്തിന്റെ തോതനുസരിച്ച് സ്നേഹത്തിൽ തീവ്രത അനുഭവപ്പെടുന്നത് സ്വാഭാവികമാണല്ലോ.

സന്താനങ്ങളെയും മാതാപിതാക്കളെയും മറ്റു ഭൗതിക വസ്തുക്കളെയുമെല്ലാം മുത്തുനബി(സ)ക്കു വേണ്ടി അവർ ത്യജിച്ചു. ജീവിതത്തിലെ ഓരോ സന്ദർഭത്തിലും തിരുചര്യകൾ കൃത്യമായി പഠിക്കാനും പകർത്താനും അവർ താല്പര്യപ്പെട്ടു. തിരുസവിധത്തിൽ കൂടുതൽ സമയം ചെലവഴിച്ച് ഈ ലക്ഷ്യം നേടിയെടുക്കാൻ ഐഹിക തിരക്കുകളൊന്നും അവർക്ക് തടസ്സമായിരുന്നില്ല. തിരുനബി(സ)യോടുള്ള സ്നേഹാദരവുകൾ രക്തത്തിലും മജ്ജയിലും മാംസത്തിലും അലിഞ്ഞുചേർന്നവരായിരുന്നു സ്വഹാബികൾ. ഉള്ളിലുറച്ച നബിസ്നേഹം അവരുടെ ജീവിതത്തെയാകമാനം മാറ്റിമറിച്ചു. ദുസ്വഭാവങ്ങളുടെ അടിമകളായിരുന്നവർ ഇസ്‌ലാം സ്വീകരിച്ചതിനു ശേഷം സൽസ്വഭാവങ്ങളുടെ മാതൃകകളായിത്തീർന്നു. പ്രവാചകസ്നേഹത്തെ എങ്ങനെ അനുഭൂതിയും അനുഗ്രഹവുമാക്കി മാറ്റാമെന്നത് നിരവധി സ്വഹാബിമാർ സ്വന്തം ജീവിതത്തിലൂടെ നമ്മെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ വായിക്കാം.

## ഉമറുബ്നു ഖത്ത്വാബ്(റ)

അജ്ഞാനകാലത്ത് ഇസ്‌ലാമിന്റെ ബദ്ധവൈരിയായിരുന്നു ഉമറുബ്നു ഖത്വാബ്(റ). അക്രമവും മദ്യപാനവും കുലത്തൊഴിലാക്കിയ കുടുംബത്തിൽ നിന്നുള്ള വീരൻ. വിശ്വാസികളെ കഠിനമായി ആക്രമിച്ചിരുന്ന അദ്ദേഹം ജാഹിലിയ്യാ കാലത്തെ കുപ്രസിദ്ധ കുറ്റവാളി കൂടിയായിരുന്നു. ശക്തമായ ചൂടുള്ള ഒരു നാൾ തിരുനബി(സ)യെ വധിക്കുമെന്ന് ശപഥം ചെയ്തിറങ്ങിയ ഉമർ(റ) വഴിയിൽ സുഹൃത്തിനെ കണ്ടുമുട്ടി. 'ഇബ്നുഖത്താബ്, നിങ്ങളറിയാതെ നിങ്ങളുടെ വീട്ടിൽ മുഹമ്മദിന്റെ മതം കയറിപ്പാർത്തിരിക്കുന്നല്ലോ' എന്ന് അയാൾ ഉമർ(റ)വിനോട് പറഞ്ഞു.

കേട്ടയുടനെ ഉമർ(റ) കോപാകുലനായി സഹോദരിയുടെ വീട്ടിലേക്ക് കുതിച്ചു. വാതിലിൽ മുട്ടി. അപ്പോൾ സഹോദരി ഖുർആൻ പാരായണത്തിലായിരുന്നു. സഹോദരന്റെ ശബ്ദം കേട്ടപ്പോൾ മഹതി ഖുർആൻ ഒളിപ്പിച്ചുവെച്ചു. കതക് തുറന്നപ്പോൾ ഒന്നും പറയാതെ അദ്ദേഹം സഹോദരിയുടെ തലക്കടിച്ചു. അവരുടെ തലയിൽ നിന്ന് രക്തമൊഴുകി. അതു കണ്ടപ്പോൾ ഉമറിന്റെ മനം നൊന്തു. ചെറിയ സംസാരങ്ങൾക്കു ശേഷം അവിടെ പാരായണം നടത്തിയതിനെക്കുറിച്ചു ചോദിച്ചറിഞ്ഞു. സൂറത്തുത്വാഹാ ഒന്നു മുതൽ എട്ടു വരെയുള്ള സൂക്തങ്ങൾ ഓതിക്കേട്ടു. അതോടെ ഉമർ(റ)വിന്റെ ഹൃദയത്തിൽ വിശ്വാസത്തിന്റെ ഒളി മിന്നി. തിരുസവിധത്തിലെത്തി ഇസ്‌ലാം സ്വീകരിച്ചു.

അതോടെ ഉമർ(റ)വിന്റെ സ്വഭാവവും സംസ്കാരവും മാറി. ഹൃദയം നൈർമല്യമുള്ളതായി. ജീവിതം ലാളിത്യമുള്ളതായി. ഏറെ വിനയാന്വിതനും സംസ്കാരസമ്പന്നനുമായി മാറി. അഹങ്കാരവും കുടുംബമഹിമയും പറഞ്ഞ് പോരാട്ടങ്ങൾക്ക്



ജാഹിലിയ്യാ കാലഘട്ടത്തിലെ കുപ്രസിദ്ധ കവർച്ചക്കാരായിരുന്നു ഗിഫാരികൾ. ഗിഫാരികൾ അക്കാലത്ത് മക്കയിലെയും പരിസരപ്രദേശങ്ങളിലെയും ജനങ്ങളുടെ പേടിസ്വപ്നമായിരുന്നു. പ്രസ്തുത ജനതയിൽ നിന്നാണ് അബൂദർ(റ) ഇസ്‌ലാമിന്റെ സുന്ദരതീരത്തേക്ക് കടന്നുവന്നത്. ഇസ്‌ലാമാശ്ലേഷത്തോടെ തിന്മകളുടെ പ്രഭവകേന്ദ്രമായ ജന്മനാടിനെ നന്മയുടെ സങ്കേതമാക്കി പരിവർത്തിപ്പിക്കാൻ അബൂദർ(റ)വിന് സാധിച്ചു.

നേതൃത്വം കൊടുത്തിരുന്ന വീരൻ വിനയത്തിന്റെ ആൾരൂപമായി മാറി. പ്രവിശാലമായ ഇസ്‌ലാമിക സാമ്രാജ്യത്തിന്റെ അധിപനായിട്ടുപോലും ഭക്ഷണം, വസ്ത്രം, ജീവിത സൗകര്യങ്ങൾ തുടങ്ങിയവയിലെല്ലാം ലാളിത്യത്തിന്റെ നിസ്തുല മാതൃക കാഴ്ചവച്ചു. ആഡംബരങ്ങളും സുഖസൗകര്യങ്ങളും കൊട്ടാരങ്ങളും കാൽക്കീഴിൽ വന്നുചേർന്നപ്പോഴും മരച്ചുവട്ടിലും വെറും നിലത്തും കിടന്നുറങ്ങി. സാധുസംരക്ഷണം ജീവിതദൗത്യമായി സ്വീകരിച്ചു. പരിചരിക്കാനാളില്ലാത്ത ശയ്യാവലംബികളായ വൃദ്ധരോഗികളെ ഇരുളിന്റെ മറവിൽ ആരും കാണാതെ ചെന്നു ശുശ്രൂഷിച്ചു. യാത്രാമധ്യേ പേറ്റുനോവനുഭവിച്ച സ്ത്രീയെ കണ്ടപ്പോൾ വീട്ടിലേക്കോടി ഭാര്യയെയും കൂട്ടി വന്ന് അവർക്കുവേണ്ട കാര്യങ്ങളെല്ലാം ഏർപ്പാട് ചെയ്തുകൊടുത്തു.

വിശന്നു കരയുന്ന കുഞ്ഞുങ്ങളെ ആശ്വസിപ്പിക്കാൻ പാത്രത്തിൽ വെള്ളം ചൂടാക്കിയിളക്കിക്കൊണ്ടിരിക്കുന്ന മാതാവിന്റെ സവിധത്തിൽ ഉമർ(റ) എത്തിയ രംഗം ചരിത്രത്തിലുണ്ട്. ഭക്ഷ്യശേഖരത്തിൽ നിന്ന് ഒരു ചാക്ക് ഗോതമ്പുപൊടിയും ആവശ്യമായ നെയ്യും സ്വന്തം പിരടിയിൽ ചുമന്ന് കൊണ്ടുവന്നാണ് ആ വീട്ടുകാർക്ക് ഭക്ഷണം പാകം ചെയ്തു കൊടുത്തത്.

## അബൂദറുൽ ഗിഫാരി(റ)

ജാഹിലിയ്യാ കാലഘട്ടത്തിലെ കുപ്രസിദ്ധ കവർച്ചക്കാരായിരുന്നു ഗിഫാരികൾ. വഴിയിലൂടെ സഞ്ചരിക്കുന്ന യാത്രാസംഘങ്ങളെ കടന്നാക്രമിച്ച് പണം കവർന്നെടുത്ത് ജീവിതം നയിക്കുന്നവർ. ഗിഫാരികൾ അക്കാലത്ത് മക്കയിലെയും പരിസരപ്രദേശങ്ങളിലെയും ജനങ്ങളുടെ പേടിസ്വപ്നമായിരുന്നു. പ്രസ്തുത ജനതയിൽ നിന്നാണ് അബൂദർ(റ) ഇസ്‌ലാമിന്റെ സുന്ദരതീരത്തേക്ക് കടന്നുവന്നത്. ഇസ്‌ലാമാശ്ലേഷത്തോടെ തിന്മകളുടെ പ്രഭവകേന്ദ്രമായ ജന്മനാടിനെ നന്മയുടെ സങ്കേതമാക്കി പരിവർത്തിപ്പിക്കാൻ അബൂദർ(റ)വിന് സാധിച്ചു. തിരുനബി(സ)യുടെ നിർദ്ദേശപ്രകാരം അദ്ദേഹം ഗിഫാരികൾക്കിടയിൽ ഇസ്‌ലാം പരിചയപ്പെടുത്തിയതോടെ ആ പ്രദേശം മുഴുവൻ സ്നേഹത്തിന്റെയും സമാധാനത്തിന്റെയും കളിത്തൊട്ടിലായി മാറി.

അനധികൃതമായി സ്വത്ത് സമ്പാദിച്ചിരുന്ന ഗിഫാരികൾക്കിടയിൽ നിന്നു വന്ന അബൂദർ(റ) ധനഭ്രമത്തിനെതിരെ സമൂഹത്തെ ബോധവൽക്കരിക്കുന്നതാണ് പിന്നീട് കണ്ടത്. സമ്പത്ത് ധനികർക്ക് ആർഭാടമാക്കാനുള്ളതല്ലെന്നും ദരിദ്രരുടെ അവകാശം കൊടുത്തുവീട്ടണമെന്നും അദ്ദേഹം നിരന്തരം സമൂഹത്തെ ബോധ്യപ്പെടുത്തിക്കൊണ്ടിരുന്നു. ശാമിലെ ഗവർണറായ മുആവിയ(റ)വിന്റെ സാമ്പത്തിക വിനിമയങ്ങളിൽ അനീതികാണാനിടയായ

അബൂദർ(റ) അതിനെ ശക്തമായി എതിർത്തു. അബൂദർ(റ)വിന്റെ വാക്കും പ്രവൃത്തിയും ഒന്നാണോ എന്ന് പരിശോധിക്കാൻ ഒരിക്കൽ മുആവിയ(റ) തന്റെ ഭൃത്യന്റെ കൈവശം ആയിരം ദീനാർ കൊടുത്തയച്ചു പരീക്ഷിച്ചു. ലഭിച്ച പണം മുഴുവൻ അദ്ദേഹം അന്നു തന്നെ ദരിദ്രജനങ്ങൾക്ക് ദാനം ചെയ്തു. രണ്ടു ദിവസത്തിനു ശേഷം, താൻ നൽകിയ പണക്കിഴി മാറിപ്പോയതാണെന്നും അത് നിങ്ങൾക്ക് നൽകാനുള്ളതായിരുന്നില്ലെന്നും മറ്റൊരാൾക്ക് നൽകാനാണ് താൻ കൊടുത്തുവിട്ടതെന്നും പറഞ്ഞ് തിരികെ വാങ്ങാൻ മുആവിയ(റ) ഭൃത്യനെ അയച്ചു. അപ്പോൾ അബൂദർ(റ) പറഞ്ഞു: 'എന്റെ പക്കൽ അതിൽനിന്ന് ഒരു ദിനാർ പോലും ബാക്കിയില്ല. എല്ലാം ഞാൻ പാവപ്പെട്ടവർക്ക് നൽകിക്കഴിഞ്ഞു. മൂന്നുദിവസം സമയം തന്നാൽ ഞാൻ പണം തിരികെ നൽകാം.' പ്രതികരണമറിഞ്ഞ മുആവിയ(റ)വിന് അബൂദർ(റ)വിന്റെ സത്യസന്ധത ബോധ്യപ്പെടുകയും മഹാനവർകളുടെ വാദഗതികൾ സമ്പൂർണ്ണമായി അംഗീകരിക്കുകയും ചെയ്തു.

തബൂക്ക്‌യുദ്ധത്തിനു പോകുമ്പോൾ ശക്തമായ ചുടുകാറ്റിൽപ്പെട്ട് അബൂദർ(റ) ഒറ്റപ്പെട്ടുപോയി. ഒടുവിൽ വളരെയേറെ ത്യാഗം സഹിച്ച് കാൽനടയായി അദ്ദേഹം തിരുനബി(സ)യുടെ സവിധത്തിലെത്തി. ഇതു കണ്ട തിരുനബി(സ) കൂടെ നിന്നവരോട് പറയുകയുണ്ടായി: 'അല്ലാഹു അബൂദറിനെ അനുഗ്രഹിക്കട്ടെ. അദ്ദേഹം ഏകനായി വരുന്നു. ഏകനായി മരിക്കും. ഏകനായി തന്നെ പുനർജനിക്കുകയും ചെയ്യും.' മരണാസന്നനായപ്പോൾ പരിചരിക്കാൻ മറ്റാരുമില്ലാത്തതിനാൽ അബുദർ(റ)വിന്റെ ഭാര്യ പ്രയാസപ്പെട്ടു. അപ്പോൾ 'നീ പുറത്തുപോയി വല്ല യാത്രാസംഘവും വരുന്നുണ്ടോ എന്നന്വേഷിക്കൂ' എന്നു പറഞ്ഞ് ഭാര്യയെ പുറത്തേക്കയച്ചു. അതിനിടെ തിരുനബി(സ)യുടെ പ്രവചനം യാഥാർത്ഥ്യമാക്കി ഏകാന്തനായി അബുദർ(റ) മരണപ്പെട്ടു.



## അംറുബ്നു ആസ്വ്(റ)

ഒരുകാലത്ത് ഇസ്‌ലാമിനെയും മുസ്‌ലിംകളെയും കഠിനമായി ദ്രോഹിച്ച വ്യക്തിയാണ് അംറുബ്നു ആസ്(റ). ഇദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള ഖുറൈശീസംഘത്തിന്റെ അക്രമം സഹിക്കവയ്യാതെയാണ് മുസ്‌ലിംകൾ അബ്സീനിയയിലേക്ക് പലായനം ചെയ്തത്. എന്നിട്ടും ഖുറൈശികൾക്ക് മതിയായില്ല. പലായനം ചെയ്ത വിശ്വാസികളെ തിരിച്ചയക്കണമെന്നാവശ്യപ്പെട്ട് അബ്സീനിയിലേക്കു പോയ ഖുറൈശീസംഘത്തിൽ അംറുബ്നു ആസ്വുമുണ്ടായിരുന്നു.

ഇസ്‌ലാമിനോട് തീർത്താൽ തീരാത്ത പകയുള്ള വ്യക്തിയായിരുന്നു അദ്ദേഹം. മക്കാവിജയത്തിന്റെ അല്പം മുമ്പാണ് ഇസ്‌ലാമിലേക്കു വന്നത്. അതോടെ അംറ്(റ)വിന്റെ ജീവിതശൈലി തന്നെ മാറി. വ്യക്തിജീവിതം നല്ലതായി മാറി. ഉന്നത സ്വഭാവമൂല്യങ്ങൾ പൂർണ്ണമായും ഉൾക്കൊണ്ടു. എല്ലാവരോടും മാന്യമായി പെരുമാറാനും മറ്റുള്ളവരുടെ വേദനയും സന്തോഷവും മനസ്സിലാക്കാനും അതിനനുസരിച്ച് പ്രതികരിക്കാനുമുള്ള കഴിവ് ആർജിച്ചെടുത്തു. വാക്കിലും പ്രവൃത്തിയിലും സുതാര്യത വച്ചുപുലർത്തി. ദൃഢവിശ്വാസവും അസാമാന്യമായ പ്രവർത്തന മികവും കൈമുതലാക്കിയ അദ്ദേഹം ഇസ്‌ലാമിന്റെ അന്തസ്സ് വർദ്ധിപ്പിക്കുന്നതിനാവശ്യമായ കാര്യങ്ങളിൽ സജീവമായി.

ഇസ്‌ലാമിന്റെയും പ്രവാചകരുടെയും ബദ്ധവൈരിയായിരുന്ന ഇക്‌രിമ(റ) അബൂജ ഹ്‌ലിന്റെ മകനാണ്. അഹങ്കാരം, ദുരഭിമാനം, ക്രൂരത തുടങ്ങിയ ദുർഗുണങ്ങളുടെയെല്ലാം പ്രതിരൂപമായിരുന്ന പിതാവിന്റെ ഇഷ്ടപുത്രൻ. ഇക്‌രിമക്ക് ഏതാണ്ട് മുപ്പതുവയസ്സ് പ്രായമു ള്ളപ്പോഴാണ് തിരുദൂതർ(സ) പരസ്യപ്രബോ ധനമാരംഭിക്കുന്നത്. സഅദുബ്നുഅബീവഖാ സ്(റ), മുസ്അബുബ്നു ഉമൈർ(റ) തുടങ്ങിയ സമകാലികരെല്ലാം ദീനിൽ വിശ്വസിച്ചപ്പോൾ ഇക്‌രിമ എതിർപക്ഷത്തു തന്നെ നിലകൊണ്ടു.

## ഇക്‌രിമതുബ്നു അബീജഹ്‌ൽ(റ)

ഇസ്‌ലാമിന്റെയും പ്രവാചകരുടെയും ബദ്ധവൈരിയായിരുന്ന ഇക്‌രിമ(റ) അബൂജഹ്‌ലിന്റെ മകനാണ്. അഹങ്കാരം, ദുരഭിമാനം, ക്രൂരത തുടങ്ങിയ ദുർഗുണങ്ങളുടെയെല്ലാം പ്രതിരൂപമായിരുന്ന പിതാവിന്റെ ഇഷ്ടപുത്രൻ. ഇക്‌രിമക്ക് ഏതാണ്ട് മുപ്പതുവയസ്സ് പ്രായമുള്ളപ്പോഴാണ് തിരുദൂതർ(സ) പരസ്യപ്രബോധനമാരംഭിക്കുന്നത്. സഅദുബ്നുഅബീവഖാസ്(റ), മുസ്അബുബ്നു ഉമൈർ(റ) തുടങ്ങിയ സമകാലികരെല്ലാം ദീനിൽ വിശ്വസിച്ചപ്പോൾ ഇക്‌രിമ എതിർപക്ഷത്തു തന്നെ നിലകൊണ്ടു. പിതാവിന്റെ നിർദ്ദേശങ്ങൾക്കു വഴങ്ങി തിരുനബി(സ)യോടും അനുചരരോടും കഠിനശത്രുത വെച്ചുപുലർത്തി. പിതാവിന്റെ പാത പിന്തുടർന്ന് പ്രവാചകനെയും അനുയായികളെയും കഠിനമായി ദ്രോഹിച്ചു.

സത്യവിശ്വാസികളോട് കടുത്ത വിദ്വേഷം വച്ചുപുലർത്തിയിരുന്ന അദ്ദേഹം മക്കാവിജയത്തോടെ ഇസ്‌ലാമിലേക്കു വന്നു. തിരുനബി(സ)യുടെ ഉറ്റ അനുയായികളിലൊരാളായി മാറി. മറ്റുള്ളവരെ ആദരിക്കാനും സർവ്വസൃഷ്ടികളോടും സ്നേഹം കാണിക്കാനും തുടങ്ങി. സത്യത്തിന്റെയും ന്യായത്തിന്റെയും പക്ഷത്തു നിൽക്കാനും സന്മാർഗികളുടെ കൂട്ടായ്മയിൽ ചേർന്നു പ്രവർത്തിക്കാനും തയ്യാറായി. അത്യുന്നത സ്വഭാവമൂല്യങ്ങൾ മരണം വരെ ജീവിതത്തിൽ കൊണ്ടുനടക്കാൻ ഇസ്‌ലാമാശ്ലേഷം അവർക്ക് സഹായകമായി. എല്ലാ രംഗങ്ങളിലും തന്റെ പൂർവ്വകാല ശത്രുതയെ കവച്ചുവയ്ക്കുന്ന പ്രതിബദ്ധതയാണ് പിന്നീടദ്ദേഹം കാണിച്ചത്.

## ഖാലിദുബ്നു വലീദ്(റ)

മക്കയിലെ ഖുറൈശ് ഗോത്രത്തിലെ പുകൾപെറ്റ മഖ്സൂം കുടുംബത്തിൽ ജനിച്ച ഖാലിദ്, ജാഹിലിയ്യ കാലഘട്ടത്തിലെ സാഹിത്യവിസ്മയം എന്നറിയപ്പെട്ട വലീദുബ്നു മുഗീറയുടെ മകനാണ്. സത്യവിശ്വാസികൾക്കെതിരെ പലപ്പോഴും അദ്ദേഹം പട നയിച്ചിട്ടുണ്ട്. ഉഹ്ദ് യുദ്ധത്തിൽ ശത്രുപക്ഷത്തിന്റെ ബുദ്ധികേന്ദ്രം ഖാലിദായിരുന്നു. ഉഹ്ദ് രണാങ്കണത്തിൽ തിരുനബി(സ) നിയോഗിച്ച അമ്പെയ്ത്തുകാരുടെ പിഴവ് മുതലെടുത്ത് വിശ്വാസികളെ ആക്രമിക്കുന്നതിന് നേതൃത്വം നൽകിയതും ഖാലിദായിരുന്നു. ഇസ്‌ലാമിലേക്കു വന്നശേഷം തന്റെ എല്ലാ ശേഷിയും അദ്ദേഹം ഇസ്‌ലാമിക സേവനത്തിനുവേണ്ടി മാറ്റിവെച്ചു. സത്യത്തിന്റെയും ന്യായത്തിന്റെയും വിട്ടുവീഴ്ചയില്ലാത്ത വക്താവായി മാറി. മക്കാവിജയ യാത്രയിലും മുഅ്ത യുദ്ധത്തിലുമെല്ലാം മുസ്‌ലിം സൈന്യത്തെ അപകട സാഹചര്യത്തിൽ നിന്ന് രക്ഷിച്ചത് അദ്ദേഹമാണ്. ആഭ്യന്തര കലാപവേളകളിൽ സൈന്യത്തിന്റെ അമരത്തുനിന്ന് പടപൊരുതി ധർമ്മത്തിനും നീതിക്കും വേണ്ടി അഹോരാത്രം പരിശ്രമിച്ച മഹാനവർകൾ അല്ലാഹുവിന്റെ വാൾ എന്ന അപരനാമത്തിലാണ് അറിയപ്പെട്ടത്.

## വഹ്ശി ഇബ്നുഹർബ്(റ)

ശക്തനും ധീരനും ആയുധമുറകളിൽ നിപുണനുമായിരുന്നു വഹ്ശി. തിരുനബി(സ)യുടെ പിതൃവ്യനായ ഹംസ(റ)വിനെ വധിച്ചാൽ അടിമത്തത്തിൽ നിന്ന് മോചിപ്പിക്കാമെന്ന യജമാനന്റെ വാക്കുകേട്ട് യാതൊരു മടിയുമില്ലാതെ അതിനു മുന്നിട്ടിറങ്ങിയ പരാക്രമിയായിരുന്നു അദ്ദേഹം. വഹ്ശി പിന്നീട് ഇസ്‌ലാം സ്വീകരിച്ച് തിരുനബി(സ)യുടെ സന്തത സഹചാരിയായതോടെ കാര്യമായ സ്വഭാവമാറ്റം ദൃശ്യമായി. വാക്കിലും പ്രവൃത്തിയിലും സത്യം പാലിച്ചു. മാനുഷിക ബന്ധങ്ങളെ ദൃഢമാക്കാനും പരസ്പരസ്നേഹം വളർത്താനും മുന്നിട്ടിറങ്ങി. നല്ല ശീലങ്ങളിലൂടെയും മൂല്യങ്ങളിലൂടെയും വ്യക്തിത്വത്തെ മനോഹരമാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. തിരുനബി(സ)ക്കും മതത്തിനും താൻ ഏൽപിച്ച ദുരന്തങ്ങളോർത്ത് അദ്ദേഹം മരണം വരെ അസ്വസ്ഥനായിരുന്നു.

അബൂസുഫ്‌യാനുബ്നു ഹർബ്(റ), ഹകീമുബ്നു ഹിസാം(റ), അബൂമിഹജൻ അസ്സഖഫി(റ), സുമാമതുബ്നു ഉസാൽ(റ) തുടങ്ങിയവരിലും ഇസ്‌ലാമിലേക്ക് കടന്നു വന്നപ്പോ ഴുണ്ടായ മാറ്റം വിസ്മയകരമാണ്. തിരുനബി(സ)യോടുള്ള സഹവാസമാണ് അവരുടെ ജീവിതത്തിൽ മാറ്റങ്ങളുണ്ടാക്കിയത്.

ചോദ്യോത്തരം/ ഹനഫീ

ഡോ. അബ്ദുൽഹകീമിൽ കനാഫലി

# മഹ്റമില്ലാതെ ഉംറ ചെയ്യാമോ?

***ചോദ്യം: ഓൺലൈനിൽ കേൾക്കുന്ന പ്രഭാഷണങ്ങൾക്കിടയിൽ നബി(സ)യുടെ പേരു കേൾക്കുമ്പോൾ സ്വലാത്ത് ചൊല്ലേണ്ടതുണ്ടോ?***
**സുമാന സ്വാലിഹ്**

ഉത്തരം: ഓൺലൈനിൽ ലൈവായി നടക്കുന്ന പരിപാടികൾ തത്സമയ സംപ്രേഷണമായതിനാൽ അത്തരം പരിപാടികളിലൂടെ നബി(സ)യുടെ പേരു കേൾക്കുമ്പോൾ സ്വലാത്ത് ചൊല്ലുകയും മഹാന്മാരുടെ പേരുകൾക്ക് തർളിയത്ത് ചൊല്ലുകയും വേണം. എന്നാൽ തത്സമയ സംപ്രേഷണമല്ലാത്ത രീതിയിൽ റെക്കോർഡായും മറ്റുമുള്ള പരിപാടികൾക്ക് ഇത് ബാധകമല്ലെന്നാണ് താഴെ പറയുന്ന മസ്അലയിൽ നിന്ന് മനസ്സിലാകുന്നത്.

'തത്ത പോലുള്ള പക്ഷി വിശുദ്ധ ഖുർആനിലെ സജ്ദയുടെ ആയത്ത് പാരായണം ചെയ്യുന്നത് കേൾക്കുകയോ പ്രസ്തുത ആയത്ത് മനുഷ്യൻ ഓതുന്നതിന്റെ പ്രതിധ്വനി കേൾക്കുകയോ ചെയ്താൽ അത് കേൾക്കുന്നവർക്ക് സുജൂദ് ചെയ്യൽ നിർബന്ധമില്ല. കാരണം അവ രണ്ടിനും വിവേകബുദ്ധിയില്ല.' (ബദാഇഉസ്സ്വനാഇഅ് 2/69) എങ്കിലും, ഇത്തരം പരിപാടികളിലൂടെ നബി(സ)യുടെ പേര് കേൾക്കുമ്പോൾ സ്വലാത്ത് ചൊല്ലുകയോ മഹാന്മാരുടെ പേരുകൾക്ക് തർളിയത്ത് ചൊല്ലുകയോ ചെയ്താൽ പ്രതിഫലം ലഭിക്കുന്നതാണ്.

***ചോദ്യം: മഹറമില്ലാതെ ഉംറ ബാച്ചിനോടൊപ്പം ഉംറ നിർവഹിക്കാൻ യാത്ര ചെയ്യുന്നതിന്റെ വിധിയെന്താണ്? ഇങ്ങനെയുള്ള ഉംറ സ്വഹീഹാകുമോ, സ്വീകരിക്കപ്പെടുമോ?***
**ജലാലുദ്ദീൻ, കരുനാഗപ്പള്ളി**

ഉത്തരം: മഹ്റമോ ഭർത്താവോ കൂടെയില്ലാതെ സ്ത്രീ ഹജ്ജിന് പുറപ്പെടാൻ പാടില്ല. അവരിലൊരാൾ കൂടെയില്ലാതെ സ്ത്രീ നിർവഹിക്കുന്ന ഹജ്ജ് സ്വഹീഹാകുമെങ്കിലും കുറ്റകരമായ കറാഹത്താണ്. (അൽ ജൗഹറത്തുന്നയ്യിറഃ 1/180,181)

ഉംറ നിശ്ചിത കാര്യങ്ങളിലൊഴികെ ഹജ്ജ് പോലെ തന്നെയാണ്. (നൂറുൽ ഈളാഹ്, പേ. 60) ആയതിനാൽ, മഹ്റമോ ഭർത്താവോ കൂടെയില്ലാതെ സ്ത്രീ ഉംറക്ക് പുറപ്പെടാൻ പാടില്ല. അവരിൽ ഒരാൾ കൂടെയില്ലാതെ അവൾ ഉംറ നിർവഹിച്ചാൽ സ്വഹീഹാകുമെങ്കിലും കുറ്റകരമായ കറാഹത്താണ്.

***ചോദ്യം: വാഹനം ലോണായി (ഫിനാൻസ് പ്രകാരം) വാങ്ങുന്നതിന്റെ വിധിയെന്താണ്?***
**മുസമ്മിൽ, പാലക്കാട്**

ഉത്തരം: നിശ്ചിത തുക അധികം പലിശയായി നൽകണമെന്ന നിബന്ധന അംഗീകരിച്ചുകൊണ്ട് ഏതെങ്കിലും ബാങ്കിൽ നിന്ന് പണം കടമെടുത്ത് വാഹനത്തിന്റെ വില നൽകുന്ന രൂപമാണല്ലോ ഇത്. കടം നൽകുന്നയാൾക്ക് അധികം പണമോ മറ്റെന്തെങ്കിലും ഉപകാരങ്ങളോ നിബന്ധന വെച്ചുകൊണ്ട് കടം വാങ്ങുന്നത് ഹറാമാണ്. (അൽദുർറുൽ മുഖ്താർ 5/291) ആയതിനാൽ ഈ രീതിയിൽ വാഹനം വാങ്ങുന്നത് അനുവദനീയമല്ല.

***ചോദ്യം: നമ്മുടെ മദ്ഹബിലും ശാഫിഈ മദ്ഹബിലും ഇഖാമത്തിന്റെ ലഫ്ളുകളുടെ എണ്ണത്തിൽ വ്യത്യാസം വരാനുള്ള കാരണമെന്താണ്?***
**നൂറുദ്ദീൻ, കാഞ്ഞിരപ്പള്ളി**

ഉത്തരം: ആകാശത്തു നിന്നിറങ്ങി വന്ന ഒരു മലക്ക് ഇഖാമത്ത് കൊടുത്ത പ്രസിദ്ധമായ സംഭവം പരാമർശിക്കുന്ന ഹദീസിൽ ഇഖാമത്തിന്റെ പദങ്ങൾ ബാങ്കിലേതു പോലെ ആവർത്തിച്ചു എന്നതിനെ അടിസ്ഥാനപ്പെടുത്തിയാണ് ഇഖാമത്തിന്റെ പദങ്ങൾ ഹനഫീ മദ്ഹബിൽ ബാങ്കിലേതു പോലെ ആവർത്തിക്കുന്നത്. എന്നാൽ, നബി(സ) ബിലാൽ(റ)വിനോട് ബാങ്കിന്റെ പദങ്ങൾ ആവർത്തിക്കാനും ഇഖാമത്തിന്റെ പദങ്ങൾ ആവർത്തിക്കാതെ ഓരോ തവണ പറയാനും കൽപ്പിച്ചതായി അനസ്(റ) നിവേദനം ചെയ്ത ഹദീസിനെ അടിസ്ഥാനപ്പെടുത്തിയാണ് ഇഖാമത്തിന്റെ പദങ്ങൾ ശാഫിഈ മദ്ഹബിൽ ഓരോ തവണ പറയുന്നത്. (അൽഇനായഃ 1/395)

തിരുനബി

സിയാദ് സഖാഫി പാറന്നൂർ

# റസൂലുറങ്ങിയ ഭവനങ്ങൾ




മനുഷ്യന്റെ മാനസികാവസ്ഥയെയും സംസ്കാരത്തെയും പെരുമാറ്റങ്ങളെയും ഗാർഹികാന്തരിക്ഷം ആഴത്തിൽ സ്വാധീനിക്കും. സൗകര്യപൂർണ്ണമായ ജീവിതത്തിന് അനിവാര്യമാണ് ഭവനവും അനുബന്ധ സൗകര്യങ്ങളും. ഭവനനിർമ്മാണത്തിലും രൂപകൽപ്പനയിലും വിശ്വാസികൾക്ക് അനുകരണീയമായ മാതൃക കാണിച്ചുതന്ന നേതാവാണ് മുഹമ്മദ്നബി(സ). വ്യത്യസ്ത ഘട്ടങ്ങളിൽ അവിടുന്ന് വസിച്ചിരുന്ന വീടകങ്ങളും അതിലുണ്ടായിരുന്ന സൗകര്യങ്ങളും പാലിച്ചിരുന്ന ചിട്ടകളും ഇതിനു തെളിവാണ്.

ജീവിതത്തിലെ അധികനാളുകളും തിരുദൂതർ ചെലവഴിച്ചത് ജന്മനാടായ മക്കയിലാണ്. ഇക്കാലത്ത് മൂന്ന് വീടുകളിലായിരുന്നു നബി(സ) പ്രധാനമായും താമസിച്ചിരുന്നത്. പിതാമഹൻ അബ്ദുൽമുത്വലിബിന്റെ വീടാണതിൽ ഒന്നാമത്തേത്. തിരുനബി(സ) മാതാവിന്റെ ഗർഭപാത്രത്തിലായിരിക്കുമ്പോൾ തന്നെ പിതാവ് അബ്ദുല്ല(റ) മരണപ്പെട്ടിരുന്നല്ലോ. അതിനാൽ, ജനിച്ചനാൾ മുതൽ പിതാമഹന്റെ സംരക്ഷണത്തിലാണ് നബി(സ) വളർന്നത്.

## തിരുജന്മ ഗേഹം

കഅ്ബാലയത്തിൽ നിന്ന് ഏകദേശം ഇരുന്നൂറു മീറ്റർ അകലെ സ്വഫാമർവയുടെ ഭാഗത്ത്, ഹറമിന്റെ മുറ്റത്തു നിന്നു നോക്കിയാൽ കാണാവുന്ന സ്ഥലത്തായിരുന്നു ആദ്യ ഭവനം. പിതാമഹൻ അബ്ദുൽമുത്വലിബ് മകനായ അബ്ദുല്ലക്ക് നൽകിയതായിരുന്നു ആ ഭവനം. സ്വഫായുടെ ഭാഗത്ത് സൂഖുല്ലൈൽ മാർക്കറ്റിനടുത്താണ് ഇത് സ്ഥിതിചെയ്യുന്നത്. 'ബനൂഹാശിം പ്രവിശ്യ' എന്നാണ് ഈ സ്ഥലം പൂർവ്വകാലത്ത് അറിയപ്പെട്ടിരുന്നത്. ഈ ഭവനം ഹിജ്റക്കു ശേഷം പ്രവാചകരുടെ പിതൃവ്യപുത്രനായ അഖീലുബ്നു അബീത്വാലിബിന് കൈമാറി. അദ്ദേഹം ആ വീട്ടിൽ താമസമാക്കിയിരുന്നു. പിന്നീട് അദ്ദേഹത്തിന്റെ മക്കൾ വൻ വില ലഭിച്ചപ്പോൾ പ്രസിദ്ധനായ ഹജ്ജാജുബ്നു യൂസുഫിന്റെ സഹോദരനും ധനാഢ്യനുമായിരുന്ന മക്കാ ഗവർണർ മുഹമ്മദുബ്നു യൂസുഫിന് വിറ്റു. ഒരുലക്ഷം ദിനാർ ആയിരുന്നു വില. അന്നുമുതൽ 'ദാറുമുഹമ്മദിബ്നി യൂസുഫ്' എന്ന പേരിലാണ് ഈ സ്ഥലം അറിയപ്പെട്ടിരുന്നത്.

ഇബ്നുയൂസുഫിന്റെ പിന്മുറക്കാർ പവിത്രമായ ഈ ഭവനം ദീർഘകാലം സംരക്ഷിച്ചുപോന്നു. പിൽക്കാലത്ത് അബ്ബാസിയ്യ ഖലീഫയായിരുന്ന ഹാറൂൻറശീദിന്റെ മാതാവ് ഖൈസുറാൻ രാജ്ഞി തൽസ്ഥാനത്ത് ഒരു മസ്ജിദ് നിർമ്മിച്ചു. ഇന്ന് തൽസ്ഥാനത്തുള്ള കെട്ടിടം കൂടുതൽ പഴക്കമില്ലാത്തതും മുമ്പ് ഹിഫ്ളുൽ ഖുർആൻ മദ്റസയായി ഉപയോഗിച്ചിരുന്നതുമാണ്. പരിശുദ്ധ മക്കയിൽ പ്രവാചകർ ഭൂജാതരായ പരിശുദ്ധസ്ഥലം ഇന്നും പരിരക്ഷിക്കപ്പെടുന്നു. റബീഉൽ അവ്വൽ പന്ത്രണ്ടിന് പ്രഭാതോദയ

ത്തിന് മുമ്പ് മക്കാനിവാസികൾ ഈ വിശുദ്ധസ്ഥലം സന്ദർശിക്കാറുണ്ടെന്നും പ്രത്യേക ചടങ്ങുകൾ നടത്താറുണ്ടെന്നും കൈറോ യൂണിവേഴ്സിറ്റിയിലെ ഗവേഷകൻ മുഹമ്മദ് രിളാ രേഖപ്പെടുത്തിയിട്ടുണ്ട്.

## അബൂത്വാലിബിന്റെ വീട്

അബ്ദുൽമുത്വലിബിന്റെ വിയോഗശേഷം പിതൃവ്യൻ അബൂത്വാലിബാണ് തിരുനബി(സ)യുടെ സംരക്ഷണം ഏറ്റെടുത്തത്. അതിനാൽ, രണ്ടാമത് അവിടുന്ന് താമസിച്ചത് അബൂത്വാലിബിന്റെ വീട്ടിലായിരുന്നു. മക്കയിലെ ശിഅ്ബു അബീത്വാലിബ് (അബൂത്വാലിബിന്റെ താഴ്വര) എന്ന സ്ഥലത്താണിത് സ്ഥിതിചെയ്യുന്നത്. ഈ വീട്ടിലായിരുന്നു തിരുദൂതരുടെ ബാല്യകാലം. എട്ടാം വയസ്സിലാണ്  പിതൃവ്യനായ  അബൂത്വാലിബിന്റെ വീട്ടിലേക്ക് നബി(സ) താമസം മാറിയത്. നബി(സ)യോട് നല്ല സ്നേഹവും കാരുണ്യവുമായിരുന്നു അബൂത്വാലിബിന്. സാമ്പത്തികമായി വലിയ പ്രയാസം നേരിടുന്ന വ്യക്തിയായതിനാൽ നല്ല സൗകര്യങ്ങളും ഭക്ഷണവും അവിടെ ഉണ്ടായിരുന്നില്ല. എന്നാൽ നബി(സ)യുടെ ആഗമനത്തോടെ വീട്ടിൽ വലിയ ബറകത് അനുഭവപ്പെട്ടു. നബി(സ) മറ്റു കുട്ടികളോടൊപ്പം ഭക്ഷണം കഴിക്കാനിരുന്നാൽ എല്ലാവരുടെയും വയറു നിറയുകയും പാകം ചെയ്ത ഭക്ഷണം ബാക്കിയാവുകയും ചെയ്തിരുന്നു. നബി(സ) കൂടെ ഇരുന്നില്ലെങ്കിൽ ഇങ്ങനെ അനുഭവപ്പെട്ടിരുന്നില്ല.

വർഷത്തിലൊരിക്കൽ ഒരു ജ്യോത്സ്യൻ മക്കയിൽ വരാറുണ്ടായിരുന്നു. ജ്യോത്സ്യന്റെ മുന്നിൽ കുട്ടികളെ കൊണ്ടുപോവുകയും അവരുടെ ഭാവി പ്രവചിപ്പിക്കുകയും ചെയ്യൽ ഖുറൈശികളുടെ പതിവായിരുന്നു. പതിവനുസരിച്ച് ഒരു ദിവസം അബൂത്വാലിബ് തന്റെ സഹോദരപുത്രനെ ജ്യോത്സ്യന്റെ മുന്നിലിരുത്തി. ജോത്സ്യൻ നബി(സ)യെ അതിസൂക്ഷ്മമായി നിരീക്ഷിക്കുന്നതു കണ്ട അബൂത്വാലിബ് അദ്ദേഹത്തിന്റെ മുന്നിൽ നിന്ന് ഉടനെ കുട്ടിയെ തിരിച്ചുകൊണ്ടുപോയി. എന്നാൽ ജ്യോത്സ്യൻ പിന്നീട് ആ കുട്ടിയെ അന്വേഷിച്ചുകൊണ്ട് പറഞ്ഞു: 'നേരത്തെ ഞാൻ കണ്ട കുട്ടിയെ കൊണ്ടുവരൂ. ആ കുട്ടിയിൽ ഞാൻ വലിയൊരു കാര്യം കാണുന്നുണ്ട്.'

അബൂത്വാലിബിന്റെ ഭാര്യയായിരുന്ന ഫാത്വിമ ബിൻത് അസദ് ഇബ്നുഹാശിം നബി(സ)യോട് വല്ലാത്ത സ്നേഹവും കരുണയും കാണിച്ചിരുന്നു. സ്വന്തം മക്കളെക്കാൾ നബി(സ)യെ പരിഗണിക്കുകയും പരിചരിക്കുകയും ചെയ്തിരുന്നു. സ്വന്തം കുട്ടികൾ പട്ടിണി കിടക്കുകയാണെങ്കിലും നബി(സ)യെ പട്ടിണിക്കിട്ടിരുന്നില്ല. സ്ത്രീകളിൽ നിന്ന് രണ്ടാമതായി ഇസ്‌ലാം സ്വീകരിച്ചത് മഹതിയാണ്. ആമിനബീവി(റ) പ്രവാചകർക്ക് ജന്മം നൽകുമ്പോൾ ഫാത്വിമ ബിൻത് അസദ്(റ) അതിന് സാക്ഷിയായിരുന്നു. തിരുജന്മസമയത്തുണ്ടായ അത്ഭുതങ്ങൾ മഹതി നേരിട്ട് കാണുകയും ഭർത്താവ് അബൂത്വാലിബിനോട് വിവരങ്ങൾ പറയുകയും ചെയ്തിരുന്നു.

മഹതി വീട്ടിലുള്ള ഈത്തപ്പനത്തോട്ടത്തിൽ നിന്നു നിലത്തു വീഴുന്ന ഈത്തപ്പഴം ശേഖരിച്ച് അത് നബി(സ)ക്ക് കൊടുക്കാറുണ്ടായിരുന്നു. ഒരു ദിവസം ഈത്തപ്പഴം ശേഖരിക്കാൻ മഹതി മറന്നുപോയി. നബി(സ) തോട്ടത്തിലേക്കു പോയപ്പോഴേക്കും മറ്റു കുട്ടികൾ നിലത്തുവീണ ഈത്തപ്പഴങ്ങളെല്ലാം പെറുക്കിയെടുത്ത് ഭക്ഷിച്ചുകഴിഞ്ഞിരുന്നു. ഉടൻ പ്രവാചകർ തോട്ടത്തിലുള്ള ഒരു ഈത്തപ്പനമരത്തിന്റെ ചുവട്ടിലേക്കു നടന്നു. അപ്പോൾ ആ ഈത്തപ്പനമരം ഏതാനും ഈത്തപ്പഴങ്ങൾ കൊഴിക്കുകയും നബി(സ) അതെടുത്തു ഭക്ഷിക്കുകയും ചെയ്തു. ഇതുകണ്ട മഹതി ആശ്ചര്യഭരിതയായി. അബൂത്വാലിബിനോട് വിവരം പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: 'നിശ്ചയം, ഈ കുഞ്ഞ് ഒരു പ്രവാചകനാണ്.'

ഫാത്വിമ ബിൻത് അസദ്(റ)യോട് പ്രവാചകർക്കും വലിയ സ്നേഹവും ആദരവുമായിരുന്നു. ഹിജ്റ നാലാം വർഷത്തിലാണ് മഹതി വഫാത്തായത്. തിരുനബി(സ) തന്റെ ഖമീസിലാണ് മഹതിയെ കഫൻ ചെയ്തത്. അവർക്കുവേണ്ടി ജനാസ നിസ്കരിച്ചു. മഹതിയുടെ ഖബറിലിറങ്ങി സംസ്കരണത്തിന് നേതൃത്വം നൽകി. അന്നേരം അവിടുത്തെ നയനങ്ങൾ നിറഞ്ഞിരുന്നു. ഇതു കണ്ട ഉമർ(റ) ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, മറ്റൊരു സ്ത്രീക്ക് വേണ്ടിയും ഇന്നുവരെ അങ്ങിതുപോലെ ചെയ്യുന്നതു കണ്ടിട്ടില്ലല്ലോ.' അവിടുന്ന് പറഞ്ഞു: 'ഉമറേ, ഇവർ എന്റെ പെറ്റുമ്മാക്കു ശേഷമുള്ള എന്റെ ഉമ്മയാണ്. എനിക്കിവർ ധാരാളം ഭക്ഷണം നൽകിയിട്ടുണ്ട്. എന്നെ



**അബൂത്വാലിബിന്റെ ഭാര്യയായിരുന്ന ഫാത്വിമ ബിൻത് അസദ് ഇബ്നുഹാശിം നബി(സ) യോട് വല്ലാത്ത സ്നേഹവും കരുണയും കാണിച്ചിരുന്നു. സ്വന്തം മക്കളെക്കാൾ നബി(സ) യെ പരിഗണിക്കുകയും പരിചരിക്കുകയും ചെയ്തിരുന്നു. സ്വന്തം കുട്ടികൾ പട്ടിണി കിടക്കുകയാണെങ്കിലും നബി(സ)യെ പട്ടിണിക്കിട്ടിരുന്നില്ല. സ്ത്രീകളിൽ നിന്ന് രണ്ടാമതായി ഇസ്‌ലാം സ്വീകരിച്ചത് മഹതിയാണ്. ആമിന ബീവി(റ) പ്രവാചകർക്ക് ജന്മം നൽകുമ്പോൾ ഫാത്വിമ ബിൻത് അസദ്(റ) അതിന് സാക്ഷിയായിരുന്നു.**



ചെറുപ്പത്തിൽ നന്നായി പോറ്റുകയും പരിചരിക്കുകയും ചെയ്തിട്ടുണ്ട്. ജിബ്‌രീൽ(അ) എന്നോട് പറഞ്ഞു: 'നിശ്ചയം, ഫാത്വിമ ബിൻത് അസദ്(റ) സ്വർഗാവകാശികളിൽ പെട്ടവരാണ്. അല്ലാഹു എഴുപതിനായിരം മലക്കുകളോട് മഹതിക്കു വേണ്ടി നിസ്കരിക്കാൻ കൽപ്പിച്ചിട്ടുണ്ട്.' ഇതിനു ശേഷം നബി(സ) മഹതിക്കു വേണ്ടി നന്നായി ദുആ ചെയ്തു.

## ഖദീജബീവിയുടെ ഭവനത്തിൽ

ഖദീജബീവി(റ)യുമായി വിവാഹം നടക്കുന്നതുവരെ നബി(സ) അബൂത്വാലിബിന്റെ വീട്ടിൽ താമസിച്ചു. വിവാഹശേഷം മഹതിയുടെ വീട്ടിലേക്ക് താമസം മാറ്റി. ആ വീട് പൂർണ്ണമായും പ്രവാചകരുടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമായിരുന്നു. വിവാഹശേഷം ഖദീജബീവി(റ) തന്റെ സമ്പത്തെല്ലാം നബി(സ)ക്ക് കൊടുത്തിരുന്നവല്ലോ. മക്കയിൽ നിന്ന് മദീനയിലേക്ക് ഹിജ്റ പോകുന്നതു വരെയുള്ള നീണ്ട ഇരുപത്തിയെട്ടു വർഷക്കാലം പ്രസ്തുത വീട്ടിലായിരുന്നു അവിടുന്ന് താമസിച്ചിരുന്നത്.

മക്കയിലെ 'അത്താറി ഇടവഴി' എന്നറിയപ്പെടുന്ന പാറപ്പുറത്താണ് ഈ ഭവനം സ്ഥിതി ചെയ്തിരുന്നത്. ഫാത്വിമബീവി(റ) അടക്കമുള്ള എല്ലാ സന്താനങ്ങളും പിറന്നതും ഈ വീട്ടിലാണ്. ഖദീജബീവി(റ) വഫാത്തായതും ഇവിടെ വച്ചു തന്നെ. പ്രവാചകർ മദീനയിലേക്ക് പലായനം ചെയ്തതിനുശേഷം മുത്അബുബ്നു അബീലഹബ് ഈ വീട് കണ്ടുകെട്ടി. നബി(സ) മക്കയിലേക്ക് മടങ്ങിവന്നശേഷവും അദ്ദേഹം വീട് കൈവശം വെച്ചുപോന്നു. ഒടുവിൽ മുത്അബ് ഇസ്‌ലാം സ്വീകരിച്ചു. അദ്ദേഹത്തിൽനിന്ന് മുആവിയ ബിൻ അബീസുഫ്‌യാൻ(റ) ഒരു ലക്ഷം ദിർഹം നൽകി ഈ വീട് വാങ്ങി. അദ്ദേഹത്തിന് പിതാവിൽ നിന്ന് അനന്തരമായി ലഭിച്ച സ്വത്ത് ഖദീജ(റ)യുടെ വീടിന് തൊട്ടു പടിഞ്ഞാറു ഭാഗത്തായിരുന്നു. ഈ സ്ഥലവും പ്രസ്തുത വീടും ചേർത്ത് പള്ളിയാക്കി നവീകരിച്ചതായി പറയപ്പെടുന്നു. നബി(സ)യുടെ വീടിന്റെ അതിരുകൾ അടയാളപ്പെടുത്തുകയും അടിത്തറ സംരക്ഷിക്കുകയും ചെയ്യുന്നതിൽ മുആവിയ(റ) വളരെയേറെ ശ്രദ്ധ പുലർത്തിയിരുന്നു.

കാലങ്ങൾക്കു ശേഷം നാസ്വിറുൽഅബ്ബാസിയുടെ കാലത്ത് ഈ വീട് പുതുക്കിപ്പണിതിട്ടുണ്ട്. വഴിയിൽനിന്ന് അല്പം താഴ്ന്നായിരുന്നു വീട് സ്ഥിതി ചെയ്തിരുന്നത്. ഇതിലേക്കിറങ്ങാൻ ചെറിയ പടികളുണ്ട്. പടികളിലൂടെ ചെന്നെത്തുന്നത് ഏകദേശം പത്തു മീറ്റർ നീളവും നാലു മീറ്റർ വീതിയുമുള്ള ഒരു പ്രതലത്തിലാണ്. അതിന്റെ ഇടതുഭാഗത്തായി പത്തു സെന്റിമീറ്റർ ഉയരത്തിൽ ഇരിപ്പിടമാണെന്ന് തോന്നിപ്പിക്കുന്ന ഒരു സ്ഥലമുണ്ട്. അത് സന്ദർശകരെ ഇരുത്താനുള്ളതായിരിക്കണം.

നാല് റൂമുകളായിരുന്നു ഖദീജബീവി(റ)യുടെ വീട്ടിലുണ്ടായിരുന്നത്. ഒരു മുറി നബി(സ)ക്ക് ഏകാന്തമായി ഇരിക്കാനും പൊതുജനങ്ങളെ സ്വീകരിക്കാനും ഉപയോഗിച്ചു. പ്രബോധന പ്രവർത്തനങ്ങൾക്കാവശ്യമായ പൊതുവിടം ഇല്ലാത്ത കാലത്ത് ഈ സൗകര്യം നന്നായി ഉപയോഗപ്പെടുത്തി. ബാക്കിയുള്ള മൂന്നു മുറികളിൽ ഒന്ന് പെൺമ

നാല് റൂമുകളായിരുന്നു ഖദീജബീവി(റ)യുടെ വീട്ടിലുണ്ടായിരുന്നത്. ഒരു മുറി നബി(സ)ക്ക് ഏകാന്തമായി ഇരിക്കാനും പൊതുജനങ്ങളെ സ്വീകരിക്കാനും ഉപയോഗിച്ചു. പ്രബോധന പ്രവർത്തനങ്ങൾക്കാവശ്യമായ പൊതുവിടമി ല്ലാതിരുന്ന കാലത്ത് ഈ സൗകര്യം നന്നായി ഉപയോഗപ്പെടുത്തി. ബാക്കിയുള്ള മൂന്നു മു റികളിൽ ഒന്ന് പെൺമക്കൾക്കുള്ളതായിരു ന്നു. മറ്റൊന്ന് കിടപ്പറയായും മൂന്നാമത്തേത് നബി(സ)ക്ക് ആരാധനാകർമ്മങ്ങൾ നിർവഹി ക്കാനുള്ള ഇടവുമായാണ് ഉപയോഗിച്ചിരുന്നത്.



ക്കൾക്കുള്ളതായിരുന്നു. മറ്റൊന്ന് കിടപ്പറയായും മൂന്നാമത്തേത് നബി(സ)ക്ക് ആരാധനാകർമ്മ ങ്ങൾ നിർവഹിക്കാനുള്ള ഇടവു മായാണ് ഉപയോഗിച്ചിരുന്നത്. ഉള്ളിലേക്ക് പ്രവേശിക്കുന്ന വഴിയുടെ ഇടതുഭാഗത്തായി സ്ഥി തിചെയ്യുന്ന ഒന്നാമത്തെ വാതി ലിലൂടെ കടന്നാൽ മൂന്നു മീറ്റർ നീളവും അത്രതന്നെ വീതിയു മില്ലാത്ത ഒരു മുറിയിൽ ചെന്നെ ത്തും. ഇതിൽ വെച്ചായിരുന്നു അവിടുന്ന് ആരാധനാകർമ്മങ്ങൾ നിർവഹിച്ചിരുന്നത്. വഹ്‌യ് സ്വീകരിക്കാറുള്ളതും ഇവിടെവ ച്ചായുരുന്നു. ഈ മുറിയിലേക്ക് പ്രവേശിക്കുമ്പോൾ വലതുഭാഗ ത്തായി അല്പം താഴ്ന്ന ഒരിടം കാണാം. ഇത് നബി(സ) വുളൂ അ് ചെയ്യാൻ ഉപയോഗിച്ചിരുന്ന സ്ഥലമാണെന്ന് പറയപ്പെടുന്നു.

നേരെ മുൻവശത്തായി സ്ഥി തി ചെയ്യുന്ന വാതിലിലൂടെ പ്രവേശിച്ചാൽ ഏകദേശം ആറ് മീറ്റർ നീളവും നാലു മീറ്റർ വീതി യുമുള്ള ഒരു മുറിയിലേക്കെത്തും. ഇതായിരുന്നു നബി(സ)യുടെ യും ഖദീജ ബീവി(റ)യുടെയും കിടപ്പറ. വഴിയുടെ വലതുഭാഗ ത്തുള്ള മൂന്നാമത്തെ വാതിലി ലൂടെ പ്രവേശിച്ചാൽ ഏകദേശം ഏഴു മീറ്റർ നീളവും നാലു മീറ്റർ വീതിയുമുള്ള വിശാലമായ ഒരറ യിലേക്കെത്തും. ഇവിടെ വെച്ചാ യിരുന്നു ഫാത്വിമബീവി(റ)യുടെ ജനനം. ഈ അറയുടെ കിഴക്കേ ഭിത്തിയിലെ ചെറിയ അലമാര യിൽ ധാന്യം പൊടിക്കാൻ ഉപ യോഗിക്കുന്ന ഉപകരണത്തിന്റെ ശേഷിപ്പുകൾ കാണാം. പതിനാ റു മീറ്ററിലധികം നീളം വരുന്ന ഈ മൂന്ന് മുറികളുടെയത്രതന്നെ നീളത്തിലും ഏഴു മീറ്റർ വീതി യിലും ഒരു ഹാളും ഈ വീ ട്ടിലുണ്ടായിരുന്നു.

ആവശ്യാനുസരണം വീടിന്റെ വിസ്തൃതിയും സൗകര്യവുമാകാ മെന്ന മാതൃക നൽകുന്നുണ്ട് ഈ ഭവനം. 'പത്തു വയസ്സ് പൂർണ്ണ മായാൽ കുട്ടികളെ മാറ്റി കിടത്ത ണം' എന്ന നിർദ്ദേശം പ്രായോ ഗികമായി അവിടുന്ന് കാണിച്ചു തന്നു. ഒരു മുറി അതിനുമാത്രം ഉപയോഗപ്പെടുത്തി. പൊതു ആവശ്യത്തിനുള്ള മറ്റൊരു മുറി യും ആ വീട്ടിൽ ഉണ്ടായിരുന്നു.

മക്കയിൽ നിന്ന് മദീനയിലേ ക്ക് ഹിജ്റ പോയ നബി(സ) മദീനയിൽ ആദ്യം താമസിച്ചിരു ന്നത് പ്രഗൽഭ സ്വഹാബിയായ അബൂഅയ്യൂബിൽ അൻസാരി(റ) വിന്റെ വീട്ടിലായിരുന്നു. മസ്ജി ദുന്നബവി നിർമ്മിക്കുന്നതുവരെ അവിടെ താമസം തുടർന്നു. ഈ വീട് തുബ്ബഅ് രാജാവ് പണി കഴി പ്പിച്ചതാണെന്ന് ചരിത്രം പറയു ന്നു. പ്രാചീന യമനിലെ ഹിമ്‌യർ

(Himyarite) രാജവംശത്തിലെ ഭരണാധികൾക്ക് പൊതുവിൽ തുബ്ബഅ് എന്ന് പറയപ്പെടുന്നു. ഇസ്‌ലാമിക ചരിത്രത്തിലും പാരമ്പര്യത്തിലും പ്രശസ്ത നായ അസ്അദുൽ ഹിമ്‌യരി എന്ന രാജാവ് വിശുദ്ധ കഅ്ബ മന്ദിരത്തിന്റെ സംരക്ഷകരിൽ ഒരാളായിരുന്നു. അതിന് ചില കാരണങ്ങളുണ്ട്: യമനിൽ നിന്ന് സൈന്യവുമായി വന്ന് വിശു ദ്ധകഅ്ബാലയം തകർക്കാൻ അദ്ദേഹം പദ്ധതിയിട്ടു. അപ്പോൾ അദ്ദേഹത്തിന് അപൂർവമായ ഒരു രോഗം പിടിപെട്ടു. എത്ര ചികി ത്സിച്ചിട്ടും രോഗത്തിന് യാതൊ രു ശമനവുമുണ്ടായില്ല. കഅ്ബ പൊളിക്കാൻ പദ്ധതിയിട്ടതിന്റെ ഫലമാണ് ഈ രോഗമെന്ന് ചില പുരോഹിതന്മാർ അദ്ദേഹത്തോ ട് പറഞ്ഞു. അപ്പോൾ അദ്ദേഹം ആ ഉദ്യമത്തിൽ നിന്ന് പിന്മാറി ഖേദിച്ചു മടങ്ങി. അതോടെ, രോ ഗം സുഖപ്പെടുകയും ചെയ്തു. സത്യം മനസ്സിലാക്കിയ അദ്ദേഹം പിന്നീട് വിശുദ്ധ ഭവനത്തിന്റെ സംരക്ഷകനായിമാറി. കഅ്ബക്ക് ആദ്യമായി പട്ടുകൊണ്ട് വസ്ത്ര മണിയിച്ചത് ഇദ്ദേഹമാണെന്നു ചരിത്രത്തിൽ കാണാം.

**യമനിൽ നിന്ന് സൈന്യവുമായി വന്ന് വി ശുദ്ധകഅ്ബാലയം തകർക്കാൻ അസ്അ ദുൽ ഹിമ്‌യരി എന്ന രാജാവ് പദ്ധതിയിട്ടു. അപ്പോൾ അദ്ദേഹത്തിന് അപൂർവമായ ഒരു രോഗം പിടിപെട്ടു. കഅ്ബ പൊളിക്കാൻ പദ്ധതിയിട്ടതിന്റെ ഫലമാണ് ഈ രോഗമെന്ന് ചില പുരോഹിതന്മാർ അദ്ദേഹത്തോട് പറ ഞ്ഞു. അപ്പോൾ അദ്ദേഹം ആ ഉദ്യമത്തിൽ നിന്ന് പിന്മാറി ഖേദിച്ചു മടങ്ങി. അതോടെ, രോഗം സുഖപ്പെടുകയും ചെയ്തു.**

പൂർവ്വവേദങ്ങളിൽ നല്ല പരി ജ്ഞാനമുണ്ടായിരുന്ന പണ്ഡി തന്മാരിൽ നിന്ന് അന്ത്യപ്രവാ ചകന്റെ ആഗമനത്തെക്കുറിച്ച് മനസ്സിലാക്കിയ അദ്ദേഹം പ്രവാ ചകൻ യസ്‌രിബിൽ വരുമ്പോൾ താൻ നിർമ്മിച്ച ഏതെങ്കിലു മൊരു വീട്ടിൽ താമസിക്കണ മെന്ന ആഗ്രഹത്തോടെ ധാരാളം വീടുകൾ നിർമ്മിച്ചു. അതിൽ യസ്‌രിബിലെ ജനങ്ങളോട് താമ സിക്കാൻ ആവശ്യപ്പെട്ടു. 'നിങ്ങൾ ഇവിടെ താമസിക്കുക, ഇവിടം വിട്ടുപോകരുത്' എന്ന നിർദ്ദേ ശവും നൽകി. യസ്‌രിബിലെ അന്നത്തെ നേതാവായിരുന്നു 'റുബാനി' എന്ന പണ്ഡിതൻ. അന്ത്യപ്രവാചകൻ വരുമ്പോൾ നൽകണമെന്നു പറഞ്ഞ് അദ്ദേ ഹത്തിന്റെ കൈയിൽ രാജാവ് ഒരു കത്ത് ഏൽപ്പിച്ചു. നിങ്ങൾ ക്കതിന് ഭാഗ്യം ലഭിച്ചില്ലെങ്കിൽ ഈ കത്ത് മക്കളെ ഏൽപ്പിക്ക ണം. അവർക്കും കഴിഞ്ഞില്ലെ ങ്കിൽ അവരുടെ പരമ്പരകളി ലേക്ക് കൈമാറണം എന്നും നിർദ്ദേശിച്ചു. ആയിരത്തോളം വർഷങ്ങൾക്കു ശേഷം റുബാനി എന്ന പണ്ഡിതന്റെ പരമ്പരയിൽ ജനിച്ച അബൂഅയ്യൂബിൽ അൻ സാരി(റ)വിന്റെ കൈവശം ഈ കത്ത് എത്തിപ്പെട്ടു. ഈ കാല ത്താണ് നബി(സ) യസ്‌രിബിലെ ത്തുന്നത്.

പ്രവാചകരുടെ മദീനയിലേ ക്കുള്ള ആഗമനത്തെ ഇബ്നുക സീർ രേഖപ്പെടുത്തുന്നതിങ്ങനെ: അബൂബക്ർ സിദ്ദീഖ്(റ) പറയു ന്നു: 'ഞങ്ങൾ മദീനയിലേക്ക് പ്രവേശിച്ചപ്പോൾ ജനങ്ങൾ വഴി കളിലും വീടുകളുടെ ചാരത്തും ഇറങ്ങിനിന്നു. കുട്ടികളും സേവക രും ഇപ്രകാരം പറയുന്നുണ്ടായി രുന്നു: 'അല്ലാഹുഅക്ബർ, അല്ലാ ഹുവിന്റെ റസൂൽ വന്നിരിക്കുന്നു. അല്ലാഹു അക്ബർ, മുഹമ്മദ് വന്നിരിക്കുന്നു.' (അൽബിദായതു വന്നിഹായ)

മദീനയിലെത്തിയപ്പോൾ സ് ത്രീകളും കുട്ടികളും ഉൾപ്പെടെ ഓരോരുത്തരും നബി(സ)യെ ക്ഷണിച്ചു. അപ്പോൾ അവിടുന്ന് പറഞ്ഞു: 'ഒട്ടകത്തെ നിങ്ങൾ വിട്ടേക്കൂ. നിശ്ചയം, അതിന് നിർദ്ദേശം ലഭിച്ചിട്ടുണ്ട്.' തുടർന്ന് അബൂഅയ്യൂബിൽ അൻസാരി(റ) വിന്റെ വീട്ടുവാതിൽക്കൽ ഒട്ടകം മുട്ടുകുത്തി. (ദലാഇലുന്നുബുവ്വ)

നബി(സ)യുടെ ഒട്ടകം അബൂ അയ്യൂബിൽ അൻസാരി(റ)വിന്റെ വീട്ടുമുറ്റത്ത് മുട്ടുകുത്തിയതും അവിടെ താമസിച്ചതും യാദൃ ച്ഛികമായിരുന്നില്ല; അല്ലാഹുവി ന്റെ നേരത്തെയുള്ള തീരുമാന മനുസരിച്ചായിരുന്നു. നബി(സ) യുടെ വരവോടെ യസ്‌രിബ് മദീ നത്തുറസൂലായി മാറി. അബൂഅ യ്യൂബിൽ അൻസാരി(റ)വിന്റെ വീ ട്ടിൽ താമസമാക്കിയ നബി(സ) ഒരു ദിവസം അദ്ദേഹത്തോട് തനിക്ക് നൽകാനായി കൈമാറിവന്ന കത്തിനെക്കുറി ച്ച് ചോദിച്ചു. അദ്ദേഹം കത്ത് നൽകിയപ്പോൾ നബി(സ) അത് വായിക്കാൻ പറഞ്ഞു. വായിച്ചു കേട്ടപ്പോൾ അവിടുന്ന് പറഞ്ഞു: 'നല്ലവനായ തുബ്ബഇന് എല്ലാ വിജയവും.'

ആ കത്തിൽ അറബിയിൽ ഒരു കവിതയുണ്ടായിരുന്നു. അതിന്റെ ആദ്യ വരിയുടെ സാരം ഇങ്ങനെ: 'മനുഷ്യസമൂഹത്തി ന്റെ സ്രഷ്ടാവായ അല്ലാഹുവിന്റെ ദൂതനാണ് അഹ്മദ് എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. എന്റെ ആയുസ്സ് അദ്ദേഹത്തിന്റെ ആയു സ്സ് വരെ നീട്ടപ്പെട്ടിരുന്നുവെങ്കിൽ ഞാനദ്ദേഹത്തിന്റെ സേവകനാ കുമായിരുന്നു.'

ഒരു ഹദീസിൽ കാണാം: അബൂഹുറയ്റ(റ) നിവേദനം. 'അസ്അദ് അൽഹിമ്‌യരിയെ നി ങ്ങൾ കുറ്റം പറയരുത്. അദ്ദേഹം വിശുദ്ധ കഅ്ബക്ക് ആദ്യമായി വസ്ത്രം അണിയിച്ചയാളാണ്.'

**മദീനയിലെത്തിയപ്പോൾ സ്ത്രീകളും കുട്ടികളും ഉൾപ്പെടെ ഓരോരുത്തരും നബി(സ)യെ ക്ഷണിച്ചു. അപ്പോൾ അവിടുന്ന് പറഞ്ഞു: 'ഒട്ടകത്തെ നിങ്ങൾ വിട്ടേക്കൂ. നിശ്ചയം, അതിന് നിർദ്ദേശം ലഭിച്ചിട്ടുണ്ട്.' തുടർന്ന് അബൂഅയ്യൂബിൽ അൻസാരി(റ)വിന്റെ വീട്ടുവാതിൽക്കൽ ഒട്ടകം മുട്ടുകുത്തി. (ദലാഇലുന്നുബുവ്വ) ഒട്ടകം അബൂഅയ്യൂബിൽ അൻസാരി(റ)വിന്റെ വീട്ടുമുറ്റത്ത് മുട്ടുകുത്തിയതും അവിടെ താമസിച്ചതും യാദൃച്ഛികമായിരുന്നില്ല; അല്ലാഹുവിന്റെ നേരത്തെയുള്ള തീരുമാനമായിരുന്നു.**

## അബൂഅയ്യൂബിൽ അൻസ്വാരി(റ)

ഖാലിദുബ്നുസൈദിബ്നുഖുലൈബ് അൽഅൻസ്വാരി(റ) എന്നാണ് ഇദ്ദേഹത്തിന്റെ യഥാർഥ നാമം. ഖസ്റജ് ഗോത്രത്തിലെ ബനൂനജ്ജാർ കുടുംബമാണ്. അബൂഅയ്യൂബ് എന്ന അപരനാമത്തിലാണദ്ദേഹം അറിയപ്പെട്ടിരുന്നത്. മദീനയിലെത്തിയതിനു ശേഷം ഏഴുമാസത്തോളം നബി(സ) താമസിച്ചത് അദ്ദേഹത്തിന്റെ വീട്ടിലായിരുന്നു. മദീനയിൽ നബി(സ)ക്ക് വസതിയൊരുക്കാൻ ധാരാളമാളുകൾ താൽപര്യപ്പെട്ടെങ്കിലും അതിന് സൗഭാഗ്യം ലഭിച്ചത് മഹാനവർകൾക്കാണ്. ഇരുനില വീടായിരുന്നു മഹാനവർകളുടേത്. നബി(സ)യെ മുകൾ നിലയിൽ താമസിപ്പിക്കണമെന്ന് ഉദ്ദേശിച്ച് മുകളിലുണ്ടായിരുന്ന സാധനസാമഗ്രികളെല്ലാം എടുത്തുമാറ്റി. ലോകനേതാവിനെ വീടിന്റെ താഴെനിലയിൽ താമസിപ്പിച്ച് താൻ മുകളിൽ താമസിക്കുന്നത് അദബുകേടാണെന്ന ചിന്തയാണ് ഇതിനദ്ദേഹത്തെ പ്രേരിപ്പിച്ചത്. അണികൾ നേതാവിന്റെ താഴെയാണല്ലോ നിൽക്കേണ്ടത് എന്ന ചിന്തയും ഇതിനു പ്രേരകമായി. എന്നാൽ, നബി(സ) വീടിന്റെ താഴെ നിലയിൽ താമസിക്കാനാണ് താത്പര്യപ്പെട്ടത്. സന്ദർശകരെ സ്വീകരിക്കാനും വീട്ടുകാരുടെ സ്വകാര്യത നിലനിർത്താനും അതാണ് ഉചിതമെന്ന് മനസ്സിലാക്കിയാണ് നബി(സ) ഇങ്ങനെ തീരുമാനിച്ചത്. അപ്പോൾ വീട്ടുകാരൻ സന്തോഷത്തോടെ പ്രവാചകരുടെ താല്പര്യത്തിന് വഴങ്ങി. എങ്കിലും, പ്രവാചകരുടെ മുകളിൽ താമസിക്കുന്നതിനുള്ള മാനസികപ്രയാസവും അപകർഷതാബോധവും അദ്ദേഹത്തിന്റെ ഹൃദയത്തിലുണ്ടായിരുന്നു. അദ്ദേഹവും ഭാര്യയും മുറിയുടെ മധ്യഭാഗത്തുനിന്ന് മാറി പാർശ്വഭാഗത്താണ് കിടന്നത്. താഴെ മുറിയുടെ മധ്യഭാഗത്താണല്ലോ നബി(സ) കിടന്നിരുന്നത്. (തഫ്സീർ ഇബ്നുകസീർ, ത്വബ്രി, അൽബിദായത്തു വന്നിഹായ)

ഇമാം മുസ്‌ലിം ഉദ്ധരിച്ച ഹദീസിൽ വായിക്കാം: 'നബി(സ) അബൂഅയ്യൂബിൽ അൻസ്വാരി(റ)വിന്റെ വീട്ടുമുറ്റത്തിറങ്ങി. അവിടുന്ന് വീടിന്റെ താഴെ നിലയിലും അദ്ദേഹം വീടിന്റെ മുകൾനിലയിലും താമസിച്ചു. രാത്രിയിൽ ഉറക്കിൽ നിന്നുണർന്ന അദ്ദേഹം കുടുംബത്തോട് പറഞ്ഞു: 'നബി(സ)യുടെ തലക്കു മുകളിലാണല്ലോ നാമിപ്പോൾ കിടക്കുന്നത്. അതൊഴിവാക്കാൻ നമുക്ക് റൂമിന്റെ പാർശ്വഭാഗത്തേക്ക് ഒതുങ്ങിക്കിടക്കാം.' നേരം പുലർന്നപ്പോൾ നബി(സ)യുടെ അടുത്തുചെന്ന് അൻസ്വാരി തന്റെ മനോവിഷമം ബോധിപ്പിച്ചു. അപ്പോൾ അവിടുന്ന് പറഞ്ഞു: 'വീടിന്റെ താഴ്ഭാഗമാണ് എനിക്ക് കൂടുതൽ സൗകര്യം.'

പിന്നീടൊരിക്കൽ അദ്ദേഹം വീണ്ടും പറഞ്ഞു: 'നബിയേ, അങ്ങ് താഴെയുള്ളപ്പോൾ മുകളിൽ താമസിക്കാൻ എനിക്കു കഴിയില്ല.' അങ്ങനെ നബി(സ) വീടിന്റെ മുകൾനിലയിലേക്ക് താമസം മാറ്റി. അദ്ദേഹം നബി(സ)ക്ക് ഭക്ഷണങ്ങൾ പാകം ചെയ്തു കൊടുത്തിരുന്നു. നബി(സ) ഭക്ഷണം കഴിക്കാൻ കൈവച്ച സ്ഥലത്തു തന്നെ അദ്ദേഹവും കൈവച്ച് ഭക്ഷണം കഴിച്ചിരുന്നു.' (മുസ്‌ലിം)

പ്രവാചകരുടെ സാന്നിധ്യം ആ വീട്ടിൽ ബറകത്ത് വർദ്ധിക്കാൻ കാരണമായി. കുറഞ്ഞ ഭക്ഷണം ധാരാളം ആളുകൾക്ക് കഴിക്കാൻ തികയാറുണ്ടായിരുന്നു.

അബൂഅയ്യൂബ് അൻസ്വാരി(റ) അനുഭവം പങ്കുവെക്കുന്നു: 'ഒരിക്കൽ നബി(സ)ക്കും അബൂബക്ർ സിദ്ദീഖ്(റ)വിനും ആവശ്യമായ ഭക്ഷണം മാത്രം പാകം ചെയ്ത് അവർക്ക് വിളമ്പി. അപ്പോൾ നബി(സ) എന്നോട് പറഞ്ഞു: 'നിങ്ങൾ പോയി അൻസ്വാരികളിൽപ്പെട്ട മുപ്പതാളുകളെ ക്ഷണിക്കൂ.' ഇതുകേട്ടപ്പോൾ എനിക്ക് വിഷമമായി. ഞാൻ പറഞ്ഞു: 'നബിയേ, എന്റെയടുത്ത് ഇത്രയും ഭക്ഷണം മാത്രമേയുള്ളൂ.' അപ്പോൾ അവിടുന്ന് വീണ്ടും ഇങ്ങനെ തന്നെ പറഞ്ഞു. അങ്ങനെ ഞാനവരെ ഭക്ഷണത്തിന് ക്ഷണിച്ചു. നബി(സ) അവർക്കെല്ലാം വയറുനിറയെ ഭക്ഷണം നൽകി. അവിടുത്തോട് കരാർ ചെയ്ത് അവർ മടങ്ങി. വീണ്ടും എന്നോട് അറുപത് അൻസ്വാരികളെ വിളിക്കാൻ പറഞ്ഞു. എന്റെ ക്ഷണം സ്വീകരിച്ച് അവരും വന്ന് ഭക്ഷണം കഴിച്ചു. അന്ന് ഞാനുണ്ടാക്കിയ ആ ഭക്ഷണം നൂറ്റി എൺപത് അൻസ്വാരികൾ കഴിച്ചിരുന്നു. (ദലാഇലുന്നുബുവ്വ 6/94)

അബൂഅയ്യൂബ് അൽഅൻസ്വാരി(റ)വും ഭാര്യയും മുകളിലെ നിലയിൽ താമസിക്കുമ്പോൾ ഒരു തണുപ്പുള്ള രാത്രിയിൽ വെള്ളം നിറച്ചുവെച്ച പാത്രം കൈയിൽനിന്ന് വീണു പൊട്ടി. വെള്ളം പരന്നു ചിതറി. അവർ പുതപ്പായി ഉപയോഗിച്ചിരുന്ന തുണിയെടുത്ത് വെള്ളം മുഴുവൻ

ഒപ്പിയെടുത്തു. തിരുനബി(സ) യുടെ ദേഹത്ത് വെള്ളം ഇറ്റി വീഴുമോ എന്ന ഭയമായിരുന്നു അവർക്ക്. പിറ്റേദിവസം പ്രവാചകരെ സന്ദർശിച്ച് മുകളിൽ കിടക്കുന്നതിലുള്ള അവരുടെ പ്രയാസം വീണ്ടും അവതരിപ്പിച്ചു. അങ്ങനെ നബി(സ) വീടിന്റെ മുകൾനിലയിൽ താമസിക്കാൻ സമ്മതിച്ചു. ഏഴുമാസത്തോളം നബി(സ) ഈ വീട്ടിൽ താമസിച്ചു. മസ്ജിദുന്നബവിയുടെ നിർമ്മാണശേഷം ലളിതമായ, ചെറിയ സൗകര്യങ്ങളുള്ള വീട് തനിക്കും ഭാര്യമാർക്കും വേണ്ടി അവിടുന്ന് പണികഴിപ്പിച്ചു.

## ഭാര്യമാർക്കുള്ള ഭവനങ്ങൾ

ഹിജ്റ സമയത്ത് നബി(സ)ക്ക് ഭാര്യമാരായി സൗദ(റ), ആഇശ(റ) എന്നിവർ മാത്രമാണുണ്ടായിരുന്നത്. ഭാര്യമാർക്ക് താമസിക്കാൻ അതിലളിതമായ വീടുകളായിരുന്നു പണികഴിപ്പിച്ചത്. 'പ്രൗഢിയുള്ള വീട്ടിലെ താമസക്കാരൻ' എന്ന മേൽവിലാസം തിരുനബി(സ) ഇഷ്ടപ്പെട്ടിരുന്നുമില്ല. താമസയോഗ്യമായ ഒരിടം എന്ന പരിഗണന മാത്രമാണുണ്ടായിരുന്നത്. മദീനാപള്ളിയുടെ സമീപത്തായിരുന്നു ആ വീടുകൾ. ഇപ്പോൾ വികസനപ്രവർത്തനങ്ങളിൽ ആ വീടുകൾ നിന്ന ഭാഗങ്ങളെല്ലാം പള്ളിയായിമാറി.

പ്രസ്തുത വീടുകളെക്കുറിച്ച് അബ്ദുല്ലാഹിൽ ഹുദലി(റ) പറയുന്നു: 'ഒമ്പത് ഭാര്യമാർക്ക് ഒമ്പത് വീടുകളുണ്ടായിരുന്നു. നാലെണ്ണം മൺകട്ട കൊണ്ട് നിർമ്മിച്ചതായിരുന്നു. ഓരോന്നിലും ഓരോ കിടപ്പുമുറികൾ. ഉമ്മുസലമ(റ)യുടെ വീടിന്റെ കിടപ്പുമുറി ചുമരുകൊണ്ടും മറ്റു മൂന്നു വീടുകൾ ഈത്തപ്പന കൊണ്ടും മറച്ചാണ് റൂമുകളാക്കിയിരുന്നത്. അഞ്ചു വീടുകളുടെ ചുമരുകൾ ഈത്തപ്പനമടലിൽ മണ്ണു തേച്ചു പിടിപ്പിച്ചാണുണ്ടാക്കിയിരുന്നത്. രോമനിർമ്മിതമായ വിരികളെക്കൊണ്ടാണ് വാതിലുകൾ തയ്യാറാക്കിയിരുന്നത്.' (സീറത്തുൽഹലബിയ)



പള്ളിയുടെ മിഹ്റാബിന്റെയും മിമ്പറിന്റെയും ഇടതുഭാഗത്താണ് ആഇശ(റ)യുടെ വീടുണ്ടായിരുന്നത്. ശേഷം വിവാഹം കഴിച്ച പത്നിമാർക്കെല്ലാം ആഇശബീവി(റ)യുടെ മുറിക്കു സമാനമായ മുറികൾ നിർമ്മിച്ചു നൽകി. ഇങ്ങനെ മുറികൾ വർധിച്ചതിനാൽ മസ്ജിദിന്റെ കിഴക്കുഭാഗത്തുനിന്നു മാറി വടക്കുഭാഗത്തേക്കു കൂടി എടുപ്പുകൾ പണിയേണ്ടി വന്നു.

ഇംറാനുബ്നു അനസ്(റ) ഈ ഒമ്പത് മുറികളെ വിശേഷിപ്പിച്ചുകൊണ്ട് പറയുന്നു: 'നാലു മുറികളിൽ ഈത്തപ്പനയും ഇഷ്ടികയും ഉപയോഗിച്ചിട്ടുണ്ട്. ബാക്കി അഞ്ച് റൂമുകൾക്ക് ഈത്തപ്പനയും കളിമണ്ണുമാണ് ഉപയോഗിച്ചത്. അവയുടെ വാതിൽ രോമങ്ങൾ കൊണ്ട് പൊതിഞ്ഞതായിരുന്നു. വാതിലിന് മൂന്നു മുഴമാണുണ്ടായിരുന്നത്.

ദാവൂദുബ്നുഖൈസ്(റ)

പറഞ്ഞു: ‘നബികുടുംബത്തിന്നായി നിർമ്മിച്ച ഈത്തപ്പനകൊണ്ടുള്ള വീടുകൾ ഞാൻ കണ്ടിട്ടുണ്ട്. അവയെ പുറത്തുനിന്ന് രോമത്താൽ പൊതിഞ്ഞിരുന്നു. ഹുജ്റയുടെ വാതിൽക്കൽ നിന്ന് റൂമിലേക്ക് ഏഴോ എട്ടോ മുഴം ദൂരമുണ്ടെന്നാണ് എനിക്കു തോന്നിയത്. ഒരു റൂമിന്റെ ഉൾഭാഗം മൊത്തം പത്തുമുഴം ചുറ്റളവുണ്ടാവും. മുറിയുടെ ഉയരം ഏഴോ എട്ടോ മുഴവും.’ (അദബുൽ മുഫ്റദ്)

വീടിന്റെ ഉയരത്തെ സംബന്ധിച്ച് ഇമാം ഹസനുൽബസ്വരി(റ) വിവരിച്ചത് ഇങ്ങനെയാണ്: ‘ചെറുപ്രായത്തിൽ നബി(സ)യുടെ ഭാര്യമാരുടെ വീടുകളിൽ ഞാൻ പ്രവേശിച്ചിട്ടുണ്ട്. കട്ടിയുള്ള ഒരുതരം മരം കൊണ്ട് ഓരോ റൂമും വേർതിരിച്ചിരുന്നു. വീടിന്റെ മേൽക്കൂര എനിക്ക് കൈകൊണ്ട് തൊടാൻ സാധിച്ചിരുന്നു.’

മുഹമ്മദുബ്നു ഉമർ(റ) നിവേദനം. അബ്ദുല്ലാഹിബ്നു യസീദ് അൽഹുദലി(റ) പറയുന്നു: ‘വലീദുബ്നു അബ്ദുൽമലികിന്റെ നിർദ്ദേശപ്രകാരം ഉമറുബ്നു അബ്ദുൽഅസീസ്(റ) പ്രവാചകപത്നിമാരുടെ വീട് പൊളിച്ച സമയത്ത് ഞാനവിടെ സന്നിഹിതനായിരുന്നു. ആ വീടുകൾ നിർമ്മിച്ചത് ഇഷ്ടിക, ഈത്തപ്പന, കളിമണ്ണ് എന്നിവ ഉപയോഗിച്ചായിരുന്നു. അതിൽ ഒമ്പത് റൂമുകളുണ്ടായിരുന്നു. ബാബുന്നബവിയുടെയും ആഇശബീവി(റ)യുടെ വീടിന്റെയുമിടയിലായിരുന്നു മറ്റെല്ലാ വീടുകളും. ഉമ്മുസലമ ബീവി(റ)യുടെ വീട്ടിൽ ഇഷ്ടിക പതിച്ചതായി ഞാൻ കണ്ടു. ഇതിനെ സംബന്ധിച്ച് മഹതിയുടെ മകനോട് ചോദിച്ചപ്പോൾ പറഞ്ഞു: ‘നബി(സ) ഒരു യുദ്ധത്തിനുപോയ വേളയിലാണ് ഉമ്മുസലമ ബീവി(റ) വീട്ടിൽ ഇഷ്ടിക പതിപ്പിച്ചത്. യുദ്ധം കഴിഞ്ഞ് തിരിച്ചെത്തിയ തിരുനബി(സ) ഇതു സംബന്ധിച്ച് ചോദിച്ചപ്പോൾ മഹതി പറഞ്ഞു: ‘അല്ലാഹുവിന്റെ റസൂലേ, ജനങ്ങളുടെ നോട്ടത്തിൽ നിന്ന് രക്ഷപ്പെടാനാണ് ഞാനിങ്ങനെ ചെയ്തത്.’ അപ്പോൾ അവിടുന്ന് പറഞ്ഞു: ‘ഉമ്മു സലമാ, മുസ്‌ലിം സമൂഹത്തിന്റെ സ്വത്തുക്കൾ ഏറ്റവും കൂടുതൽ ദുർവിനിയോഗം ചെയ്യപ്പെടുന്നത് അവരുടെ കെട്ടിടങ്ങളിലാണ്.’

ചരിത്രാഖ്യായിക/മൈമൂന (റ) – 13

മുഹമ്മദ് പാറന്നൂർ

# രക്ഷ വേണോ, മദീനയിലേക്ക് പോകൂ!

അംറുബ്നു ആസിന്റെ കഥ രസകരമാണ്. മുമ്പ് അദ്ദേഹത്തിന് അബ്സീനിയയിലെ രാജാവായിരുന്ന നജ്ജാശിയിൽ നിന്നുണ്ടായ കയ്പ്പുറ്റ അനുഭവം മക്കയിലാകെ പാട്ടായിരുന്നല്ലോ. ഖുറൈശികളുടെ മർദ്ദനപീഡനങ്ങൾ സഹിക്കാനാവാതെ റസൂലുല്ലാഹിയുടെ നിർദ്ദേശപ്രകാരം മുസ്‌ലിംകളിൽ ഒരു സംഘം അബ്സീനിയയിലേക്ക് പലായനം ചെയ്തിരുന്നല്ലോ. അവർ മക്ക വിട്ടു കഴിഞ്ഞപ്പോഴാണ് ഖുറൈശീനേതാക്കൾക്ക് കാര്യബോധം ഉദിച്ചത്; അബ്സീനിയയിലെ രാജാവ് ക്രിസ്ത്യാനിയാണ്. ഇവരവിടെ ചെന്ന് പുതിയ മതം പ്രചരിപ്പിച്ചാൽ ഒരുപക്ഷേ രാജാവ് തന്നെയും ഇസ്‌ലാം സ്വീകരിച്ചേക്കാം. അത് വലിയ അപകടമാണ്. ഇനി അങ്ങനെ സംഭവിച്ചില്ലെങ്കിൽ തന്നെ ഇവരവിടെ സ്വസ്ഥമായി കഴിയുന്നത് നമുക്കൊരു മാനക്കേടല്ലേ? ഇവരവിടെ ചെന്ന് ആളും ബലവും കൂട്ടി തിരിച്ചുവന്നാലും പ്രശ്നം തന്നെയാണ്. അതുകൊണ്ട് എങ്ങനെയെങ്കിലും നജ്ജാശി രാജാവിനെ പ്രീണിപ്പിച്ച് ഇവരെ തിരിച്ചയപ്പിക്കണം. ഇതിനായി ഖുറൈശികൾ അയച്ചത് ഈ അംറിനെയും അബ്ദുല്ലാഹിബ്നു അബൂറബീഅയെയുമായിരുന്നു. തന്റെ വാഗ്വൈഭവം കൊണ്ട് രാജാവിനെ വരുതിയിലാക്കാമെന്നായിരുന്നു അംറിന്റെ പ്രതീക്ഷ. രാജാവിനും അവിടുത്തെ പുരോഹിതന്മാർക്കും ധാരാളം വിലപിടിപ്പുള്ള സമ്മാനങ്ങളുമായാണ് അവർ പുറപ്പെട്ടത്.

അവിടെ ചെന്ന് രണ്ടുപേരും രാജാവിനെ കണ്ട് പറഞ്ഞുവത്രെ: ‘ഞങ്ങളുടെ നാട്ടിൽ നിന്ന് വിവരംകെട്ട കുറെ ചെറുപ്പക്കാർ അങ്ങയുടെ രാജ്യത്തെത്തിയിരിക്കുന്നു. സ്വന്തം മതമുപേക്ഷിച്ച് പുതിയൊരു മതവുമായാണ് അവർ വന്നിരിക്കുന്നത്. അവരെ മക്കയിലേക്കു തന്നെ തിരിച്ചയക്കാൻ അങ്ങയോട് അപേക്ഷിക്കാനായി അവരുടെ പിതാക്കളും പിതൃവ്യരും മറ്റു ബന്ധുക്കളുമൊക്കെയാണ് ഞങ്ങളെ ഇങ്ങോട്ടയച്ചിരിക്കുന്നത്. അങ്ങ് ദയവു ചെയ്ത് അവരെ നാട്ടിലേക്ക് തിരിച്ചയക്കണം.’



തങ്ങളുടെ പാരിതോഷികങ്ങൾ സ്വീകരിച്ച്, വാക്കുകൾ അപ്പടി വിശ്വസിച്ച് രാജാവ് അവരെ തിരിച്ചയക്കുമെന്നായിരുന്നു അംറിന്റെയും കൂട്ടുകാരന്റെയും പ്രതീക്ഷ. പക്ഷേ, നജ്ജാശി വഴങ്ങിയില്ല. അദ്ദേഹം അഭയാർത്ഥികളായി വന്ന മക്കക്കാരെ വിളിച്ചു കാര്യമന്വേഷിച്ചു. കൂട്ടത്തിൽപ്പെട്ട ജഅ്ഫറുബ്നു അബീത്വാലിബ് രാജാവിന്റെ ചോദ്യങ്ങൾക്കെല്ലാം വ്യക്തമായ ഉത്തരം പറഞ്ഞു. പുതിയ മതത്തെ ശരിക്കും പരിചയപ്പെടുത്തി. രാജാവിന് കാര്യം മനസ്സിലായി. തിരിച്ചയക്കുന്നതിനു പകരം അവർക്ക് സംരക്ഷണം നൽകാനാണ് അദ്ദേഹത്തിനു തോന്നിയത്. അന്ന് സഭയിൽ നിന്ന് നാണംകെട്ട് ഇറങ്ങിപ്പോന്ന ഇരുവരും അടുത്തദിവസം പുതിയ പരാതിയുമായി വീണ്ടും രാജാവിനെ കാണാൻ ചെന്നത്രെ!

**പാരിതോഷികങ്ങൾ സ്വീകരിച്ച്, വാക്കുകൾ അപ്പടി വിശ്വസിച്ച് രാജാവ് അഭയാർത്ഥികളെ തിരിച്ചയക്കുമെന്നായിരുന്നു അംറിന്റെയും കൂട്ടുകാരന്റെയും പ്രതീക്ഷ. പക്ഷേ, നജ്ജാശി വഴങ്ങിയില്ല. അദ്ദേഹം അഭയാർത്ഥികളെ വിളിച്ചു കാര്യമന്വേഷിച്ചു. കൂട്ടത്തിൽപ്പെട്ട ജഅ്ഫറുബ്നു അബീത്വാലിബ് രാജാവിന്റെ ചോദ്യങ്ങൾക്കെല്ലാം വ്യക്തമായ ഉത്തരം പറഞ്ഞു. രാജാവിന് കാര്യം മനസ്സിലായി. തിരിച്ചയക്കുന്നതിനു പകരം അവർക്ക് സംരക്ഷണം നൽകാനാണ് അദ്ദേഹത്തിനു തോന്നിയത്.**



ഹുദൈബിയ്യ സന്ധിയെ തുടർന്ന് റസൂലുല്ലാഹിയും സ്വഹാബികളും മക്കയിൽ വന്ന് ഉംറ നിർവഹിച്ചതോടെ ഖുറൈശികളുടെ അങ്കലാപ്പ് പെരുകുകയായിരുന്നു. അവിടെയുമിവിടെയുമിരുന്ന് ജനങ്ങൾ റസൂലുല്ലാഹിക്കും പുതിയ മതത്തിനും അനുകൂലമായി സംസാരിക്കാൻ തുടങ്ങിയതോടെ നേതാക്കൾ വെപ്രാളത്തിലായി. റസൂലുല്ലാഹി മക്ക പിടിച്ചടക്കാൻ വന്നാൽ ജനങ്ങളിൽ അധികപേരും അവരുടെ കൂടെ ചേരുമെന്ന ഭയമായി. അങ്ങനെ വന്നാൽ....?

ഈസബ്നു മറിയമിനെക്കുറിച്ച് മുസ്‌ലിംകൾ അപവാദം പറയുന്നുണ്ടെന്നായിരുന്നു ആ പരാതി.

രാജാവ് വീണ്ടും അഭയാർത്ഥികളെ വിളിച്ചു ചോദ്യം ചെയ്തു. ഈസബ്നു മറിയമിനെക്കുറിച്ച് വിശുദ്ധഖുർആനിലെ വചനങ്ങൾ ഉദ്ധരിച്ചാണ് ജഅ്ഫർ അതിനു മറുപടി നൽകിയത്. അതു കേട്ടപ്പോൾ ഇവർ നൂറുശതമാനം സത്യസന്ധരാണെന്നായിരുന്നു വത്രെ രാജാവിന്റെ പ്രതികരണം. മുസ്‌ലിംകൾക്ക് അദ്ദേഹം കൂടുതൽ സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും അവർക്ക് സംരക്ഷണം ഏർപ്പെടുത്തുകയും ചെയ്യാനാണ് അന്ന് അംറിന്റെയും കൂട്ടുകാരന്റെയും പോക്ക് കാരണമായത്.

നാണം കെട്ടാണ് അന്നവർ അബ്സീനിയയിൽ നിന്ന് തിരിച്ചുപോന്നത്. അക്കാര്യങ്ങളെല്ലാം മക്കയിലറിഞ്ഞപ്പോൾ അംറിനും കൂട്ടുകാരനും ജനങ്ങൾക്കിടയിൽ തലയുയർത്താനാവാതെ നടക്കേണ്ടിവന്ന കഥ എല്ലാവർക്കും അറിയാവുന്നതാണ്. ഇങ്ങനെയൊക്കെ സത്യം വ്യക്തമായിട്ടും ഇത്രയും കാലം ഇവരുടെയൊന്നും അകക്കണ്ണ് തുറന്നില്ലല്ലോ.

ഹുദൈബിയ്യ സന്ധിയെ തുടർന്ന് റസൂലുല്ലാഹിയും സ്വഹാബികളും മക്കയിൽ വന്ന് ഉംറ നിർവഹിച്ചതോടെ ഖുറൈശികളുടെ അങ്കലാപ്പ് പെരുകുകയായിരുന്നു. അവിടെയുമിവിടെയുമിരുന്ന് ജനങ്ങൾ റസൂലുല്ലാഹിക്കും പുതിയ മതത്തിനും അനുകൂലമായി സംസാരിക്കാൻ തുടങ്ങിയതോടെ നേതാക്കൾ വെപ്രാളത്തിലായി. റസൂലുല്ലാഹി മക്ക പിടിച്ചടക്കാൻ വന്നാൽ ജനങ്ങളിൽ അധികപേരും അവരുടെ കൂടെ ചേരുമെന്ന ഭയമായി. അങ്ങനെ വന്നാൽ....?

ഈ സാഹചര്യത്തിലാണ് അംറ് തന്റെ ഗോത്രത്തിലെ ചില ചെറുപ്പക്കാരുമായി കാര്യം ചർച്ച ചെയ്തത്. 'അവർ മക്ക പിടിച്ചടക്കിയാൽ നമ്മളും അവരുടെ കൂടെ ചേരേണ്ടി വരുമോ?, അവർ നമ്മോട് പ്രതികാരം ചെയ്യില്ലേ?, ഇത്രയും കാലം അവരോട് അതിനിഷ്ഠൂരമായി പെരുമാറിയ നമ്മെ അവർ ഒരിക്കലും വെറുതെ വിടുമെന്ന് തോന്നുന്നില്ല.'

'നമ്മളിനി എന്താണ് ചെ

**രാജാവ് പറഞ്ഞു: 'താങ്കൾക്കും കൂടെയുള്ളവർക്കും ഇവിടെ സുരക്ഷിതരായി കഴിയണമെങ്കിൽ വിലപിടിച്ച സമ്മാനങ്ങൾ കൊണ്ടുവന്നു തന്നിട്ടൊന്നും കാര്യമില്ല. നിങ്ങൾ മുഹമ്മദിന്റെ മതം സ്വീകരിച്ചോളൂ. എന്നാൽ നമ്മുടെ രാജ്യത്ത് നിങ്ങൾ സുരക്ഷിതരായിരിക്കും.' അംറും കൂട്ടുകാരനും അതു കേട്ട് വിഷണ്ണരായി നിന്നുപോയത്രെ. ഇസ്‌ലാമിൽ നിന്ന് രക്ഷപ്പെടാനാണ് ഈ രാജ്യത്ത് അഭയം തേടിയെത്തിയിരിക്കുന്നത്. എന്നിട്ടിപ്പോൾ..?**

യ്യുക?' ചെറുപ്പക്കാർ പരിഹാരമാർഗ്ഗം തേടിയപ്പോൾ അംറ് അവരോട് പറഞ്ഞുവത്രെ: 'നമുക്കു തൽക്കാലം അബ്സീനിയയിലേക്ക് പോകാം. അവിടെ നമുക്ക് സംരക്ഷണം ലഭിക്കാതിരിക്കില്ല. എന്നാൽ പിന്നെ മുഹമ്മദ് മക്ക പിടിച്ചടക്കിയാലും പേടിക്കാനില്ല. ഇനി ഖുറൈശികളാണ് യുദ്ധത്തിൽ ജയിക്കുന്നതെങ്കിൽ നമുക്ക് സന്തോഷത്തോടെ മക്കയിലേക്ക് തിരിച്ചുവരുകയും ചെയ്യാമല്ലോ.'

അംറിന് നജ്ജാശിയുടെ കാര്യത്തിൽ നല്ല പ്രതീക്ഷയുണ്ടായിരുന്നു. മുമ്പത്തെ സംഭവത്തിൽ രാജാവിന് അദ്ദേഹത്തോട് നീരസമുണ്ടായിരുന്നെങ്കിലും പിന്നെ തന്ത്രപരമായി പ്രീതി പിടിച്ചുപറ്റിയിട്ടുണ്ട്. അവിടെയുണ്ടായിരുന്ന മുസ്‌ലിംകളെല്ലാം മദീനയിലേക്ക് തിരിച്ചുപോന്ന സ്ഥിതിക്ക് അവരെയും പേടിക്കാനില്ല. അതോടെ പുതിയ മതത്തോടുള്ള രാജാവിന്റെ താൽപര്യവും കുറഞ്ഞിട്ടുണ്ടാവും. ഇങ്ങനെ പലതരം കണക്കുകൂട്ടലുകൾ നടത്തിയാണ് അംറ് ആ ചെറുപ്പക്കാരോട് അബ്സീനിയയിലേക്ക് പോകാൻ പറഞ്ഞത്.

നോക്കണേ, കാലാന്തരത്തിൽ സംഭവിക്കുന്ന തമാശകൾ! അന്ന് മുസ്‌ലിംകളായിരുന്നല്ലോ അഭയാർത്ഥികൾ. ഇന്നിതാ അവരെ ദ്രോഹിച്ചവർ അവിടെ അഭയാർത്ഥികളായെത്തുന്നു!

'അപ്പോൾ താങ്കളോ?' ആ ചെറുപ്പക്കാർ ചോദിച്ചു.

'ഞാനും നിങ്ങളുടെ കൂടെ വരാം. നജ്ജാശിയുമായി വളരെ അടുത്ത ബന്ധമുണ്ടെനിക്ക്. അദ്ദേഹത്തോട് സംസാരിച്ച് നമുക്ക് സംരക്ഷണമുറപ്പിക്കാം.'

അങ്ങനെ അവർ ഒന്നിച്ച് അബ്സീനിയയിലേക്ക് കപ്പൽ കയറി. രാജാവിനെ മുഖം കാണിച്ചു ബന്ധം പുതുക്കി. ആഗമനോദ്ദേശ്യം അറിയിച്ചു. അതിനിടയിൽ അംറ് റസൂലുല്ലാഹിയെ ആക്ഷേപിച്ചു ചില വാക്കുകൾ പറഞ്ഞുപോയത്രെ. ഉള്ളിലുള്ള പക അറിയാതെ പുറത്തുചാടിപ്പോയതാണ്. അതുകേട്ട് രാജാവ് കുപിതനായി. അംറ് പേടിച്ചുവിറച്ചുപോയി. രാജാവിനെ ദേഷ്യം പിടിപ്പിച്ചാൽ പിന്നെ ഉടലിൽ തല കണ്ടെന്നു വരില്ലല്ലോ. അംറ് പെട്ടെന്ന് തലകുനിച്ചു മാപ്പിരന്നുവത്രെ.

അപ്പോൾ രാജാവ് പറഞ്ഞു: 'താങ്കൾക്കും കൂടെയുള്ളവർക്കും ഇവിടെ സുരക്ഷിതരായി കഴിയണമെങ്കിൽ വിലപിടിച്ച സമ്മാനങ്ങൾ കൊണ്ടുവന്നു തന്നിട്ടൊന്നും കാര്യമില്ല. നിങ്ങൾ മുഹമ്മദിന്റെ മതം സ്വീകരിച്ചോളൂ. എന്നാൽ നമ്മുടെ രാജ്യത്ത് നിങ്ങൾ സുരക്ഷിതരായിരിക്കും.'

അംറും കൂട്ടുകാരനും അതു കേട്ട് വിഷണ്ണരായി നിന്നുപോയത്രെ. ഇസ്‌ലാമിൽ നിന്ന് രക്ഷപ്പെടാനാണ് ഈ രാജ്യത്ത് അഭയം തേടിയെത്തിയിരിക്കുന്നത്. എന്നിട്ടിപ്പോൾ ഇവിടത്തെ രാജാവ് പറയുന്നു; ഇസ്‌ലാം സ്വീകരിച്ചാലേ നിങ്ങൾക്ക് ഇവിടെ രക്ഷയുള്ളൂ എന്ന്! ക്രിസ്ത്യാനിയായിരുന്ന നജ്ജാശിയും ഇപ്പോൾ മുസ്‌ലിമായിപ്പോയോ?

അമ്പരപ്പിലാണ്ട അംറ് അപ്പോൾ തുറന്നു ചോദിക്കുക തന്നെ ചെയ്തു: 'മഹാരാജാവേ, അങ്ങും മുഹമ്മദിന്റെ മതത്തിൽ ചേർന്നോ?'

'അതേ. ഞാനും സത്യസാക്ഷ്യവചനങ്ങൾ ഉരുവിട്ട് മുസ്‌ലിമായിക്കഴിഞ്ഞു. ഇനി നിങ്ങൾക്ക് രക്ഷ വേണോ, എങ്കിൽ ഞാൻ പറയും പോലെ ചെയ്യണം'

'ഞങ്ങളെന്താണ് ചെയ്യേണ്ടത് മഹാരാജാവേ?' അംറ് പരിഭ്രമത്തോടെ ആരാഞ്ഞു.

'അംറേ, നിങ്ങളും മുഹമ്മദിനെ അംഗീകരിക്കണം. വിശ്വസിക്കണം. അല്ലാഹുവാണെ! മുഹമ്മദ് പറയുന്നത് സത്യമാണ്. തനിക്കെതിരെയുള്ള ഏതു പ്രതിബന്ധവും തകർത്ത് മുഹമ്മദ് നബി വിജയിക്കും; മൂസാനബി ഫറോവയെയും കൂട്ടാളികളുടെയും മേൽ വിജയം കൈവരിച്ച പോലെ.' അതുകേട്ട് അംറിന്റെ കണ്ണു തള്ളിപ്പോയി. ഏതൊന്നിനെ പേടിച്ചാണോ സാഹസയാത്ര നടത്തി ഇവിടെയെത്തിയത്, അതിതാ ഇവിടെ തന്നെ വിഴുങ്ങാനടുക്കുന്നു. പിന്നെ അംറിനവിടെ നിൽക്കപ്പൊറുതിയില്ലാതായി. കൂടെയുള്ളവരെ അവഗണിച്ച് അദ്ദേഹം രഹസ്യമായി സ്ഥലം വിട്ടു. ഒരു തോണിയിൽ കയറി യമൻ തീരത്തേക്ക് യാത്രയായി. അവിടെനിന്ന് ഒരൊട്ടകത്തെ വാങ്ങി. യാത്രക്കുള്ള വിഭവങ്ങൾ സമാഹരിച്ചു. ഉടനെത്തന്നെ യാത്ര പുറപ്പെട്ടു; മദീന ലക്ഷ്യമാക്കി. തീരദേശപാതയിലെ ഹദ്ദാഹിലെത്തി. അപ്പോഴാണല്ലോ യാദൃച്ഛികമായി ഖാലിദിനെയും ഉസ്മാനെയും കാണുന്നത്!

(തുടരും)

തിരുനബി

അനസ് ബുഖാരി ആമപ്പൊയിൽ

# തിരുനബി(സ)യുടെ ഭക്ഷണശീലങ്ങൾ

മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിലൊന്നാണ് ഭക്ഷണം. എന്നാൽ, ഏതു ഭക്ഷണം കഴിക്കണമെന്നും കഴിക്കരുതെന്നും തുടങ്ങി ഭക്ഷണത്തിന്റെ അളവും കഴിക്കുന്നതിന്റെ രീതിയും ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും തിരുനബി(സ) വളരെ വ്യക്തവും സൂക്ഷ്മവുമായി പഠിപ്പിച്ചിട്ടുണ്ട്.

## അടിസ്ഥാന തത്വങ്ങൾ

ഭക്ഷണം അല്ലാഹു മനുഷ്യന് നൽകിയ ഏറ്റവും വലിയ അനുഗ്രഹങ്ങളിലൊന്നാണ്. ആരോഗ്യകരമായ രീതിയിൽ ഭക്ഷണം കഴിക്കാനും അതിലൂടെ ശരീരത്തിനാവശ്യമായ പോഷണങ്ങൾ നേടാനും ഇസ്‌ലാം പ്രോത്സാഹിപ്പിക്കുന്നു. എന്നാൽ, ഈ അനുഗ്രഹം ദുരുപയോഗം ചെയ്യരുതെന്നും പരിധിവിട്ട് ആർത്തി കാണിക്കരുതെന്നും ഖുർആനും സുന്നത്തും ആവർത്തിച്ച് ഓർമിപ്പിക്കുന്നുണ്ട്. അനുവദനീയമായത് മാത്രം ഭക്ഷിക്കൽ വിശ്വാസിയുടെ കടമയാണ്. സമ്പാദിക്കുന്ന മാർഗം മുതൽ ഭക്ഷണം പാകം ചെയ്യുന്ന രീതി വരെ ഈ ഹലാൽ പരിധിയിൽ വരുന്നു. ഇതിനു പുറമെ കേടുവന്നതോ, മായം കലർന്നതോ, ശരീരത്തിന് ഹാനികരമായതോ ആയ യാതൊന്നും കഴിക്കാൻ പാടില്ല. തികച്ചും പ്രകൃതിദത്തവും പോഷകസമ്പുഷ്ടവുമായ ആഹാരരീതിയാണ് നബി(സ) പിന്തുടർന്നിരുന്നത്.

## അമിതാഹാരം

പ്രമേഹം, കൊളസ്ട്രോൾ, ഹൃദ്രോഗം, അമിതവണ്ണം എന്നിങ്ങനെ ലോകത്ത് ഇന്ന് കാണുന്ന ഒട്ടുമിക്ക ജീവിതശൈലീ രോഗങ്ങൾക്കുമുള്ള പ്രധാന കാരണം അമിതാഹാരമാണ്. നബി(സ) പതിനാലു നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ അമിതമായി ഭക്ഷണം കഴിക്കുന്നതിനെതിരെ ശക്തമായ മുന്നറിയിപ്പുകൾ നൽകിയിട്ടുണ്ട്. 'മനുഷ്യന് ജീവൻ നിലനിർത്താനാവശ്യമായ ഏതാനും ഉരുളകൾ മാത്രമേ ആവശ്യമുള്ളൂ' എന്നവിടുന്ന് പഠിപ്പിച്ചു. കൂടുതൽ കഴിക്കണമെന്ന് നിർബന്ധമുള്ളവർ തങ്ങളുടെ ആമാശയത്തെ കൃത്യമായി മൂന്നായി വിഭജിക്കണം. അതിൽ ഒരു ഭാഗം ഭക്ഷണത്തിനും മറ്റൊരു ഭാഗം വെള്ളത്തിനും മൂന്നാമത്തെ ഭാഗം വായുവിനുമായി ഒഴിച്ചിടുക എന്നതാണ്



> കൂടുതൽ കഴിക്കണമെന്ന് നിർബന്ധമുള്ളവർ തങ്ങളുടെ ആമാശയത്തെ കൃത്യമായി മൂന്നായി വിഭജിക്കണം. അതിൽ ഒരു ഭാഗം ഭക്ഷണത്തിനും മറ്റൊരു ഭാഗം വെള്ളത്തിനും മൂന്നാമത്തെ ഭാഗം വായുവിനുമായി ഒഴിച്ചിടുക എന്നതാണ് നബി(സ) നൽകിയ ഏറ്റവും ശാസ്ത്രീയമായ ആരോഗ്യപാഠം. പൂർണമായും വയറു നിറയുന്നതിനു മുമ്പു തന്നെ ഭക്ഷണം അവസാനിപ്പിക്കുകയും തീൻമേശയിൽ നിന്ന് എഴുന്നേൽക്കുകയും ചെയ്യുക എന്നത് നബിചര്യയാണ്.

നബി(സ) നൽകിയ ഏറ്റവും ശാസ്ത്രീയമായ ആരോഗ്യപാഠം. പൂർണമായും വയറു നിറയുന്നതിനു മുമ്പു തന്നെ ഭക്ഷണം അവസാനിപ്പിക്കുകയും തീൻമേശയിൽ നിന്ന് എഴുന്നേൽക്കുകയും ചെയ്യുക എന്നത് നബിചര്യയാണ്. വിശപ്പില്ലാതെ ഒരിക്കലും ഭക്ഷണം കഴിക്കരുതെന്നും അവിടുന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

## ഇഷ്ടഭക്ഷണങ്ങൾ

തിരുജീവിതത്തിൽ പ്രധാന ഭക്ഷണമായിരുന്നു ഈന്തപ്പഴം. അറേബ്യയിൽ ഏറ്റവും കൂടുതൽ ലഭ്യമായ ഫലം എന്നതിലുപരി, ഒട്ടേറെ ഔഷധഗുണങ്ങളുള്ള പഴമാണിത്. പെട്ടെന്ന് ശരീരത്തിന് ഊർജം നൽകാനും ദഹനപ്രക്രിയ സുഗമമാക്കാനും ഈന്തപ്പഴത്തിന് കഴിയും. പ്രഭാതത്തിൽ വെറും വയറ്റിൽ മദീനയിലെ 'അജ്‌വ' ഇനത്തിൽ പെട്ട ഏഴ് ഈത്തപ്പഴം കഴിക്കുന്നത് വിഷങ്ങളെയും മറ്റ് ഉപദ്രവങ്ങളെയും ചെറുക്കാൻ ശരീരത്തിന് പ്രതിരോധശേഷി നൽകുമെന്ന് നബി(സ) പഠിപ്പിച്ചിട്ടുണ്ട്. നോമ്പു തുറക്കുന്ന സമയത്തും ഈന്തപ്പഴം ഉപയോഗിക്കുന്നത് തിരുസുന്നത്താണ്. നീണ്ട നേരത്തെ ഉപവാസത്തിനു ശേഷം ആമാശയത്തിന് യാതൊരു ആഘാതവും ഏൽപ്പിക്കാതെ പെട്ടെന്ന് ഗ്ലൂക്കോസ് നില മെച്ചപ്പെടുത്താൻ ഇത് സഹായിക്കുന്നു.



## തേൻ

പരിശുദ്ധ ഖുർആൻ 'മനുഷ്യർക്ക് രോഗശമനമുള്ള പാനീയം' എന്ന് വിശേഷിപ്പിച്ച അത്ഭുതവിഭവമാണ് തേൻ. തിരുനബി(സ)യുടെ ഭക്ഷണത്തളികയിൽ പ്രധാനപ്പെട്ട ഇടം തേനിനുണ്ടായിരുന്നു. പ്രത്യേകിച്ച് രാവിലെ വെറും വയറ്റിൽ അല്പം തണുത്ത വെള്ളത്തിൽ തേൻ കലർത്തി കുടിക്കുന്ന ശീലം പ്രവാചകനുണ്ടായിരുന്നു. ഇത് ആമാശയത്തെയും കുടലുകളെയും ശുദ്ധീകരിക്കാനും, ശരീരത്തിലെ വിഷാംശങ്ങളെ പുറംതള്ളാനും ഉന്മേഷം നിലനിർത്താനും അത്യുത്തമമാണ്. ഉദരരോഗങ്ങളടക്കം പല ദീനങ്ങൾക്കും നബി(സ) അനുചരന്മാർക്ക് തേൻ ഒരു മികച്ച പ്രതിവിധിയായി നിർദ്ദേശിച്ചിരുന്നതായി കാണാം.

## സൈത്തിന്റെ പുണ്യം

അനുഗൃഹീത വൃക്ഷമായ ഒലീവുമരത്തെയും അതിന്റെ ഫലങ്ങളെയും എണ്ണയെയും ഖുർആൻ പ്രശംസിച്ചിട്ടുണ്ട്. ഒലീവ് എണ്ണ ഭക്ഷണത്തിൽ പരമാവധി ഉൾപ്പെടുത്താനും ശരീരത്തിൽ പുരട്ടാനും പ്രവാചകർ(സ) നിർദ്ദേശിച്ചിട്ടുണ്ട്. ആധുനിക വൈദ്യശാസ്ത്രം ഇന്ന് ഏറ്റവും മികച്ച പാചകയെണ്ണയായി കണക്കാക്കുന്നത് എക്സ്ട്രാ വിർജിൻ ഒലീവ് ഓയിലാണ്. ഹൃദയാരോഗ്യം സംരക്ഷിക്കാനും ചീത്ത കൊളസ്ട്രോൾ കുറയ്ക്കാനും ചർമത്തിന്റെയും മുടിയുടെയും ആരോഗ്യം നിലനിർത്താനും ഇത് സഹായിക്കുന്നു.

## പാൽ

ഏറ്റവും പ്രിയപ്പെട്ടതും പോഷകസമ്പുഷ്ടവുമായ പാനീയങ്ങളിലൊന്നായി നബി(സ) പാലിനെ കണക്കാക്കിയിരുന്നു. കാൽസ്യവും പ്രോട്ടീനും മറ്റു അവശ്യജീവകങ്ങളുമടങ്ങിയ പാൽ ഒരു സമ്പൂർണ ആഹാരമാണ്. നബി(സ) പാൽ കുടിക്കുമ്പോൾ ഒരു പ്രത്യേക പ്രാർത്ഥന നടത്തിയിരുന്നു: 'അല്ലാഹുവേ, ഇതിൽ നീ ഞങ്ങൾക്ക് ബറകത്ത് നൽകുകയും, ഇതിനെക്കാൾ ഉത്തമമായത് ഞങ്ങൾക്ക് വർദ്ധിപ്പിച്ചു നൽകുകയും ചെയ്യേണമേ' എന്നായിരുന്നു ആ പ്രാർത്ഥന.

നാരുകളാൽ സമ്പന്നമായ ബാർലി ദഹനത്തിന് വളരെ നല്ലതാണ്. ബാർലി പൊടിച്ച് പാലോ വെള്ളമോ ചേർത്ത് ചെറിയ തീയിൽ വേവിച്ചുണ്ടാക്കുന്ന 'തൽബീന' രുചികരമാണ്. ഇതിൽ അല്പം തേൻ കൂടി ചേർത്ത് കഴിക്കുന്നത് വളരെ നല്ലതാണ്. വീടുകളിൽ ആരെങ്കിലും മരിച്ചാൽ ദുഃഖിതരായ കുടുംബാംഗങ്ങൾക്ക് തൽബീന ഉണ്ടാക്കി നൽകാൻ പ്രവാചകർ പത്നിമാരോട് നിർദേശിക്കാറുണ്ടായിരുന്നുവെന്ന് സ്വഹീഹുൽ ബുഖാരിയിൽ കാണാം.



ഈ സംഭവം ഇമാം അബൂദാവൂദ്(റ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മറ്റു ഭക്ഷണങ്ങൾ കഴിക്കുമ്പോൾ അത് ദഹിപ്പിക്കാനും പകരം നല്ലത് നൽകാനും പ്രാർത്ഥിച്ചിരുന്ന നബി(സ), പാലിന്റെ കാര്യത്തിൽ അത് വർദ്ധിപ്പിച്ചു നൽകാനാണ് പ്രാർത്ഥിച്ചതെന്നത് പാലിന്റെ മഹത്വത്തെ സൂചിപ്പിക്കുന്നു.

## ബാർലിയും തൽബീനയും

ഗോതമ്പിനെക്കാൾ നബി(സ) ഉപയോഗിച്ചിരുന്നത് ബാർലിയാണ്. നാരുകളാൽ സമ്പന്നമായ ബാർലി ദഹനത്തിന് വളരെ നല്ലതാണ്. ബാർലി പൊടിച്ച് പാലോ വെള്ളമോ ചേർത്ത് ചെറിയ തീയിൽ വേവിച്ചുണ്ടാക്കുന്ന 'തൽബീന' രുചികരമാണ്. ഇതിൽ അല്പം തേൻ കൂടി ചേർത്ത് കഴിക്കുന്നത് വളരെ നല്ലതാണ്. വീടുകളിൽ ആരെങ്കിലും മരിച്ചാൽ ദുഃഖിതരായ കുടുംബാംഗങ്ങൾക്ക് തൽബീന ഉണ്ടാക്കി നൽകാൻ പ്രവാചകർ പത്നിമാരോട് നിർദേശിക്കാറുണ്ടായിരുന്നുവെന്ന് സ്വഹീഹുൽ ബുഖാരിയിൽ കാണാം. ഇത് ഹൃദയത്തിന് ആശ്വാസം നൽകാനും ദുഃഖം ലഘൂകരിക്കാനും രോഗികൾക്ക് പെട്ടെന്ന് ശാരീരികക്ഷീണമകറ്റാനും ഉത്തമമാണെന്ന് പ്രവാചക വൈദ്യശാസ്ത്രം സാക്ഷ്യപ്പെടുത്തുന്നു.

## മാംസം നല്ലതു തന്നെ

നബി(സ) പൂർണ സസ്യാഹാരിയായിരുന്നില്ല, മാംസവും കഴിച്ചിരുന്നു. എന്നാൽ, മാംസം അമിതമായി കഴിക്കുന്ന സ്വഭാവം അവിടുത്തേക്കുണ്ടായിരുന്നില്ല. വളരെ മിതമായ അളവിൽ മാത്രമേ നബി(സ) മാംസം കഴിച്ചിരുന്നുള്ളൂ. ആടിന്റെ മുൻകൈ ഭാഗത്തെ മാംസമായിരുന്നു കൂടുതൽ പ്രിയം. ഒട്ടകത്തിന്റെ ഇറച്ചിയും നബി(സ) കഴിച്ചിട്ടുണ്ട്. എന്നാൽ, ദിവസവും മാംസം കഴിക്കുന്ന ശീലം ഇസ്ലാമിക ഭോജനരീതിക്കു വിരുദ്ധമാണ്. തുടരെ നാല്പതു ദിവസം മാംസഹാരം കഴിച്ചാൽ ഹൃദയം കടുത്തുപോകുമെന്ന് ഇമാം ഗസ്സാലി(റ) ഇഹ്യാഉലൂമിദ്ദീനിൽ പറഞ്ഞിട്ടുണ്ട്. മാംസാഹാരത്തിന്റെ അമിതമായ ഉപയോഗം ശരീരത്തിൽ യൂറിക് ആസിഡ് വർദ്ധിക്കാനും മറ്റു ആരോഗ്യപ്രശ്നങ്ങൾക്കും കാരണമാകുമെന്ന് ആധുനികവൈദ്യശാസ്ത്രം തെളിയിച്ചിട്ടുണ്ട്.

## സമയം പ്രധാനം

സമയനിഷ്ഠയോടെയുള്ള ഭക്ഷണക്രമം ആരോഗ്യത്തിന് അനിവാര്യമാണ്. ദിവസം തുടങ്ങുന്നത് ആരോഗ്യകരമായ പ്രഭാതഭക്ഷണത്തോടെയാവണം. പ്രഭാതസമയങ്ങളിൽ ശരീരത്തിന് കൂടുതൽ ഊർജം ആവശ്യ

**പ്രഭാതസമയങ്ങളിൽ ശരീരത്തിന് കൂടുതൽ ഊർജം ആവശ്യമുണ്ട്. രാത്രിഭക്ഷണം അഥവാ അത്താഴം തീരെ ഉപേക്ഷിക്കുന്നത് നബി(സ) വിലക്കിയിട്ടുണ്ട്. ഒരു പിടി ഈത്തപ്പഴമെങ്കിലും രാത്രി ഭക്ഷണമായി കഴിക്കണമെന്നാണ് നബിവചനം. രാത്രി വളരെ വൈകി ഭക്ഷണം കഴിക്കുന്ന ശീലം തിരുനബി(സ)ക്കില്ലായിരുന്നു. സൂര്യാസ്തമയത്തോടെ ഭക്ഷണം കഴിക്കുന്നതും ഉറങ്ങുന്നതിനു തൊട്ടുമുമ്പ് വയറുനിറയ്ക്കാതിരിക്കുന്നതുമാണ് മികച്ച രീതി.**

മുണ്ട്. രാത്രിഭക്ഷണം അഥവാ അത്താഴം തീരെ ഉപേക്ഷിക്കുന്നത് നബി(സ) വിലക്കിയിട്ടുണ്ട്. ഒരു പിടി ഈത്തപ്പഴമെങ്കിലും രാത്രി ഭക്ഷണമായി കഴിക്കണമെന്നാണ് പ്രവാചകവചനം. എന്നാൽ, രാത്രി വളരെ വൈകി ഭക്ഷണം കഴിക്കുന്ന ശീലം തിരുനബി(സ)ക്കില്ലായിരുന്നു. സൂര്യാസ്തമയത്തിന്റെ ഉടനെ ഭക്ഷണം കഴിക്കുകയും ഉറങ്ങുന്നതിനു തൊട്ടുമുമ്പ് വയറുനിറയ്ക്കുന്നത് ഒഴിവാക്കുകയും ചെയ്യുന്നതാണ് ഏറ്റവും മികച്ച രീതി. രാത്രി വൈകിയുള്ള അമിതാഹാരം ദഹനക്കേടിനും നെഞ്ചെരിച്ചിലിനും ഉദരസംബന്ധമായ മറ്റുരോഗങ്ങൾക്കും കാരണമാകും.

## മര്യാദകൾ

ഭക്ഷണം കഴിക്കുന്നത് കേവലമൊരു ശാരീരികപ്രക്രിയ എന്നതിലുപരി ഒരു ആരാധനയായി മാറ്റാൻ പ്രവാചകർ(സ) പഠിപ്പിച്ചിട്ടുണ്ട്. ഭക്ഷണം കഴിക്കുന്നതിനു മുമ്പും ശേഷവും ഇരുകൈകളും വൃത്തിയായി കഴുകണം. ഇടതു കൈ കൊണ്ട് ഭക്ഷണം കഴിക്കുന്നതും കുടിക്കുന്നതും പിശാചിന്റെ രീതിയാണെന്നും ഇസ്‌ലാം പഠിപ്പിക്കുന്നു. വലതുകൈ കൊണ്ടു മാത്രം ഭക്ഷണം കഴിക്കുക. അല്ലാഹുവിന്റെ നാമത്തിൽ അഥവാ ബിസ്മി ചൊല്ലി കഴിച്ചുതുടങ്ങുക. ഒരു പാത്രത്തിനുചുറ്റും ഒന്നിലധികം ആളുകളിരുന്നു കഴിക്കുമ്പോൾ തന്റെ മുന്നിലുള്ളതിൽ നിന്നു മാത്രം എടുത്തുകഴിക്കുക എന്നതാണ് മര്യാദ. ചൂടുള്ള ഭക്ഷണത്തിൽ ഊതുന്നതും വലിയ പാത്രത്തിൽ നിന്ന് നേരിട്ട് വായിലൊഴിക്കുന്നതും ഒന്നായി മോന്തിക്കുടിക്കുന്നതും നബി(സ) നിരോധിച്ചിട്ടുണ്ട്.

## ഇരുന്നു കഴിക്കൽ

ചാരിയിരുന്ന് ഭക്ഷണം കഴിക്കുന്നത് നബി(സ) കർശനമായി വിലക്കിയിട്ടുണ്ട്. ഇത് അന്നനാളം വഴിയുള്ള ഭക്ഷണത്തിന്റെ സുഗമമായ സഞ്ചാരത്തെ തടസ്സപ്പെടുത്തുകയും ദഹനപ്രക്രിയയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും. തറയിൽ ഇരുന്നുകൊണ്ടായിരുന്നു തിരുനബി(സ) ഭക്ഷണം കഴിച്ചിരുന്നത്. തറയിലിരിക്കുമ്പോൾ ആമാശയത്തിലേക്കുള്ള രക്തയോട്ടം വർദ്ധിക്കുകയും ദഹനം വളരെ വേഗത്തിൽ നടക്കുകയും ചെയ്യും. നിന്നുകൊണ്ട് വെള്ളം കുടിക്കുന്നതും ഭക്ഷണം കഴിക്കുന്നതും ഒഴിവാക്കാനും ഇസ്‌ലാം നിർദ്ദേശിക്കുന്നു.

## കുറ്റം പറയല്ലേ

ഭക്ഷണത്തെ ഒരിക്കലും കുറ്റം പറയാൻ പാടില്ലെന്നാണ് നബി(സ)യുടെ അധ്യാപനം. ഇഷ്ടമുള്ള ഭക്ഷണമാണെങ്കിൽ അവിടുന്ന് സന്തോഷത്തോടെ കഴിക്കും, ഇഷ്ടമില്ലാത്തതാണെങ്കിൽ കഴിക്കില്ല. ഒരിക്കൽ പോലും ഭക്ഷണത്തെ നബി(സ) ആക്ഷേപിച്ചിരുന്നില്ല. ഭക്ഷണം ഉണ്ടാക്കുന്നവരോടുള്ള ആദരവും അല്ലാഹു നൽകിയ അനുഗ്രഹത്തോടുള്ള നന്ദിയുമാണ് ഇതിലൂടെ അവിടുന്ന് പ്രകടിപ്പിച്ചിരുന്നത്. കഴിച്ചു കഴിഞ്ഞാൽ പാത്രവും വിരലുകളും നന്നായി തുടച്ചുകഴിക്കാനും ഒന്നും ബാക്കിവെക്കാതിരിക്കാനും നബി(സ) നിർദ്ദേശിച്ചിട്ടുണ്ട്.

## വിരുദ്ധാഹാരങ്ങൾ

ഇസ്‌ലാമിക വൈദ്യശാസ്ത്രവും പ്രാചീന യൂനാനി ചികിത്സാരീതികളും ചില ഭക്ഷണങ്ങൾ ഒന്നിച്ച് കഴിക്കുന്നത് ശരീരത്തിന് ദോഷകരമാണെന്ന് വ്യക്തമാക്കുന്നുണ്ട്. ആധുനിക പോഷകാഹാരവിദഗ്ധരും ഈ വിരുദ്ധാഹാര സങ്കൽപ്പത്തെ ശരിവെക്കുന്നു. പാലും മത്സ്യവും ഒന്നിച്ച് കഴിക്കുന്നത് പരമ്പരാഗതമായി വിലക്കപ്പെട്ടതാണ്. ഇവ രണ്ടും തികച്ചും വ്യത്യസ്തമായ ദഹനപ്രക്രിയകൾ ആവശ്യപ്പെടുന്നുവെന്നതാണ് കാരണം. ഇത് ത്വക്ക് രോഗങ്ങൾക്കും അലർജികൾക്കും ദഹനപ്രശ്നങ്ങൾക്കും കാരണമാകുമെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഒരേസമയം അമിതമായി ചൂടുള്ളതും തണുത്തതുമായ ഭക്ഷണങ്ങൾ ഒന്നിച്ചു കഴിക്കുന്നതും പല്ലുകളുടെ ഇനാമലിനും ആമാശയത്തിന്റെ സ്വാഭാവിക താപനിലയ്ക്കും ദോഷകരമാണ്. ലളിതമായ ഭക്ഷണക്രമമാണ് എപ്പോഴും ഉത്തമം. തിരുനബി(സ)യുടെ ഈ ഭക്ഷണരീതികളും മര്യാദകളും കൃത്യമായി ജീവിതത്തിൽ പകർത്തിയാൽ ഒട്ടുമിക്ക രോഗങ്ങളിൽ നിന്നും മുക്തി നേടാനും ആരോഗ്യകരവും സന്തുഷ്ടവുമായ ജീവിതം നയിക്കാനും സാധിക്കും. പ്രകൃതിയോട് ഇണങ്ങിച്ചേർന്നുള്ള ഈ ജീവിതശൈലി മനുഷ്യന്റെ ആന്തരികവും ബാഹ്യവുമായ സന്തുലിതാവസ്ഥ നിലനിർത്താൻ സഹായിക്കുന്ന മികച്ച പ്രതിവിധിയാണ്.

ചോദ്യോത്തരം/ ശാഫിഈ

ചെറുശ്ശോല അബ്ദുൽ ജലീൽ സഖാഫി

# അനാഥമക്കളുള്ള വീട്ടിലെ ഭക്ഷണം

***ചോദ്യം: മരണം സംഭവിച്ച വീട്ടിൽ യതീംകുട്ടികളുണ്ടെങ്കിൽ അവിടെ നിന്ന് ഭക്ഷണം കഴിക്കാമോ? അവിടുത്തെ കിണറിലെ വെള്ളം പോലും കുടിക്കരുതെന്നുണ്ടോ? കേടുവരാൻ സാധ്യതയുള്ള ഭക്ഷ്യവസ്തുക്കൾ ഉപയോഗിച്ചു കൂടേ? യതീമിന്റെ സമ്പത്ത് വയറ്റിലെത്താതിരിക്കാൻ അവിടെ നിന്ന് ഒന്നും ഭക്ഷിക്കരുതെന്ന് ചിലർ പറയുന്നു. വിശദീകരിക്കാമോ?***
**എം.പി കാർത്തികപ്പള്ളി**

ഉത്തരം: യതീമുകളുടെയും കുട്ടികളുടെയും രക്ഷിതാവായ ഒരാൾ അദ്ദേഹത്തിനും അവർക്കും കൂട്ടവകാശമുള്ള സമ്പത്തുപയോഗിച്ച് ഭക്ഷണമുണ്ടാക്കുകയും അവരെല്ലാവരും ഭക്ഷിക്കുകയും അതിഥികൾക്കു ഭക്ഷിപ്പിക്കുകയും ചെയ്യുന്നു. അതനുവദനീയമാണോ എന്ന ചോദ്യത്തിന് ഇമാം നവവി(റ) നൽകിയ ഫത്വ ഇപ്രകാരമാണ്: 'അതിൽ യതീമുകളോട് അനീതിയില്ലെങ്കിൽ അനുവദനീയമാണ്.' (ഫതാവന്നവവി - മസ്അല 159) യതീമിനു കൂട്ടവകാശമുള്ള ധനത്തിൽ നിന്ന് രക്ഷിതാവ് ഹദ്‌യ നൽകിയാൽ അത് സ്വീകരിക്കാമോ എന്ന ചോദ്യത്തിന് ഇമാം ഇബ്നുഹജർ(റ) മറുപടി നൽകുന്നു: 'അത് സ്വീകരിക്കൽ അനുവദനീയമല്ല. യതീമിന്റെ സമ്പത്തിൽ നിന്ന് യാതൊന്നും രക്ഷിതാവ് സൗജന്യമായി നൽകൽ അനുവദനീയമല്ല. ഈ മസ്അല അതിഥിക്ക് ഭക്ഷണം നൽകുന്നതിനെക്കുറിച്ച് ഇമാം നവവി(റ) പറഞ്ഞ മസ്അല പോലെയല്ല. അതിഥിക്ക് ഭക്ഷണം നൽകുന്നതിൽ മറ്റുള്ളവയിലില്ലാത്ത ചില ഇളവുകളുണ്ട്. മാത്രവുമല്ല; യതീമിനോട് അന്യായം ചെയ്യരുതെന്ന നിബന്ധന അതിഥികൾക്ക് ഭക്ഷണം നൽകുന്ന മസ്അലയിൽ ഇമാം നവവി(റ) പറഞ്ഞിട്ടുമുണ്ട്. കൂട്ടുസ്വത്തിൽ നിന്ന് ഭക്ഷണമുണ്ടാക്കി യതീമിനുള്ളത് മാറ്റിവെച്ചാൽ പിന്നെ രക്ഷിതാവിന്റെ വിഹിതത്തിൽ നിന്ന് മറ്റുള്ളവർക്ക് ഭക്ഷണം നൽകുന്നതിന് തടസ്സമില്ല. അതിൽ യതീമിനോട് അനീതിയില്ലല്ലോ. അതേസമയം, തനിക്കും യതീമിനും ആവശ്യമായതിലപ്പുറം അതിഥികൾക്കു വേണ്ടി കൂടുതലായി ഉണ്ടാക്കുന്നുണ്ടെങ്കിൽ അതിനുള്ള ചെലവ് കൂട്ടുസ്വത്തിൽ നിന്നെടുത്തുകൂടാ. അത് രക്ഷിതാവിന്റെ സമ്പത്തിൽ നിന്നു തന്നെ എടുക്കണം. ചുരുക്കത്തിൽ, യതീമിന്റെ ധനത്തിൽ നിന്നാണ് സൗജന്യമായി നൽകുന്നതെന്ന് ബോധ്യമായാൽ അത് സ്വീകരിക്കൽ ഹറാമാണ്. രക്ഷിതാവത് നൽകലും ഹറാമാണ്. ഇക്കാര്യം ഇമാമുകൾ പറഞ്ഞതിൽ നിന്ന് വ്യക്തമാണ്.' (അൽ ഫതാവൽ കുബ്റാ 3/48)

കുട്ടിയുടെ സമ്പത്ത് രക്ഷിതാവിന്റെ സമ്പത്തുമായി കൂട്ടിക്കലർത്തലും ഒന്നിച്ച് ഭക്ഷിക്കലും കുട്ടിയുടെ വിഹിതം ബാക്കിയാവുന്ന വിധം അതിൽ നിന്ന് മറ്റുള്ളവരെ ഭക്ഷിപ്പിക്കലും അനുവദനീയമാണെന്ന് ഇമാം റംലി(റ) (നിഹായ 4/380) എഴുതിയിട്ടുണ്ട്. യതീമിന്റെ സമ്പത്തിൽ നിന്ന് നൽകുന്നതെന്ന് ബോധ്യമുണ്ടെങ്കിൽ അത് സ്വീകരിക്കലും ഭക്ഷിക്കലും ഹറാമാണെന്നും അല്ലെങ്കിൽ ഹറാമില്ലെന്നും മേൽ ഉദ്ധരണികളിൽ നിന്ന് വ്യക്തമായല്ലോ. സംശയമുള്ളതാണെങ്കിലും ഒഴിവാക്കലാണ് ഉത്തമം. യതീമിന്റെ ധനത്തിൽ നിന്നല്ലാതെ രക്ഷിതാവിന്റെയോ പ്രായപൂർത്തിയും ബുദ്ധിയുമുള്ള മറ്റു അവകാശികളുടെയോ ധനത്തിൽ നിന്ന് അവരുടെ തൃപ്തിയോടെ നൽകുന്നതാണെങ്കിൽ സ്വീകരിക്കുന്നതിൽ തെറ്റില്ലെന്ന് പറയേണ്ടതില്ലല്ലോ.



# ശാഫിഈ ഫിഖ്ഹ്

***ചോദ്യം: ഇസ്‌ലാം സ്വീകരിച്ച ഒരു സ്ത്രീ മരണപ്പെട്ടു. ഭർത്താവും മരണപ്പെട്ട, മുസ്‌ലിമായ ഒരു മകളുടെ മകളും മാത്രമാണ് മുസ്‌ലിംകളായ അവകാശികളായി അവർക്കുള്ളത്. അമുസ്‌ലിംകളായ രണ്ട് പെൺമക്കളും ജീവിച്ചിരിപ്പുണ്ട്. ആ സ്ത്രീയുടെ സ്വത്ത് ഓഹരി ചെയ്യേണ്ടതെങ്ങനെയാണ്? ഭർത്താവിന് രണ്ടിലൊന്നോ നാലിലൊന്നോ അവകാശം? പെൺമക്കളും മകളുടെ മകളുമുള്ളതിനാൽ ഭർത്താവിന് നാലിലൊന്നാണെന്ന് പറയുന്നത് ശരിയാണോ?***

ഉത്തരം: ആകെ സ്വത്തിന്റെ പകുതി ഭർത്താവിനും ബാക്കിയുള്ളത് മകളുടെ മകൾക്കും അവകാശപ്പെട്ടതാണ്. കുഫ്ർ കാരണം അവകാശികളല്ലാതായ പെൺമക്കൾ ഭർത്താവിന്റെ അവകാശം നാലിലൊന്നായി കുറയ്ക്കുകയില്ല. അത്തരം പ്രശ്നങ്ങളാൽ അവകാശികളല്ലാത്തവർ മറ്റുള്ളവരുടെ അവകാശം തടയുകയോ കുറയ്ക്കുകയോ ചെയ്യില്ലെന്ന് തുഹ്ഫ 6/101, നിഹായ 6/18 തുടങ്ങിയവയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഭർത്താവ് നിശ്ചിത ഓഹരിയുള്ള അടിസ്ഥാന അവകാശിയും മകളുടെ മകൾ ‘ദവുൽഅർഹാം’ എന്ന പൊതുകുടുംബത്തിൽപ്പെട്ടവളുമാണ്. ഭർത്താവിന്റെ നിശ്ചിത ഓഹരിക്കു ശേഷം ബാക്കിയുള്ളത് അവൾക്കുള്ളതാണ്. റൗള: 6/58,59 അസ്നൽമത്വാലിബ്: 3/23 തുടങ്ങിയവയിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.



***ചോദ്യം: ശുക്റിന്റെയോ തിലാവത്തിന്റെയോ സുജൂദല്ലാതെ, സുജൂദ് ചെയ്യാമോ? അങ്ങനെ പ്രത്യേക കാരണങ്ങളൊന്നുമില്ലാതെ ചെയ്യാവുന്ന അമലാണോ സുജൂദ്? ഇക്കാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ടോ?***

ഉത്തരം: നിസ്കാരങ്ങളിലെ സുജൂദുകൾ, തിലാവത്തിന്റെയും ശുക്റിന്റെയും സുജൂദുകൾ എന്നിവയല്ലാതെ അകാരണമായി നിർവ്വഹിക്കാവുന്ന അമലല്ല സുജൂദ്. കാരണമില്ലാതെ സുജൂദ് അനുവദനീയമല്ല; ഹറാമാണ്. ഫത്ഹുൽ മുഈൻ 90, നിഹായ 2/104, ഫത്ഹുൽ ജവാദ് 1/244 തുടങ്ങിയവയിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ശുക്റിന്റെ സുജൂദിനുള്ള കാരണമില്ലാതെയും സുജൂദ് അനുവദനീയമാണെന്ന് പ്രബലമല്ലാത്ത അഭിപ്രായമുണ്ട്. (റൗളതുത്ത്വാലിബീൻ 1/326, ശറഹുൽ മുഹദ്ദബ് 4/69)

***ചോദ്യം: മരണവാർത്തയറിയുമ്പോൾ ‘ഇന്നാലില്ലാഹി...’ എന്നു തുടങ്ങുന്ന ദിക്ർ ചൊല്ലുന്ന പതിവുണ്ടല്ലോ. ഇത് സുന്നത്താണോ? മുസ്വീബത്ത് സംഭവിച്ചവർ അങ്ങനെ ചൊല്ലണമെന്നല്ലാതെ മരണവാർത്തയറിഞ്ഞവരൊക്കെ ചൊല്ലണമെന്നുണ്ടോ? ഏതെങ്കിലും ഫിഖ്ഹ്ഗ്രന്ഥത്തിൽ അങ്ങനെ പറഞ്ഞിട്ടുണ്ടോ?***

ഉത്തരം: മരണവാർത്തയറിഞ്ഞവർ ‘ഇന്നാലില്ലാഹി...’ ചൊല്ലൽ സുന്നത്തുണ്ട്. ഇമാമുകൾ അത് പറഞ്ഞിട്ടുണ്ട്. അല്ലാമ മുഹമ്മദ് മഹ്മൂള് അത്തർമസി(റ) എഴുതുന്നു: മുസ്‌ലിമിന്റെ മരണവിവരം അറിയിക്കൽ സുന്നത്താണ്. മരണവിവരമറിഞ്ഞവർ ‘ഇന്നാലില്ലാഹി...’ ചൊല്ലണം. ഇത് ഹദീസിൽ നിർദ്ദേശിക്കപ്പെട്ടതാണ്. (ഹാശിയതുത്തർമസി അലൽ മൻഹജിൽ ഖവിയ്യ് 4/632) ഇമാം ഗസ്സാലി(റ) ഇഹ്‌യാഉലൂമിദ്ദീനിൽ ഇക്കാര്യം ഉദ്ധരിച്ചിട്ടുണ്ട്. (1/325) നിങ്ങളിലൊരാൾക്ക് തന്റെ സഹോദരന്റെ മരണവിവരമെത്തിയാൽ ‘ഇന്നാലില്ലാഹി...’ ചൊല്ലണമെന്ന് റസൂലുല്ലാഹി(സ) പറഞ്ഞതായി ഇബ്നുഅബ്ബാസ്(റ)വിൽ നിന്ന് ഇമാം ത്വബ്റാനി(റ) അൽമുഅ്ജമുൽ കബീറിൽ ഉദ്ധരിച്ചിട്ടുണ്ട്. മരണവാർത്തയറിഞ്ഞാൽ ചൊല്ലേണ്ടത് എന്ന തലക്കെട്ടിൽ ഇമാം ഇബ്നുസ്സുന്നീ(റ) ‘അമലുൽ യൗമി വല്ലൈൽ’ എന്ന ഗ്രന്ഥത്തിലും ഇമാം നവവി(റ) അദ്കാറിലും ഇത് രേഖപ്പെടുത്തിയിട്ടുണ്ട്.

***ചോദ്യം: പിതാവിന്റെ രണ്ടാം ഭാര്യയുടെ മകളെ മകന് നികാഹ് ചെയ്യാമോ? അവൾ മഹ്റമാണോ?***

ഉത്തരം: പിതാവിന്റെ രണ്ടാം ഭാര്യയിൽ മറ്റൊരാൾക്കുണ്ടായ മകൾ മഹ്റമല്ല. അവളെ നികാഹ് ചെയ്യാവുന്നതാണ്. (മുഗ്നി 5/142, അസ്നൽ മത്വാലിബ് 3/419, റൗള 9/20) രണ്ടാം ഭാര്യയിൽ പിതാവിനുണ്ടായ മകൾ സഹോദരിയാണല്ലോ. അവളെ നികാഹ് പറ്റില്ലെന്ന് പറയേണ്ടതില്ലല്ലോ.

ലൈഫ്സ്റ്റൈൽ

കെ എം ഫാത്വിമ ശമീമ (കൺസൾട്ടന്റ് സൈക്കോളജിസ്റ്റ്)

# മക്കൾ തമ്മിൽ വഴിക്കിടാറുണ്ടോ?

'ഇവർ തമ്മിൽ എപ്പോഴും അടിയും വഴക്കും തന്നെ!' ഒന്നിലധികം മക്കളുള്ള വീടുകളിൽ മാതാപിതാക്കൾ പതിവായി പറയുന്ന ഒരു പരാതിയാണിത്. കളിപ്പാട്ടം കേടുവന്നതിന്, ബലൂൺ പൊട്ടിപ്പോയതിന്, മിഠായിയുടെ എണ്ണത്തിലും വലുപ്പത്തിലും ഏറ്റക്കുറച്ചിലുകൾ വന്നതിന്, ബൈക്കിന്റെ മുന്നിലിരിക്കുന്നതിന്... അങ്ങനെയങ്ങനെ പോകും തർക്കത്തിന്റെ കാരണങ്ങൾ. പല രക്ഷിതാക്കളും ഇതൊരു വലിയ പ്രശ്നമായി കാണാറുണ്ട്. എന്നാൽ, മനഃശാസ്ത്രപരമായി നിരീക്ഷിക്കുമ്പോൾ ഒരു പരിധിവരെ സഹോദരങ്ങൾ തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങളും മത്സരബോധവും സ്വാഭാവിക വളർച്ചയുടെ ഭാഗമാണ്.

മക്കൾ തമ്മിലുണ്ടാകുന്ന മത്സരം, അസൂയ, ശ്രദ്ധ പിടിച്ചുപറ്റാനുള്ള ശ്രമം, വഴക്ക് എന്നിവയെ പൊതുവായി കൂടെപ്പിറപ്പുകൾ തമ്മിലുള്ള മത്സരം (Sibling Rivalry) എന്നു വിളിക്കുന്നു. പുതിയ കുഞ്ഞ് വീട്ടിലെത്തുമ്പോൾ മൂത്തകുട്ടിക്ക് താൻ അവഗണിക്കപ്പെടുന്നുവെന്ന തോന്നലുണ്ടാകാം. പഠനമികവ്, സൗന്ദര്യം, കഴിവുകൾ തുടങ്ങിയ കാര്യങ്ങളിലെ താരതമ്യങ്ങളും ഈ മത്സരബോധം വർധിപ്പിക്കാനിടയാക്കാം.



## മാതാപിതാക്കൾ ശ്രദ്ധിക്കേണ്ടത്

കുടുംബബന്ധങ്ങൾക്ക് വലിയ പ്രാധാന്യം നൽകുന്ന മതമാണ് ഇസ്‌ലാം. സഹോദരങ്ങൾക്കിടയിൽ സ്നേഹവും സൗഹാർദ്ദവും വളർത്തണമെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. മക്കളോട് നീതിപൂർവം പെരുമാറാൻ മാതാപിതാക്കളെ പ്രത്യേകം ഉപദേശിക്കുന്നു. ഒരാളെ മാത്രം അമിതമായി പരിഗണിക്കുന്നത് മറ്റു കുട്ടികളുടെ മനസ്സിൽ മുറിവുകൾ സൃഷ്ടിച്ചേക്കാനിടയാക്കിയേക്കാം.

കുട്ടികൾ അവരുടെ അനുകരണീയ മാതൃകകളായ മാതാപിതാക്കളുടെ സ്നേഹവും ശ്രദ്ധയും സുരക്ഷിതത്വവും ആഗ്രഹിക്കുന്നവരാണ്. സഹോദരൻ അല്ലെങ്കിൽ സഹോദരി തങ്ങളുടെ സ്ഥാനത്തേക്ക് കടന്നുവരുന്നു എന്ന തോന്നൽ കുട്ടികളിൽ അസ്വസ്ഥത സൃഷ്ടിച്ചേക്കാം. ഇത് ചിലപ്പോൾ കോപമായും വഴക്കായും അടിപിടിയായും പുറത്തുവരാം.

മാതാപിതാക്കൾ കുട്ടികളെ പരസ്പരം താരതമ്യം ചെയ്യുന്നത് പ്രശ്നം കൂടുതൽ വഷളാക്കും. 'അവനെപ്പോലെ പഠിക്കൂ', 'അവളെപ്പോലെ നല്ല കുട്ടിയാവൂ' തുടങ്ങിയ വാക്കുകൾ കുട്ടികളിൽ അപര്യാപ്തതാബോധവും അസൂയയും വളർത്തുന്നു. ഓരോ കുട്ടിക്കും തന്റേതായ വ്യക്തിത്വവും കഴിവുകളുമുണ്ടെന്ന കാര്യം മാതാപിതാക്കൾ മനസ്സിലാക്കണം.

അതേസമയം, എല്ലാ വഴക്കുകളും മോശമാണെന്ന് കരുതേണ്ടതില്ല. ശരിയായ മാർഗനിർദ്ദേശത്തോടെ കുട്ടികൾ പ്രശ്നപരിഹാരം, പങ്കുവെക്കൽ, ക്ഷമ, ആശയവിനിമയം തുടങ്ങിയ സാമൂഹിക നൈപുണ്യങ്ങൾ പഠിക്കുന്നത് ഇത്തരം അനുഭവങ്ങളിലൂടെയാണ്. വീടാണല്ലോ കുട്ടികളുടെ ആദ്യ വിദ്യാലയം. അവിടെ നിന്ന് ലഭിക്കുന്ന കാര്യങ്ങളാണല്ലോ പുറത്തിറങ്ങി കൂട്ടുകാരോടും അധ്യാപകരോടും ഇടപഴകുമ്പോൾ അവരിൽ പ്രതിഫലിക്കുക. കൂട്ടുകാർക്കിടയിൽ ചെറിയ തർക്കങ്ങളുണ്ടാകുമ്പോൾ അതിനെ മറികടക്കാൻ

മക്കൾ പഠിക്കുന്നത് സഹോദര ങ്ങളുമായുള്ള അനുഭവങ്ങളിൽ നിന്നാകും. അതിനാൽ ആരോഗ്യ കരമായ തർക്കങ്ങൾ ദോഷത്തെ ക്കാളുപരി വളർച്ചയ്ക്ക് സഹായ കമായ കാര്യമാണ്.

മക്കൾ തമ്മിലുണ്ടാകുന്ന പ്രശ്നങ്ങൾ ഒരു പരിധി വരെ മാതാപിതാക്കൾ ഇടപെടുമ്പോ ഴാണ് കൂടുതൽ വഷളാകുന്നത്. അവർ തമ്മിലുള്ള തർക്കങ്ങൾ അവർ തമ്മിൽ തന്നെ സമാധാ നപരമായി ഒത്തുതീർപ്പിലെത്താ നുള്ള അവസരങ്ങൾ നൽകണം. അതിൽ വലിയ നൈതികതയും ന്യായവും വിളമ്പുമ്പോഴാണ് കുഞ്ഞുങ്ങളിൽ ഉമ്മാക്ക്/ഉപ്പാക്ക് അവനോടാണ്/അവളോടാണ് കൂടുതൽ സ്നേഹമെന്ന തോന്ന ലുണ്ടാകുന്നത്. പ്രശ്നങ്ങൾ ദേ ഹോപദ്രവത്തിലേക്കും അസഭ്യ വാക്കുകളിലേക്കും നീങ്ങുമ്പോൾ മാത്രം ഇടപ്പെടുന്നതാണ് ബുദ്ധി. അങ്ങനെയാകുമ്പോൾ പ്രശ്നപ രിഹാരത്തിന് അവർ തന്നെ മുൻ കൈയ്യെടുക്കും.

തിരുനബി(സ) മക്കളോട് തുല്യനീതി പുലർത്തേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞിട്ടുണ്ട്. മാതാപിതാക്കളുടെ പക്ഷപാത പരമായ സമീപനം പലപ്പോഴും സഹോദരങ്ങൾക്കിടയിലെ അസൂ യയുടെയും അകൽച്ചയുടെയും പ്രധാന കാരണമായി മാറാറുണ്ട്.

ഖുർആനിലെ യൂസുഫ്ന ബി(അ)ന്റെ ചരിത്രം ശ്രദ്ധേയമാ ണ്. സഹോദരന്മാർക്കിടയിലെ അസൂയ ഗൗരവതരമായ പ്രശ്ന ങ്ങളിലേക്ക് നയിക്കാമെന്ന് ആ ചരിത്രം നമ്മെ പഠിപ്പിക്കുന്നു. അതോടൊപ്പം ക്ഷമയുടെയും കുടുംബബന്ധങ്ങളുടെ പുനഃ സ്ഥാപനത്തിന്റെയും മഹത്തായ മാതൃകയും ആ ചരിത്രം മുന്നോ ട്ടുവെക്കുന്നുണ്ട്.

ഉപദേശങ്ങളെക്കാൾ കുട്ടി കളെ സ്വാധീനിക്കുക കാഴ്ചക ളാണ്. വീട്ടിൽ മാതാപിതാക്കൾ പരസ്പരം ബഹുമാനത്തോടെ സംസാരിക്കുന്നുണ്ടോ, പ്രശ്ന ങ്ങൾ സമാധാനപരമായി പരി ഹരിക്കുന്നുണ്ടോ എന്നൊക്കെ കുട്ടികൾ നിരീക്ഷിക്കും. ചെറിയ കുട്ടികൾ മുതിർന്നവരെ കണ്ടാ ണ് പഠിക്കുക. എന്നാൽ, തങ്ങളെ കണ്ടു പഠിക്കാൻ പറയുന്നതും താരതമ്യം ചെയ്യുന്നതും മക്കളിൽ അപകർഷതാബോധമുണ്ടാകാൻ കാരണമാകും.

സഹോദരങ്ങൾ തമ്മിലുള്ള ചെറിയ വഴക്കുകളും മത്സരങ്ങ ളും കുട്ടിത്തത്തിന്റെ ഭാഗമാണ്. എന്നാൽ, അവയെ എങ്ങനെ കൈകാര്യം ചെയ്യുന്നുവെന്ന താണ് ഭാവിയിലെ കുടുംബബ ന്ധങ്ങൾ നിർണയിക്കുന്നത്. മനഃശാസ്ത്രപരമായ അറിവും ഇസ്‌ലാമിക മൂല്യങ്ങളും ഒരുമി ച്ചു പ്രയോഗിക്കുമ്പോൾ മത്സര ബോധത്തെ സ്നേഹത്തിലേക്കും വഴക്കുകളെ സഹകരണത്തിലേ ക്കും മാറ്റാൻ കഴിയും. ഇന്ന് വഴ ക്കിടുന്ന സഹോദരങ്ങൾ നാളെ ഏറ്റവും നല്ല സുഹൃത്തുക്കളും സഹായികളുമായി മാറട്ടെ.

## പ്രശ്നങ്ങൾ പരിഹരിക്കാം

- കുട്ടികളെ പരസ്പരം താരതമ്യം ചെയ്യാതിരിക്കുക.
- ഓരോ കുട്ടിയുടെയും പ്രത്യേകതകളെ അംഗീകരിക്കുക യും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- ഒരാളുടെ മുന്നിൽ മറ്റൊരാളെ പ്രശംസിക്കാതിരുക്കുക.
- ഓരോ കുട്ടിയോടൊത്തും പ്രത്യേകം സമയം ചെലവഴി ക്കുക.
- വഴക്കുണ്ടാകുമ്പോൾ ഉടൻ കുറ്റവാളിയെ കണ്ടെത്തുന്നതി നു പകരം ഇരുവരുടെയും വാക്കുകൾ കേട്ട ശേഷം മാത്രം തീരുമാനത്തിലെത്തുക.
- പ്രശ്നങ്ങൾ സമാധാനപരമായി പരിഹരിക്കാൻ കുട്ടികളെ പരിശീലിപ്പിക്കുക.
- ക്ഷമ, സഹകരണം, പങ്കുവെക്കൽ തുടങ്ങിയ ഇസ്‌ലാമിക മൂല്യങ്ങൾ ചെറുപ്പം മുതൽ പഠിപ്പിക്കുക.
- കുട്ടികളുടെ മുന്നിൽ രക്ഷിതാക്കൾ തന്നെ മാന്യമായ ആശയവിനിമയത്തിന്റെ മാതൃക കാണിക്കുക.
- മാതാപിതാക്കൾ തമ്മിലുള്ള ആശയത്തർക്കങ്ങൾ ഒരിക്ക ലും മക്കളുടെ മുന്നിൽ വെച്ചായിരിക്കരുത്. അവർക്കെപ്പോ ഴും മാതൃകയായിരിക്കണം മാതാപിതാക്കൾ.
- എന്തെങ്കിലും പ്രശ്നങ്ങൾ മുതിർന്നവർ തമ്മിലുണ്ടാകു മ്പോൾ മക്കൾക്ക് മാതൃകയാകും വിധത്തിൽ അതിനെ പരി ഹരിച്ച് കാണിക്കണം.

തിരുനബി(സ) മക്കളോട് തുല്യനീതി പുലർത്തേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞിട്ടുണ്ട്. മാതാപിതാക്കളുടെ പക്ഷപാതപരമായ സമീപനം പലപ്പോഴും സഹോദരങ്ങൾക്കിടയിലെ അസൂയയുടെയും അകൽച്ചയുടെയും പ്രധാന കാരണമായി മാറാറുണ്ട്. ഖുർആനിലെ യൂസുഫ്നബി(അ)ന്റെ ചരിത്രം ശ്രദ്ധേയമാണ്. സഹോദരന്മാർക്കിടയിലെ അസൂയ ഗൗരവതരമായ പ്രശ്നങ്ങളിലേക്ക് നയിക്കാമെന്ന് ആ ചരിത്രം നമ്മെ പഠിപ്പിക്കുന്നു.

നോവൽ

മുജ്തബ നസ്വീഹ്

# അസർ മുല്ലപ്പൂക്കൾ

20



## നന്മയുമായി വന്ന രണ്ടുപേർ

ചിലപ്പോഴങ്ങനെയാണ്; വിപത്തുകളെന്ന പോലെ ഭാഗ്യങ്ങളും ഒന്നിച്ചാണ് വരുക; ഒട്ടും നിനച്ചിരിക്കാതെ! കാര്യങ്ങളൊന്നും നടക്കുന്നത് നമ്മുടെ ആഗ്രഹത്തിനും പ്രവർത്തനങ്ങൾക്കും അനുസരിച്ചായിരിക്കില്ലല്ലോ. നാഥന്റെ വിധിയനുസരിച്ചാണ് എന്തും സംഭവിക്കുക; അവനത് നേരത്തെ നിശ്ചയിച്ചു കഴിഞ്ഞിട്ടുണ്ടാവും. നമ്മളെപ്പോഴും വിധേയരായിക്കൊണ്ടിരിക്കുന്നതേയുള്ളൂ. എന്നാലും പറയുക ഞാനത് നേടിയെടുത്തു, എന്റെ കഠിനാധ്വാനം കൊണ്ട് ലഭിച്ചതാണ്, ഞാൻ ഉണ്ടാക്കിയതാണ് എന്നൊക്കെയാണ്. ഈ വാക്കുകൾക്കു പിന്നിൽ മനുഷ്യന്റെ അഹന്തയും അഹങ്കാരവുമുണ്ടല്ലോ.

വായിച്ചുകൊണ്ടിരുന്ന പുസ്തകം മടക്കിവെച്ച് റസിയ ആലോചനയിലമർന്നു. ഈയിടെയായി ധാരാളം വായിക്കുന്നുണ്ട്. മദ്റസയിൽ പഠിക്കുന്ന മകളിലൂടെയാണ് വായനയുടെ ലോകത്തേക്കു കടന്നത്. മദ്റസയിൽ നല്ലൊരു ലൈബ്രറിയുണ്ടത്രെ. നല്ല നല്ല പുസ്തകങ്ങളുടെ ശേഖരം. അവിടെനിന്നു പുസ്തകമെടുത്തു വായിക്കാനും വായിപ്പിക്കാനും ഉസ്താദുമാർ കുട്ടികളെ നിർബന്ധിക്കാറുണ്ട്. അങ്ങനെയാണ് പുസ്തകങ്ങൾ ഇവിടെയുമെത്തി



വായന തുടങ്ങിയാൽ പിന്നെ വെറുതെ ഓരോന്നാലോചിച്ച് വിഷമിച്ചിരിക്കുന്ന പതിവില്ല. മനസ്സിനൊരു ശാന്തിയും സമാധാനവുമൊക്കെ കിട്ടിയപോലെ. മനസ്സൊന്നു വിശാലമായ പോലെ! പലരുടെയും അനുഭവവും അറിവുമൊക്കെ പുസ്തകങ്ങളിൽ നിറഞ്ഞിരിക്കുന്നല്ലോ. അവ വായിക്കുമ്പോൾ നമുക്കവരുമായി പരിചയപ്പെടാൻ കഴിയുന്നു. അപ്പോൾ തോന്നും, ആ കണക്കിന് എന്റെ വിഷമങ്ങളും പ്രയാസങ്ങളും എത്ര നിസ്സാരം!

യത്. അല്ലെങ്കിൽ ഈ റസിയ എങ്ങനെ ഒരു വായനക്കാരിയാകാൻ?

ചരിത്രങ്ങളും ചരിത്രകഥകളും ഗുണപാഠകഥകളും പഠനങ്ങളുമൊക്കെ അവൾ കൊണ്ടുവരാറുണ്ട്. ചിലതൊന്നും അവൾ വായിക്കില്ല, ഉമ്മ വായിച്ച് ആശയം ചുരുക്കിപ്പറഞ്ഞു കൊടുക്കാൻ പറയും. അപ്പോൾ ഈ ഉമ്മയെങ്കിലും അത് തീർത്തും വായിക്കണമല്ലോ. വായിച്ചുതുടങ്ങിയപ്പോൾ പിന്നെ അതൊരു ശീലമായി. എന്നും പുസ്തകം കിട്ടണമെന്നായി. ഒറ്റയിരിപ്പിന് വായിച്ചുതീർത്ത പുസ്തകങ്ങൾ പോലുമുണ്ട്. വായന തുടങ്ങിയാൽ പിന്നെ വെറുതെ ഓരോന്നാലോചിച്ച് വിഷമിച്ചിരിക്കുന്ന പതിവില്ല. മനസ്സിനൊരു ശാന്തിയും സമാധാനവുമൊക്കെ കിട്ടിയപോലെ. മനസ്സൊന്നു വിശാലമായ പോലെ! പലരുടെയും അനുഭവവും അറിവുമൊക്കെ പുസ്തകങ്ങളിൽ നിറഞ്ഞിരിക്കുന്നല്ലോ. അവ വായിക്കുമ്പോൾ നമുക്കവരുമായി പരിചയപ്പെടാൻ കഴിയുന്നു. സ്വന്തം ദുഃഖങ്ങൾ അവരുടേതുമായി തട്ടിച്ചുനോക്കാൻ കഴിയുന്നു. അപ്പോൾ തോന്നും, ആ കണക്കിന് എന്റെ വിഷമങ്ങളും പ്രയാസങ്ങളും എത്ര നിസ്സാരം!

പിന്നെ, വായിച്ചുവായിച്ച് ചിന്തകൾക്കെന്നപോലെ വാക്കുകൾക്കും ഭംഗി വന്നിട്ടുണ്ടല്ലോ. മോൾ ചിലപ്പോൾ കളിയാക്കും: 'ഉമ്മയിപ്പോ നല്ല ശുദ്ധമലയാളത്തിലാണല്ലോ വർത്തമാനം പറയുന്നത്. വായിച്ചുവായിച്ച് ഉമ്മ ഒരു ടീച്ചറാകുമോ?'

ടീച്ചറാവാനൊക്കെ മോഹമുണ്ടായിരുന്നു. പക്ഷേ, ഇനിയെങ്ങനെ? നാല്പതിലെത്തിയല്ലോ പ്രായം! ഇനിയിപ്പോ എത്ര വിചാരിച്ചാലും സംഗതി നടക്കില്ല. അന്ന് പത്താം ക്ലാസ് നല്ല മാർക്കോടെ പാസായപ്പോൾ ആരൊക്കെയോ പറഞ്ഞതായിരുന്നു പഠിക്കാനും ടീച്ചറാകാനും. പക്ഷേ, ബാപ്പ സമ്മതിച്ചില്ലല്ലോ. അതും ഒരു വിധി തന്നെ!

'ഉമ്മാ, നമ്മുടെ അസർമുല്ലച്ചെടികളിൽ പൂമൊട്ടുണ്ടായിട്ടുണ്ടല്ലോ.' മകളുടെ ശബ്ദം കേട്ടാണ് ചിന്തയിൽ നിന്നുണർന്നത്. സ്കൂൾ വിട്ടുവരുകയാണവൾ. എന്നും ചെടികളെയൊക്കെ ഒന്നു നോക്കിയിട്ടേ അവൾ കയറിവരാറുള്ളൂ. 'അസർമുല്ലയിൽ പൂക്കൾ വിടരുമ്പോഴാണ് നിന്റെ ഉപ്പ വരുക' എന്നു കേട്ടതിൽ പിന്നെ അവളെന്നും പരിശോധിക്കും; പൂക്കളുണ്ടായിട്ടുണ്ടോ എന്ന്!

അങ്ങനെ എത്രയോ വട്ടം പൂക്കൾ വിരിയുകയും കൊഴിയുകയും ചെയ്തു. അപ്പോഴൊക്കെ നിരാശയോടെ അവൾ പറയും: 'ഉമ്മ എന്നെ പറഞ്ഞുപറ്റിക്കാല്ലേ? അസർമുല്ലയിൽ പൂക്കൾ വിരിഞ്ഞിട്ടും ഉപ്പ വന്നില്ലല്ലോ.'

എന്തു മറുപടിയാണവളോട് പറയുക? അടർന്നുവീഴുന്ന കണ്ണുനീർത്തുള്ളികൾ അവളോടെന്തോ പറയുന്നുണ്ടാവും. അതുകൊണ്ടായിരിക്കാം, ഉമ്മയുടെ കണ്ണു നിറയുന്നതു കണ്ടാൽ അവൾ മൗനിയാകുന്നത്. ഇപ്പോഴാവട്ടെ, പൂക്കൾ വിരിഞ്ഞാൽ അവൾ ഒന്നും പറയാറില്ല. ഉമ്മയുടെ കണ്ണീരു കാണേണ്ടെന്നു വച്ചിട്ടാവും.

അവൾ വരാന്തയിൽ കയറി ബാഗ് തുറന്ന് ഒരു പേന പുറ

ത്തെടുത്തു കാണിച്ചുകൊണ്ട് പറഞ്ഞു: 'ഉമ്മാ, ഇത് നോക്കിയേ, ഫോറിൻ പെന്ന്.'

'നിനക്ക് ഇതെവിടുന്ന് കിട്ടി യെടീ?'

അല്പം ഗൗരവത്തിലാണ് ചോദിച്ചത്.

'അതെന്റെ കൂട്ടുകാരി ആരി ഫാന്റെ ഉപ്പ ഗൾഫിൽ നിന്ന് വന്നി ട്ടിപ്പോ കൊണ്ടുവന്നതാണെന്നു പറഞ്ഞ് അവൾ തന്നതാ.'

'നീ അവളോട് ചോദിച്ചു വാ ങ്ങിയതല്ലേ?'

ആരോടും ഒന്നും ചോദിച്ചു വാങ്ങരുതെന്ന് അവളോട് കർശന മായി പറഞ്ഞിരുന്നല്ലോ. അതു കൊണ്ടാ അങ്ങനെ ചോദിച്ചത്.

'അല്ലുമ്മാ, അവളെനിക്ക് വെ റുതെ തന്നതാ; ചോദിക്കാതെ തന്നെ.'

പിന്നെയൊന്നും പറയാൻ തോ ന്നിയില്ല. ചിന്തകൾ അപ്പോഴേക്കും ഇക്കയിലേക്ക് പറന്നുപോയല്ലോ. അവളുടെ ഉപ്പ ഗൾഫിൽ നിന്ന് വരുമ്പോൾ പേനയും ഡ്രസ്സു മൊക്കെ കൊണ്ടുവരുന്ന സ്വപ്നം പലവട്ടം കണ്ടിട്ടുണ്ടല്ലോ. കണ്ണു കൾ നിറഞ്ഞു. അവൾ കാണേ ണ്ടെന്നു കരുതി മുഖം തിരിച്ച പ്പോൾ പരിഭവപ്പെടുന്നത് കേട്ടു: 'ഓ അപ്പോഴേക്കും കരയാൻ തുടങ്ങിയല്ലോ. ഈ ഉമ്മയോട് ഞാനിനി ഒന്നും പറയില്ല. എന്തു പറഞ്ഞാലും കരച്ചിലാ. ഉമ്മാക്കൊ ന്ന് ചിരിച്ചുകൂടേ?'

അവൾ കഴുത്തിൽ തൂങ്ങി മുഖ ത്തൊരുമ്മ തന്നപ്പോൾ ചുണ്ടിൽ ചിരി വിടർന്നു.

'ഉമ്മാ, വിശക്കുന്നു. ഇവിടെ തിന്നാനെന്താ ഉള്ളത്?' അവൾ പുസ്തക സഞ്ചി നിലത്തുവച്ച് അടുക്കളയിലേക്കോടി. എടു ത്തുകൊടുക്കേണ്ട ആവശ്യമില്ല. അവൾക്കു വേണ്ടത് എടുത്തു തി ന്നും. അതുകൊണ്ട് ഒന്നും പറയാ തെ വരാന്തയിൽ തന്നെ ഇരുന്നു.

വായിച്ചു മടക്കിവെച്ച പുസ്ത കം കൈയിലെടുത്തു. വരികളിലൂ ടെ കണ്ണുകളുടെയൊപ്പം മന സ്സിന്റെയും സഞ്ചാരം തുടർന്നു. അങ്ങനെ വായനയിൽ മുഴുകിയി രിക്കുമ്പോഴാണ് റോഡിൽ വണ്ടി നിർത്തി ആരോ ഒരാൾ വീട്ടിലേ ക്കുള്ള ഇടവഴിയിലൂടെ നടന്നു വരുന്നതു കണ്ടത്. വഴിയുടെ ഇരു

> **ഇങ്ങോട്ടൊന്നു തിരിഞ്ഞുനോക്കുക പോലും ചെയ്തിട്ടില്ലല്ലോ എന്ന പരിഭവത്തിൽ അമ്മോൻക്കായിയെ കാണാൻ അങ്ങോട്ടും പോകാറില്ല. അങ്ങനെയാണല്ലോ നാട്ടുനടപ്പ്. ഇങ്ങോട്ടുണ്ടെങ്കിൽ അങ്ങോട്ടും! എല്ലാം പകരത്തിനു പകരം മാത്രം. കഴിഞ്ഞ ദിവസം പള്ളിയിലെ ഉസ്താദിന്റെ വഅള് കേട്ടപ്പോഴാണ് അതിലെ തെറ്റ് മനസ്സിലായത്; അങ്ങനെ പോര് വെച്ച് നടക്കരുതെന്ന്, കുടുംബക്കാരെ അവർ ഇങ്ങോട്ട് വന്നില്ലെങ്കിലും അങ്ങോട്ട് ചെന്ന് കാണണമെന്ന്, ഇങ്ങോട്ടൊന്നും തന്നില്ലെങ്കിലും അങ്ങോട്ടു കൊടുക്കണമെന്ന്, ഇങ്ങോട്ടു മിണ്ടിയില്ലെങ്കിലും അങ്ങോട്ടു മിണ്ടണമെന്ന്.**

വശത്തും ഉയരമുള്ള മതിലായ തുകൊണ്ട് നടന്നുവരുന്നയാളുടെ തല മാത്രമേ കാണുന്നുള്ളൂ, ഒരു കഷണ്ടിത്തല! 'റബ്ബേ ആരായിരി ക്കും ഈ അസമയത്ത്.'

വീട്ടിലേക്ക് ആരു വരുന്നതു കാണുമ്പോഴും നെഞ്ചത്തൊരു പിടച്ചിലാണ്. എന്തു വർത്തമാ നമായിരിക്കും അവർ കൊണ്ടു വരുന്നതെന്ന വേവലാതിയും പേടിയുമാണ്. അങ്ങനെ നോ ക്കിനിൽക്കവെ, അയാൾ വീട്ടി ലേക്കുള്ള പടവുകൾ കയറാൻ തുടങ്ങി. അപ്പോഴാണ് ആളെ മനസ്സിലായത്; അമ്മാവനാണ്. അമ്മോൻക്കായി എന്നാണു വി ളിക്കാറ്. എത്രയോ കാലമായി നേരിൽ കണ്ടിട്ട്. മൂപ്പരും ഗൾഫി ലായിരുന്നല്ലോ. രണ്ടും മൂന്നും കൊല്ലം കഴിയുമ്പോൾ വരാറു ണ്ടെന്ന് കേട്ടിട്ടുണ്ട്. എന്നാൽ ഒരിക്കലും ഈ മരുമോളെ കാ ണാൻ വന്നിട്ടില്ല. അതുകൊണ്ടു തന്നെ വലിയ അടുപ്പമൊന്നുമില്ല. ഇങ്ങോട്ടൊന്നു തിരിഞ്ഞുനോ ക്കുക പോലും ചെയ്തിട്ടില്ലല്ലോ എന്ന പരിഭവത്തിൽ അമ്മോൻ ക്കായിയെ കാണാൻ അങ്ങോട്ടും പോകാറില്ല. അങ്ങനെയാണല്ലോ നാട്ടുനടപ്പ്. ഇങ്ങോട്ടുണ്ടെങ്കിൽ അങ്ങോട്ടും! എല്ലാം പകരത്തിനു പകരം മാത്രം.

കഴിഞ്ഞദിവസം പള്ളിയിലെ ഉസ്താദിന്റെ വഅള് കേട്ടപ്പോ ഴാണ് അതിലെ തെറ്റ് മനസ്സി ലായത്; അങ്ങനെ പോര് വെച്ച് നടക്കരുതെന്ന്, കുടുംബക്കാരെ അവർ ഇങ്ങോട്ട് വന്നില്ലെങ്കിലും അങ്ങോട്ട് ചെന്ന് കാണണമെന്ന്, ഇങ്ങോട്ടൊന്നും തന്നില്ലെങ്കിലും അങ്ങോട്ടു കൊടുക്കണമെന്ന്, ഇങ്ങോട്ടു മിണ്ടിയില്ലെങ്കിലും അങ്ങോട്ടു മിണ്ടണമെന്ന്. അതി ലാണ് പുണ്യമെന്ന് ഉസ്താദ് പലവട്ടം പറഞ്ഞിരുന്നല്ലോ. മു ത്തുനബി(സ)യുടെ ചര്യ അതാ ണെന്ന് ഓർമ്മപ്പെടുത്തിയിരുന്ന ല്ലോ.

'എന്താ റസിയമോളേ, ഇങ്ങനെ തുറിച്ചു നോക്ക് ണേ, എന്നെ മനസ്സിലായില്ലേ?' അമ്മോൻക്കായി മുറ്റത്ത് വന്നു നിന്ന് ചോദിക്കുന്നു.

(തുടരും)

ആത്മയാനം - 19

അലി സഖാഫി പുൽപ്പറ്റ

# ഏകാന്തധ്യാനം സൂഫികളുടെ പാഥേയം

സൂഫീമാർഗത്തിൽ പ്രവേശിച്ചവർ ഗുരുവിന്റെ നിർദ്ദേശപ്രകാരം നാൽപ്പതു ദിവസം ഏകാന്തധ്യാനം അനുഷ്ഠിക്കാറുണ്ട്. അൽഅർബഈനിയ്യ, അൽഖൽവത്ത്, അത്തബത്തുൽ എന്നൊക്കെയാണ് തസ്വവ്വുഫിൽ ഇതറിയപ്പെടുന്നത്. ആരാധനകളിൽ വ്യാപൃതരാകാനും ഹൃദയം സ്ഫുടം ചെയ്യാനുമായി ഒരു നിശ്ചിത കാലയളവിൽ മനുഷ്യരുമായുള്ള ബന്ധം വിച്ഛേദിച്ച് ഏകാന്തതയിൽ വസിക്കുന്നതിനാണ് 'അൽഖൽവത്ത്' എന്നു പറയുക.

ഇതരദിവസങ്ങളിൽ ചെയ്യാത്ത സവിശേഷ അനുഷ്ഠാനങ്ങൾ നിർവഹിക്കാനല്ല അവർ ഇപ്രകാരം ഖൽവത്ത് (വിജനത) തിരഞ്ഞെടുക്കുന്നത്. പ്രത്യുത, നാൽപ്പതു ദിവസത്തെ തീവ്രമായ ആത്മപരിശീലനത്തിലൂടെ സിദ്ധിക്കുന്ന ഊർജ്ജവും ത്യാഗസന്നദ്ധതയും ജീവിതകാലം മുഴുക്കെ തുടരാൻ സാധിക്കുമെന്നു പ്രതീക്ഷിച്ചുകൊണ്ടാണ്.

സ്വഹാബികൾ സൽകർമ്മങ്ങൾ ചെയ്യാൻ ഇത്തരത്തിൽ ഏകാന്തധ്യാനം ചെയ്തിരുന്നില്ല. അവർക്കതിന്റെ ആവശ്യവും ഉണ്ടായിരുന്നില്ല. സ്വഹാബികൾ ഏകാന്തധ്യാനം അനുഷ്ഠിച്ചിരുന്നില്ലല്ലോ എന്ന സന്ദേഹത്തിന് ഇമാം സുഹ്റവർദി(റ)യുടെ പ്രതികരണം ഇങ്ങനെ: 'തിരുദൂതരുമായുള്ള നിരന്തരസമ്പർക്കം മൂലം സ്വഹാബികൾക്ക് ഏകാന്തധ്യാനം ആവശ്യമില്ലായിരുന്നു. തിരുസന്നിധിയിൽ വെച്ചുള്ള ആത്മീയശിക്ഷണവും ആത്മസമരവും ഏതൊരു ഏകാന്തധ്യാനത്തെക്കാളും ഫലപ്രദമായിരുന്നു. ദേഹേച്ഛകളുടെ അപകടങ്ങളെ പ്രതിരോധിക്കുന്നതിനും മനസ്സിനെ ആത്മീയമായി ബലപ്പെടുത്തുന്നതിനുമാണ് ഏകാന്തധ്യാനം. സൂഫീമാർഗത്തിൽ പ്രവേശിച്ച മുരീദിന് ശരിയായ ശൈഖിന്റെ സഹവാസവും ശിക്ഷണവുമുണ്ടെങ്കിൽ ഖൽവത്തിൽ പ്രവേശിക്കാതെ തന്നെ ആത്മീയമായി ഉയരാൻ കഴിയും. ശൈഖിൽ നിന്നു പ്രവഹിക്കുന്ന ആത്മീയപ്രകാശം ഖൽവത്തിനെ അപ്രസക്തമാക്കും. മാത്രമല്ല, എല്ലാ മുരീദുകൾക്കും ഏകാന്തധ്യാനം ഫലപ്പെടണമെന്നുമില്ല.

ഖൽവത്തിൽ കഴിയുന്ന മുരീദ് ജമാഅത്ത് നിസ്കാരങ്ങൾ ഒഴിവാക്കുന്നത് എനിക്ക് അംഗീകരിക്കാൻ കഴിയില്ല. അവൻ ജമാഅത്തുകളിൽ സന്നിഹിതനായി ഖൽവത്തിലേക്കു മടങ്ങുകയാണു വേണ്ടത്. അല്ലാത്തപക്ഷം അത് ഒരുതരം പൗരോഹിത്യമായി മാറും. ജമാഅത്ത് ഉപേക്ഷിക്കുകയും താൻ ഖൽവത്തിലാണെന്നും പുറത്തിറങ്ങിയാൽ മനസ്സ് ശിഥിലമാകുകയും ദുർവിചാരങ്ങൾ പിടികൂടുകയും ചെയ്യുമെന്നും വാദിക്കുന്നവൻ അബദ്ധം പറ്റിയവനും വഴിപിഴച്ചവനുമാണ്. മറിച്ച് ജമാഅത്തിനു പുറത്തിറങ്ങുന്നത് മൂലം ഖൽവത്തിൽ നിന്ന് നഷ്ടപ്പെടുന്നതിനെക്കാൾ മികച്ച



പ്രകാശവും തുറവിയും തുടർച്ച യുടെ ബറകത്തും ജമാഅത്തിന്റെ ശ്രേഷ്ഠതയും ആഗ്രഹിക്കുന്നതു മൂലം ലഭിക്കും.' (അജ്‌വിബത്തു സ്സുഹ്‌റവർദി, പു: 33)

ഏകാന്തധ്യാനം നാൽപതുദി നത്തിൽ നിക്ഷിപ്തമാക്കുന്നതി നു പിന്നിൽ പല പൊരുളുകളു മുണ്ട്. മനുഷ്യന്റെ ശാരീരികവും ആത്മീയവുമായ വളർച്ചയിൽ 'നാൽപ്പതി'നു വളരെ പ്രാധാന്യ മുണ്ട്. മനുഷ്യൻ ജന്മമെടുക്കുന്ന തിന്റെ പ്രഥമഘട്ടത്തിൽ ബീജക ണമായി നാൽപ്പതു ദിവസവും ഭ്രൂണമായി നാൽപ്പതു ദിവസവും മാംസപിണ്ഡമായി നാൽപ്പതു ദിവസവും പിന്നിട്ടാണ് ജീവരൂ പം പ്രാപിക്കുന്നത്. (ബുഖാരി, മുസ്‌ലിം) നാൽപ്പതു വയസ്സ് തികഞ്ഞ ശേഷമാണ് പൊതു വിൽ നബിമാർക്ക് നുബുവ്വത്തും ഔലിയാക്കൾക്ക് വിലായത്തും ലഭിച്ചിട്ടുള്ളത്.

'ഒരാൾ നാൽപ്പതു ദിവസം അല്ലാഹുവിന് കളങ്കരഹിതമായി ഇബാദത്ത് ചെയ്താൽ അവ ന്റെ ഹൃദയത്തിൽ നിന്ന് ഹിക് മത്തിന്റെ ഉറവകൾ നാവിലൂടെ പ്രവഹിക്കും' (ഇബ്നുൽമുബാറ ക്, അസ്സുഹ്ദ് 1014) എന്ന് തിരുദൂ തർ(സ) പറഞ്ഞിട്ടുണ്ട്.

മൂസാനബി(അ)ക്ക് ഗ്രന്ഥം നൽകുന്നതിനു മുന്നോടിയായി അദ്ദേഹത്തോട് നാൽപ്പതു ദിനം വ്രതമനുഷ്ഠിക്കാനാണ് അല്ലാ ഹു നിർദ്ദേശിച്ചത്. ഖുർആനിൽ പറയുന്നു: 'നാം മൂസാനബിക്ക് മുപ്പത് രാവുകൾ നിശ്ചയിച്ചുകൊ ടുക്കുകയും അതിലേക്ക് വീണ്ടും പത്തു കൂടി ചേർത്ത് നാൽപ്പതു പൂർത്തിയാക്കുകയും ചെയ്തു. അങ്ങനെ തന്റെ റബ്ബിന്റെ നിശ്ചി തസമയം അഥവാ, നാൽപ്പതുദി നം തികഞ്ഞു.' (അൽഅഅ്റാഫ് 142)

മൂസാനബി(അ) പകൽ നോ മ്പെടുത്ത് രാത്രി ആഹരിക്കു കയല്ല ചെയ്തിരുന്നത്. മറിച്ച് നാൽപ്പതു ദിവസം പൂർണ്ണ നിരാഹാരമായിരുന്നു. ശൂന്യമായ ആമാശയത്തിന് ആത്മീയവളർച്ച യിൽ വലിയ പങ്കുണ്ടെന്ന് ഇതിൽ നിന്നു ഗ്രഹിക്കാം. ഭാരരഹിത വയറും നിഷ്കളങ്ക മനസ്സുമാ യി നാൽപ്പതു ദിവസം അല്ലാ

**ഏകാന്തധ്യാനം നാൽപതുദിനത്തിൽ നിക്ഷിപ്തമാക്കുന്നതിനു പിന്നിൽ പല പൊരുളുകളുമുണ്ട്. മനുഷ്യന്റെ ശാരീരികവും ആത്മീയവുമായ വളർച്ചയിൽ 'നാൽപ്പതി'നു വളരെ പ്രാധാന്യമുണ്ട്. മനുഷ്യൻ ജന്മമെടുക്കുന്നതിന്റെ പ്രഥമഘട്ടത്തിൽ ബീജകണമായി നാൽപ്പതു ദിവസവും ഭ്രൂണമായി നാൽപ്പതു ദിവസവും മാംസപിണ്ഡമായി നാൽപ്പതു ദിവസവും പിന്നിട്ടാണ് ജീവരൂപം പ്രാപിക്കുന്നത്. (ബുഖാരി, മുസ്‌ലിം)**



ഹുവിലേക്ക് സമ്പൂർണ്ണമായി സമർപ്പിച്ചാൽ അവന് അല്ലാഹു (ലദുന്നിയായി) വിജ്ഞാനങ്ങൾ പകർന്നുകൊടുക്കും.

മൂസാനബി(അ)യോടുള്ള അല്ലാഹുവിന്റെ കല്പനയിലും ഉപര്യുക്ത നബിവചനത്തിലും നാൽപ്പതുദിവസം നിർണയിച്ച തിന്റെ പൊരുൾ അല്ലാഹുവിനും നബിമാർക്കും ഔലിയാക്കൾ ക്കുമല്ലാതെ അറിയില്ല. എങ്കിലും ജ്ഞാനികൾ അതിന്റെ ചില സൂ ചനകൾ വിവരിച്ചിട്ടുണ്ട്.

അല്ലാഹു ആദംനബി(അ)യെ സൃഷ്ടിക്കാനായി എടുത്ത മണ്ണ് കുഴച്ചു പാകമാകുന്നതിനായി നാൽപ്പതു ദിവസം മൂടിവെച്ചു. (അബൂനുഐം, അൽഹിൽയ 8/263) അല്ലാഹുവിന്റെ സന്നിധി യുമായി ഒരു മറയുമില്ലാത്ത സ്വർ ഗീയ മണ്ണായിരുന്നു അത്. ഭൂലോ കത്തെയും സ്വർഗലോകത്തെയും പരിപാലിക്കാനുതകുംവിധം ആദമിനെ രൂപപ്പെടുത്താനാണ് അല്ലാഹു ഉദ്ദേശിച്ചത്. അതിനാൽ വൈജ്ഞാനിക ലോകവുമായും (ആലമുൽഹിക്മ) ദൃശ്യലോ കവുമായും (ആലമുശ്ശഹാദ) ഇണങ്ങുന്ന തരത്തിൽ മണ്ണിനെ സംയോജിപ്പിക്കേണ്ടതുണ്ടായി രുന്നു. പൊതിഞ്ഞു സൂക്ഷിച്ച ഓരോ ദിവസവും അല്ലാഹുവുമാ

**അല്ലാഹുവിന്റെ പ്രീതി മാത്രം കാംക്ഷിച്ച് കർമ്മനിരതനാകുന്ന ഓരോ ദിനവും സാധകനും അല്ലാഹുവുമായുള്ള ഓരോ മറകൾ നീങ്ങിക്കൊണ്ടിരിക്കും. മുറപ്രകാരം നാൽപ്പതു ദിവസം പൂർത്തിയായാൽ അവന് വെളിപാടുജ്ഞാനം ലഭിക്കും. ഏകാന്തധ്യാനം സാധുവായതിന്റെ പ്രധാന അടയാളം നാൽപ്പതു ദിവസത്തിനു ശേഷം ഭൗതികവിരക്തിയുണ്ടാവുമെന്നതും ശാശ്വതഭവനത്തിലേക്കുള്ള മുന്നൊരുക്കങ്ങളിൽ അവൻ വ്യാപൃതനാവുമെന്നതുമാണ്.**



യി അകറ്റുന്ന ഓരോ മറകൾ വീണുകൊണ്ടിരുന്നു. ഈ മറകളില്ലായിരുന്നുവെങ്കിൽ മനുഷ്യൻ പൂർണ്ണമായും അല്ലാഹുവിനോട് അടുക്കുകയും ദുനിയാവിനെ പാടെ അവഗണിക്കുകയും ചെയ്യുമായിരുന്നു. പ്രസ്തുത നാൽപ്പതു മറകൾ നീക്കാനാണ് നാൽപ്പതു ദിവസം ഏകാന്ത ധ്യാനം അനുഷ്ഠിക്കുന്നതെന്നാണു സൂഫീഭാഷ്യം.

ഏകാന്തനായി, അല്ലാഹുവിന്റെ പ്രീതി മാത്രം കാംക്ഷിച്ച് ആത്മാർത്ഥതയോടെ കർമ്മനിരതനാകുന്ന ഓരോ ദിനവും സാധകനും അല്ലാഹുവുമായുള്ള ഓരോ മറകൾ നീങ്ങിക്കൊണ്ടിരിക്കും. മുറപ്രകാരം നാൽപ്പതു ദിവസം പൂർത്തിയായാൽ അവന് വെളിപാടുജ്ഞാനം ലഭിക്കും. ഏകാന്തധ്യാനം സാധുവായിരിക്കുന്നുവെന്നതിന്റെ പ്രധാന അടയാളം നാൽപ്പതു ദിവസത്തിനു ശേഷം അനുഷ്ഠാവിന് ഭൗതികവിരക്തിയുണ്ടാവുമെന്നതും ശാശ്വതഭവനത്തിലേക്കുള്ള മുന്നൊരുക്കങ്ങളിൽ അവൻ വ്യാപൃതനാവുമെന്നതുമാണ്. ലൗകിക സുഖങ്ങളോടുള്ള ആസക്തി കുറഞ്ഞിട്ടില്ലെങ്കിൽ ഏകാന്ത സാധന വിജയിച്ചിട്ടില്ലെന്നു ഗ്രഹിക്കാം. ഇഖ്ലാസിൽ വന്ന പാളിച്ചകളായിരിക്കും അതിനു കാരണം. ഇഖ്ലാസോടെ മാത്രം ആരാധിക്കാനാണല്ലോ അവൻ മനുഷ്യരോട് ആജ്ഞാപിച്ചിട്ടുള്ളത്. (അൽബയ്യിന 5)

ദേഹത്തിന്റെ പ്രേരണക്കു വഴങ്ങി ആത്മാർത്ഥതയില്ലാതെ ഖൽവത്തിൽ പ്രവേശിക്കുന്നവരുണ്ട്. ഏകാന്തതയെ വെറുക്കുകയും ജനസമ്പർക്കത്തെ പ്രണയിക്കുകയും ചെയ്യുന്നതാണു മനുഷ്യന്റെ ശരീരപ്രകൃതി. അതിനാൽ ഇവർക്ക് ആത്മാർത്ഥതയോടെ ഖൽവത്തിൽ കഴിയാനാവില്ല. എന്നാൽ ശരീരത്തിന്റെ താല്പര്യങ്ങളെ മറികടന്ന് നിഷ്കളങ്കമായി അല്ലാഹുവിനു വഴിപ്പെടുകയും ആരാധനകളിൽ മുഴുകുകയും ചെയ്യുന്ന പക്ഷം ക്രമേണ അതിന്റെ മാധുര്യം അവരുടെ ഹൃദയത്തിലും പ്രവേശിക്കാൻ തുടങ്ങും.

'ഇഖ്ലാസ് ലഭിക്കാൻ ഖൽവത്തിനോളം പ്രചോദകമായ ഒന്നും ഞാൻ കണ്ടിട്ടില്ല' എന്നും 'ഒരാൾ ഏകാന്തസാധനയെ ഇഷ്ടപ്പെട്ടാൽ അവൻ ഇഖ്ലാസിന്റെ തൂണിൽ മുറുകെ പിടിക്കുകയും സത്യസന്ധതയുടെ പ്രധാനഘടകങ്ങളിലൊന്നിൽ വിജയിക്കുകയും ചെയ്തിരിക്കുന്നു'വെന്നും ശൈഖ് ദുന്നൂൻ(റ) പറയുന്നു. (അൽഹിൽയ 9/376)

ശൈഖ് ശിബ്ലി(റ) തന്നോട് ഉപദേശം തേടിയ അബുൽഅബ്ബാസ് അദ്ദാമഗാനി(റ)യോടു പറഞ്ഞു: 'ജനങ്ങൾ താങ്കളുടെ നാമം വിസ്മരിക്കുംവിധം ഏകാന്തജീവിതം പതിവാക്കുക, മരണം വരെ ചുമരിനെ അഭിമുഖീകരിക്കുക.' (രിസാലതുൽഖുശൈരി)

ചില പുണ്യാത്മാക്കൾക്ക് ഖൽവത്തിൽ പ്രവേശിക്കാൻ അവരുടെ അന്തരംഗം നിരന്തരം പ്രേരണ നൽകിക്കൊണ്ടിരിക്കും. അവരുടെ ദേഹവും അതിനു വെമ്പൽ കൊള്ളും. ഖൽവത്തിൽ പ്രവേശിക്കാനുള്ള ഉചിതസമയവും സമ്പൂർണ്ണ രൂപവും ഇതാണ്.

ആഇശ(റ) നിവേദനം: 'തിരുദൂതർക്ക് ദിവ്യബോധനം ലഭിക്കുന്നതിന്റെ പ്രാരംഭഘട്ടം യഥാർത്ഥ സ്വപ്നങ്ങളായിരുന്നു. ദർശിക്കുന്ന സ്വപ്നങ്ങളെല്ലാം പ്രഭാതം പോലെ പുലർന്നുകൊണ്ടിരുന്നു. തിരുനബി(സ) പതിയെ വിജനത ഇഷ്ടപ്പെട്ടു. ഭക്ഷണവുമായി ഹിറാ ഗുഹയിൽ പോയി ദിവസങ്ങളോളം ഏകാന്തനായി ധ്യാനമിക്കും. വീണ്ടും ഖദീജയുടെ അടുക്കൽ വന്ന് ഭക്ഷണം ശേഖരിച്ച് മടങ്ങിപ്പോകും. അവസാനം അവിടുത്തേക്ക് അപ്രതീക്ഷിതമായി സത്യസന്ദേശം ലഭിച്ചു. മലക്ക് സമാഗതനായി തിരുദൂതരോടു പറഞ്ഞു: 'ഓതുക'

അവിടുന്ന്: 'ഞാൻ ഓതുന്നവനല്ല.' ഉടനെ മലക്ക് എന്നെ ബലമായി അണച്ചുപിടിച്ചു. പിന്നെ വിടുകയും ചെയ്തു.' ഇപ്രകാരം മൂന്നുപ്രാവശ്യം ആവർത്തിച്ചു. ഒടുവിൽ ഇങ്ങനെ ഓതിക്കേൾപ്പിച്ചു: 'സ്രഷ്ടാവായ താങ്കളുടെ റബ്ബിന്റെ നാമത്തിൽ ഓതുക. അവൻ മനുഷ്യനെ രക്തപിണ്ഡത്തിൽ നിന്നു സൃഷ്ടിച്ചു. ഓതുക. താങ്കളുടെ റബ്ബ് അത്യുദാരനാണ്. അവൻ പേനകൊണ്ട്

പഠിപ്പിച്ചു. മനുഷ്യന് തനിക്കറിയാത്ത കാര്യങ്ങളെല്ലാം പഠിപ്പിച്ചു.' (അൽഅലഖ് 1-5)

പരിഭ്രമിച്ചുപോയ തിരുനബി(സ) ഹിറായിൽ നിന്നിറങ്ങി ഖദീജ(റ)യെ സമീപിച്ച് പുതപ്പിച്ചു തരാനാവശ്യപ്പെട്ടു. ഭയം നീങ്ങുന്നതു വരെ പുതച്ചുകിടന്നു. സ്ഥൈര്യം വീണ്ടു കിട്ടിയപ്പോൾ നടന്ന സംഭവങ്ങൾ അവരെ കേൾപ്പിച്ചു. ആശങ്കകൾ പങ്കുവെച്ചു. അവർ സമാധാനിപ്പിച്ചു: 'അങ്ങനെയല്ല, താങ്കൾ സന്തോഷിക്കുക. അല്ലാഹു സത്യം, അവൻ ഒരിക്കലും താങ്കളെ ദുഃഖിപ്പിക്കുകയില്ല. നിശ്ചയം, താങ്കൾ കുടുംബബന്ധം ചേർക്കുന്നു, സത്യം മാത്രം പറയുന്നു, നിരാലംബരുടെ ഭാരം ചുമക്കുന്നു, ആവശ്യക്കാരെ സഹായിക്കുന്നു, അതിഥികളെ വിരുന്നൂട്ടുന്നു, സന്മാർഗത്തിൽ പ്രതിസന്ധികളിലകപ്പെടുന്നവരെ പിന്തുണക്കുന്നു...' (ബുഖാരി, മുസ്‌ലിം)

കുറച്ചുകാലം ദിവ്യ സന്ദേശങ്ങൾ ലഭിച്ചില്ല. അവിടുന്ന് പറയുന്നു: 'ഒരു ദിവസം ഞാൻ നടന്നുപോകുമ്പോൾ വാനിൽ നിന്ന് ഒരു ശബ്ദം കേട്ടു. ഞാൻ ശിരസ്സുയർത്തി. തൽസമയം അന്ന് ഹിറാഗുഹയിൽ വെച്ച് എന്റെ അടുക്കൽ വന്ന അതേ മലക് ആകാശത്തിനും ഭൂമിക്കുമിടയിൽ സിംഹാസനത്തിൽ ഉപവിഷ്ഠനായിരിക്കുന്നു! അതു കണ്ട് ഞാൻ നടുങ്ങി വീട്ടിലേക്കു തന്നെ മടങ്ങി. പുതപ്പിച്ചു തരാനാവശ്യപ്പെട്ടു. അവർ പുതപ്പിച്ചു. അന്നേരം ഖുർആൻ അവതരിച്ചു: 'ഹേ, പുതച്ചുകിടക്കുന്നവരേ, എഴുന്നേറ്റ് ജനങ്ങൾക്കു മുന്നറിയിപ്പ് നൽകുക. താങ്കളുടെ റബ്ബിന്റെ മഹത്വം വാഴ്ത്തുക. വസ്ത്രങ്ങൾ ശുദ്ധീകരിക്കുക. മലിന വിശ്വാസങ്ങൾ വർജിക്കുക.' (അൽമുദ്ദസിർ 1-5)

പ്രവാചകത്വലബ്ധിയുടെ ആദ്യഘട്ടങ്ങളിൽ തിരുദൂതർ(സ) ഹിറാഗുഹയിൽ ഒറ്റയ്ക്കിരുന്ന് ധ്യാനിക്കുകയും തുടർന്ന് ജ്ഞാനപ്രകാശം ലഭിക്കുകയും ചെയ്ത അനുഭവങ്ങളുടെ അടിസ്ഥാനത്തിലാണ് സൂഫീഗുരുക്കന്മാർ ശിഷ്യന്മാർക്ക് നാൽപ്പതു ദിവസത്തെ ഏകാന്തധ്യാനത്തെ നിർണയിച്ചു കൊടുക്കാറുള്ളത്. വിജനതയിൽ അല്ലാഹുവിനെ നിഷ്കളങ്കമായി ആരാധിക്കുമ്പോൾ അവരുടെ ഏകാന്തതക്ക് ആനന്ദം പകരുന്ന കാര്യങ്ങൾ അല്ലാഹു തുറന്നുകൊടുക്കും. തനിക്കുവേണ്ടി അവരുപേക്ഷിക്കുന്ന ഭൗതികസുഖങ്ങൾക്ക് പകരമായിട്ടാണ് അല്ലാഹു ഈ അനുഗ്രഹം വർഷിക്കുന്നത്. ഫലപ്രദമായ ഏകാന്തധ്യാനത്തിന്റെ രൂപവും ചിട്ടകളും പിന്നീട് വിവരിക്കാം.

ലൈഫ്‌സ്റ്റൈൽ

ബശീർ സഖാഫി എളാട്

# ദാമ്പത്യവും ലൈംഗികതയും

'സെക്സ് മെഡ് 2012' എന്ന തലവാചകത്തിൽ 2012 മെയ് 19ന് കൊച്ചിയിൽ നടന്ന ലൈംഗികശാസ്ത്ര വിദഗ്ധരുടെ സമ്മേളനം 40 ശതമാനം വിവാഹബന്ധങ്ങളുടെയും തകർച്ചക്ക് കാരണം ലൈംഗികപ്രശ്നങ്ങളാണെന്ന് അഭിപ്രായപ്പെടുകയുണ്ടായി. യൂറോളജി, ഗൈനക്കോളജി, ക്ലിനിക്കൽ സൈക്കോളജി, സൈക്യാട്രി, സർജറി, റേഡിയോളജി, ജനറൽ മെഡിസിൻ എന്നീ വിഭാഗങ്ങളിൽ നിന്നുള്ള 200 ഡോക്ടർമാരാണ് സമ്മേളനത്തിൽ പങ്കെടുത്തത്.

സന്താനോൽപ്പാദനത്തിലൂടെ വംശം നിലനിർത്തുക എന്ന ജീവശാസ്ത്രപരമായ ധർമ്മത്തിനു പുറമെ മനുഷ്യലൈംഗികതയിൽ മറ്റു പല ഘടകങ്ങളുമുണ്ട്. പ്രത്യുൽപാദന ദൗത്യത്തിനുമപ്പുറം മാനസികവ്യാപാരങ്ങളുടെ പ്രകാശനോപാധി കൂടിയാണ് മനുഷ്യലൈംഗികത. ശരിയായ ലൈംഗികബന്ധം ഭാര്യഭർത്താക്കന്മാരുടെ മനോസംഘർഷം ലഘൂകരിക്കുകയും സുഖകരമായ ആശ്വാസം പകരുകയും ചെയ്യും. വ്യക്തിയുടെ മനസ്സിന്റെയും ശരീരത്തിന്റെയും സന്തുലിതാവസ്ഥ നിലനിർത്താൻ സഹായിക്കുന്നതോടൊപ്പം ശാരീരികാരോഗ്യം പ്രദാനം ചെയ്യാനും ദൈനംദിന ജീവിതത്തിലെ വിരസത ഒഴിവാക്കാനും സെക്സ് സഹായകമാണ്. വ്യക്തിത്വത്തിന്റെ എല്ലാ തലങ്ങളെയും വികസിപ്പിക്കുവാനും അതിന് കഴിയും. ഇണകളെ പരസ്പരം കൂട്ടിയിണക്കുന്നതിലും ലൈംഗികത നിർണായക പങ്കുവഹിക്കുന്നുണ്ട്. പരിപൂർണ്ണ വിശ്വസ്തതയും ആത്മാർത്ഥതയും നിറഞ്ഞുനിൽക്കുന്ന പരസ്പര സ്നേഹത്തിന്റെ പ്രകടനമാണ് ലൈംഗികബന്ധം. ശാരീരികമായ ഏകീകരണം വഴി ഒറ്റ ഹൃദയത്തോടും ഒരേ ആത്മാവോടും കൂടി ജീവിതം നയിക്കാൻ ഇത് പ്രചോദനമാകും. സ്വയം ആനന്ദിച്ചും ഇണയെ ആനന്ദിപ്പിച്ചുമുള്ള ലൈംഗികനിർവൃതിയിൽ നിന്നുണ്ടാകുന്ന സ്നേഹബന്ധം കൂട്ടുജീവിതത്തിന്റെ കെട്ടുറപ്പിന് കൂടുതൽ സഹായകമായിത്തീരുന്നു. ദാമ്പത്യജീവിതത്തിൽ പങ്കാളികളിലുണ്ടാവുന്ന പ്രശ്നങ്ങളും അസ്വസ്ഥതകളും ഇല്ലായ്മ ചെയ്യാനും ആരോഗ്യകരമായ ലൈംഗികബന്ധം സഹായകമാണെന്ന് മനഃശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നുണ്ട്.

ഇണകളിൽ വിഷാദം, മുൻകോപം, ഉൽകണ്ഠ തുടങ്ങിയ മാനസികപ്രശ്നങ്ങളും അതിനോടനുബന്ധമായ ഉറക്കക്കുറവ്, തലവേദന, കഴുത്തുവേദന, മുതുകുവേദന തുടങ്ങിയ ശാരീരികപ്രശ്നങ്ങളും ശരിയായ ലൈംഗികതയുടെ അഭാവത്തിൽ ഉണ്ടായിത്തീരുന്നതായി ഗവേഷകർ ചൂണ്ടിക്കാണിക്കുന്നു. അതുപോലെ കിടപ്പറയിലെ പ്രശ്നങ്ങൾ ഇണകൾക്കു പരസ്പരം കുറവുകൾ കണ്ടെത്താൻ പ്രേരകമായി മാറുകയും അത് കുടുംബകലഹങ്ങളായി പരിണമിക്കുകയും ചെയ്യും.

സ്നേഹമാണ് ലൈംഗികതയുടെ ധർമ്മങ്ങളിൽ പ്രധാനം. ആത്മാർത്ഥസ്നേഹം യഥാർത്ഥ ലൈംഗികബന്ധത്തിന്റെ പ്രതീകമാണ്. അങ്ങനെ സ്നേഹവും സെക്സും വേർതിരിച്ചു നിർത്താനാകാത്ത വിധം പരസ്പരം ഐക്യപ്പെട്ടിരിക്കെ സെക്സിന്റെ നിഷേധം സ്നേഹത്തിന്റെയും നിഷേധമാകുന്നു. ഇവ രണ്ടും നിഷേധിക്കപ്പെടുമ്പോൾ ദാമ്പത്യജീവിതത്തിന്റെ സ്വച്ഛന്ദമായ ഒഴുക്ക് നിലയ്ക്കുകയും ചെയ്യും. ചുരുക്കത്തിൽ, ലൈംഗിക അപര്യാപ്തത ദമ്പതികളിൽ ശാരീരികവും മാനസികവും കുടുംബപരവുമായ ഒട്ടേറെ പ്രശ്നങ്ങൾക്ക് കാരണമാകുമെന്ന് മനസ്സിലാക്കാം.

ദാമ്പത്യജീവിതത്തിൽ ലൈംഗികതക്കുള്ള സ്ഥാനം വിശുദ്ധ ഇസ്ലാം പൂർണമായി അംഗീകരിക്കുന്നു. ഭാര്യഭർതൃ ശാരീരികബന്ധം പുണ്യകർമ്മമായാണ് ഇസ്ലാം കാണുന്നത്. തിരുനബി(സ) പറഞ്ഞു: 'സഹധർമ്മിണിയുമായുള്ള സംഭോഗത്തിന് നിങ്ങൾക്ക് പ്രതിഫലമുണ്ട്.' അനുചരർ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, ലൈംഗികവികാരം ശമിപ്പിച്ചതിന്റെ പേരിൽ ഒരാൾക്ക് പ്രതിഫലം ലഭിക്കുമെന്നോ?' നബി പ്രതിവചിച്ചു: 'നിഷിദ്ധമായ മാർഗത്തിലൂടെയാണ് അത് ശമിപ്പിക്കുന്നതെങ്കിൽ ശിക്ഷയുണ്ടാവുകയില്ലേ? അപ്രകാരം, ഹലാലായ മാർഗത്തിലൂടെ ശമിപ്പിക്കുമ്പോൾ പ്രതിഫലവും ലഭിക്കുന്നതാണ്.' (മുസ്ലിം)

സ്വൈരമായ ലൈംഗികബന്ധത്തിന് തടസ്സം സൃഷ്ടിക്കുന്ന സുന്നത്തായ ആരാധനാകർമങ്ങൾ പോലും അനുഷ്ഠിക്കരുതെന്നാണ് ഇസ്ലാമികാധ്യാപനം. ദിവസങ്ങളോളം ഭാര്യയുമായി ബന്ധപ്പെടാതെ സുന്നത്ത്നോമ്പുമായി കഴിഞ്ഞുകൂടിയ തന്റെ ഭർത്താവിനെപ്പറ്റി ഭാര്യ നബി(സ)യോട് പരാതി പറഞ്ഞപ്പോൾ അദ്ദേഹത്തെ വിളിച്ചുവരുത്തി കാരണമാരാഞ്ഞ നബി(സ)യോട് ആരാധനയിൽ സജീവമാകാൻ വേണ്ടിയാണ് ഞാൻ ഇപ്രകാരം ചെയ്യുന്നതെന്ന് അദ്ദേഹം പറഞ്ഞു. 'പോയി ഭാര്യയുമായി ബന്ധപ്പെടൂ' എന്നായിരുന്നു തങ്ങൾ അദ്ദേഹത്തോട് നിർദ്ദേശിച്ചത്. നോമ്പിന്റെ കാര്യം അദ്ദേഹം ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ നോമ്പു മുറിക്കാൻ നബി(സ) കൽപ്പിക്കുകയും അദ്ദേഹം അപ്രകാരം പ്രവർത്തിക്കുകയും ചെയ്തു. ദാമ്പത്യപ്പൊരുത്തത്തിൽ ലൈംഗിക സംതൃപ്തിയുടെ സ്ഥാനം കൃത്യമായി അടയാളപ്പെടുത്തുന്നതാണ് പ്രസ്തുത സംഭവം.

വൈവാഹിക ജീവിത വിജയത്തിനും ദാമ്പത്യപ്പൊരുത്തത്തിനും ലൈംഗിക സംതൃപ്തി ഒരു അനിവാര്യ ഘടകമാണെന്നും



സ്നേഹമാണ് ലൈംഗികതയുടെ ധർമ്മങ്ങളിൽ പ്രധാനം. ആത്മാർത്ഥസ്നേഹം യഥാർത്ഥ ലൈംഗികബന്ധത്തിന്റെ പ്രതീകമാണ്. അങ്ങനെ സ്നേഹവും സെക്സും വേർതിരിച്ചു നിർത്താനാകാത്ത വിധം പരസ്പരം ഐക്യപ്പെട്ടിരിക്കെ സെക്സിന്റെ നിഷേധം സ്നേഹത്തിന്റെയും നിഷേധമാകുന്നു. ഇവ രണ്ടും നിഷേധിക്കപ്പെടുമ്പോൾ ദാമ്പത്യജീവിതത്തിന്റെ സ്വച്ഛന്ദമായ ഒഴുക്ക് നിലയ്ക്കുകയും ചെയ്യും.



ഭാര്യഭർതൃബന്ധത്തെയും പരസ്പര സ്നേഹത്തെയും ഊട്ടിയുറപ്പിക്കുന്നതിൽ അത് സ്ഥിരമായി പങ്കുവഹിക്കുന്നുവെന്നും നാം മനസ്സിലാക്കി. അതുകൊണ്ടുതന്നെ ഇണയെ പരമാവധി പുളകം കൊള്ളിക്കാനും പങ്കാളികളുടെ സുഖത്തിനുവേണ്ടി സർവ്വതും സമർപ്പിക്കാനുമുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ കിടപ്പറയിൽ ഇരുഭാഗത്തുനിന്നുമുണ്ടാവണം. അതിനുവേണ്ടി ശരിയായതും ശാസ്ത്രീയവുമായ ലൈംഗിക വിജ്ഞാനം ഇരുവരും കരസ്ഥമാക്കേണ്ടതുണ്ട്. ലൈംഗിക അജ്ഞത മൂലം ജീവിതപങ്കാളിയിൽ നിന്ന് പ്രതീക്ഷിച്ച രതിനിർവൃതി ലഭിക്കാത്തതിന്റെ പേരിൽ നിരവധി ദാമ്പത്യബന്ധങ്ങൾ തകർന്നടിഞ്ഞിട്ടുണ്ട്.

ലൈംഗിക തൃഷ്ണ സദാചാരപരവും അനുവദനീയവുമായ മാർഗത്തിൽ നിറവേറ്റുകയെന്നത് വിവാഹലക്ഷ്യങ്ങളിലൊന്നാണ്. സ്വസ്ഥവും സന്തോഷപ്രദവുമായ ലൈംഗികബന്ധം വിവാഹത്തിലൂടെ മാത്രമേ സാധ്യമാവുകയുള്ളൂ. സ്ത്രീയെ അപേക്ഷിച്ച് പുരുഷ ലൈംഗികത എപ്പോഴും സജീവമാണ്. ശാരീരികബന്ധത്തിന് വേഗത്തിൽ സന്നദ്ധനാകുന്നതും പുരുഷനാണ്. നിസ്സാരമായ ദർശനമോ സ്പർശനമോ മതി, പുരുഷവികാരം ഊഷ്മളമാവാൻ. അതിനാൽ സ്ത്രീ വസ്തുതകൾ ശരിയാംവിധം മനസ്സിലാക്കി ഭർത്താവിന്റെ താൽപര്യങ്ങൾ സഫലീകരിക്കുന്നതിൽ ശ്രദ്ധാലുവാകണം. ഭർത്താവ് ബന്ധത്തിന് താല്പര്യപ്പെടുമ്പോൾ ഭാര്യ അനുകൂലമായി പ്രതികരിച്ചില്ലെങ്കിൽ അവനിൽ വെറുപ്പും വിദ്വേഷവും ഉടലെടുക്കുകയും പരസ്പരസ്നേഹത്തിന്റെ മാറ്റ് കുറയുകയും ചെയ്യും. കാമം കത്തി നിൽക്കുന്ന ഭർത്താവിന്റെ മനോനില ഹലാലായ മാർഗത്തിൽ തൃപ്തിയടഞ്ഞില്ലെങ്കിൽ അവിഹിത മാർഗ്ഗങ്ങളിലേക്ക് മനസ്സ് തിരിയാൻ കാരണമായേക്കാം. ഇത്തരം സാഹചര്യങ്ങളില്ലാതാക്കാൻ ദീർഘവീക്ഷണത്തോടെ മുത്തുനബി(സ) നടത്തിയ പ്രസ്താവന കാണുക: 'ഭർത്താവ് തന്റെ ആവശ്യത്തിനുവേണ്ടി ഭാര്യയെ സമീപിച്ചാൽ അവൾ അടുക്കളയിലാണെങ്കിലും ചെന്നുകൊള്ളട്ടെ.' (തുർമുദി) 'ഭർത്താവുമായി ശാരീരികബന്ധത്തിന് വിസമ്മതിച്ച് വിരിപ്പ് ബഹിഷ്കരിക്കുന്ന സ്ത്രീകൾക്കെതിരെ പ്രഭാതം വരെ മലക്കുകൾ ശാപപ്രാർത്ഥന നടത്തിക്കൊണ്ടിരിക്കും.' (ബുഖാരി) ഈ വിസമ്മതം പിണക്കമായി ഗണിക്കുമെന്നും ചെലവ് നൽകേണ്ട ബാധ്യതയിൽ നിന്ന് ഭർത്താവ് ഒഴിവാകുമെന്നുമാണ് പണ്ഡിതാഭിപ്രായം.

കിടപ്പറയിൽ സ്ത്രീ ഭർത്താവിന്റെ മനസ്സിനിണങ്ങിയതും ആകർഷകവും വൃത്തിയുള്ളതുമായ വസ്ത്രം ധരിക്കുകയും ബ്രഷ് ചെയ്യുകയും സുറുമയിടുകയും സുഗന്ധം ഉപയോഗിക്കുകയും വേണം. മുഷിഞ്ഞ വസ്ത്രവും വിയർപ്പും ദുർഗന്ധങ്ങളും ഇണയുടെ മനസ്സു മടുപ്പിക്കും. പുരുഷവികാരത്തെ തന്നെ അത് ക്ഷയിപ്പിക്കുകയും കുടുംബജീവിതത്തിന്റെ ആനന്ദം കെടുത്തിക്കളയുകയും ചെയ്യും. യാത്ര കഴിഞ്ഞെത്തുന്ന പുരുഷൻ വിവരം വീട്ടുകാരിയെ നേരത്തെ അറിയിക്കണമെന്ന തിരുനബി(സ)യുടെ ഉപദേശം ശരീരവും വസ്ത്രവും വൃത്തിയാക്കി ഭർത്താവിനെ സ്വീകരിക്കാൻ സജ്ജമാകാനും അനുചിതരൂപത്തിൽ അവനു മുമ്പിൽ പ്രത്യക്ഷപ്പെടാതിരിക്കാനും ഭാര്യക്ക് അവസരമൊരുക്കാൻ വേണ്ടിയാണ്. ലൈംഗികജീവിതത്തെയും

**വൈവാഹിക ജീവിതവിജയത്തിനും ദാമ്പത്യ പൊരുത്തത്തിനും ലൈംഗിക സംതൃപ്തി ഒരു അനിവാര്യ ഘടകമാണെന്നും ഭാര്യഭർതൃ ബന്ധത്തെയും പരസ്പര സ്നേഹത്തെയും ഊട്ടിയുറപ്പിക്കുന്നതിൽ അത് സ്ഥിരമായി പങ്കുവഹിക്കുന്നുവെന്നും നാം മനസ്സിലാക്കി. അതുകൊണ്ടുതന്നെ ഇണയെ പരമാവധി പുളകം കൊള്ളിക്കാനും പങ്കാളികളുടെ സുഖത്തിനുവേണ്ടി സർവ്വതും സമർപ്പിക്കാനുമുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ കിടപ്പറയിൽ ഇരുഭാഗത്തുനിന്നുമുണ്ടാവണം.**

താല്പര്യത്തെയും ഉണർത്തുന്നതിൽ കിടപ്പറയുടെ സംവിധാനവും വലിയ പങ്കുവഹിക്കുന്നുണ്ട്. അടുക്കും ചിട്ടയുമില്ലാതെ അലങ്കോലപ്പെട്ടു കിടക്കുന്ന മണിയറ മനസ്സിനെ പ്രതികൂലമായി ബാധിക്കും. അതു നിമിത്തം ലൈംഗികബന്ധം കേവലം ചടങ്ങ് നിർവഹിക്കൽ മാത്രമായിത്തീരും. ആകർഷണീയ രൂപത്തിൽ സംവിധാനിച്ച സുസജ്ജമായ കിടപ്പാറ മനസ്സിൽ കുളിരു പടർത്തും. എല്ലാം മറന്ന് ഒന്നിച്ചുചേരാൻ അതുതന്നെ നിമിത്തമാകും.

സ്ത്രീയുടെ സഹജമായ സവിശേഷതകളും സാഹചര്യങ്ങളും പരിഗണിച്ചു വേണം ഭർത്താവ് നീങ്ങാൻ. പുരുഷനെ അപേക്ഷിച്ച് സ്ത്രീയുടെ വികാരം ചൂടുപിടിക്കാൻ സമയമെടുക്കും. ഇത് മനസ്സിലാക്കാതെ ലൈംഗികബന്ധത്തിന് പ്രചോദിതയായിട്ടില്ലാത്ത പ്രിയതമയുടെ മേൽ ചാടിവീണ് പുരുഷൻ ആവശ്യപൂർത്തീകരണം നടത്തുന്നത് അവളുടെ മനസ്സിന് ആഘാത മേൽപ്പിക്കും. അതിനാൽ, അവളുടെ വികാരം ഉത്തേജിപ്പിക്കാനും വിഷയസന്നദ്ധയാകാനുമുള്ള ബാഹ്യലീലകൾ പുരുഷനിൽ നിന്നുണ്ടാവണം. അതിന്നായി, സ്ത്രീശരീരശാസ്ത്രവും വികാരകേന്ദ്രങ്ങളും വികാരപ്രകൃതിയും പുരുഷൻ മനസ്സിലാക്കേണ്ടതാവശ്യമാണ്. ലൈംഗികതൃഷ്ണ ഉണർത്താനുതകുന്ന സ്ഥലങ്ങളിലെ സ്പർശനവും മൃദുദംശനവും ചുംബനവും സല്ലാപവും സ്ത്രീയെ ഉത്തേജിതയാക്കും. ഇത്തരം മുന്നൊരുക്കങ്ങളൊന്നുമില്ലാതെ സംഭോഗത്തിൽ ഏർപ്പെടരുതെന്നാണ് പ്രവാചകാധ്യാപനം. തിരുനബി(സ) പറയുന്നു: 'നിങ്ങളാരും കന്നുകാലികളെപ്പോലെ തന്റെ ഭാര്യയുമായി ശാരീരികബന്ധത്തിൽ ഏർപ്പെടരുത്. അവർക്കിടയിൽ ഒരു ദൂതൻ ഉണ്ടായിരിക്കട്ടെ.' ആരാണ് ദൂതനെന്നന്വേഷിച്ചവരോട് 'ചുംബനവും സംസാരവും' എന്നായിരുന്നു പ്രവാചകരുടെ മറുപടി. (ദൈലമി)

സ്ത്രീയുടെ ലൈംഗികവികാരം വേഗത്തിൽ ഉണരാത്ത പോലെ പെട്ടെന്ന് ശമിക്കുകയുമില്ല. ലൈംഗികാവയവങ്ങളുടെ സങ്കീർണമായ ഘടനയുടെ ഫലമായി പുരുഷന്മാരെപ്പോലെ എളുപ്പം വികാരമൂർച്ച പ്രാപിക്കാൻ അവൾക്കാവില്ല. ഭർത്താക്കന്മാർ ഈ വസ്തുത വേണ്ടത്ര മനസ്സിലാക്കി പ്രവർത്തിക്കാത്തതിന്റെ പേരിൽ പലപ്പോഴും സ്ത്രീകൾക്ക് ലൈംഗികവേഴ്ചയിൽ പൂർണ്ണസംതൃപ്തരാകാൻ സാധിക്കാറില്ല. അതുകൊണ്ടുതന്നെ, ജീവിതപങ്കാളിയെ തൃപ്തിപ്പെടുത്തും വിധം വികാരനിർവൃതിയിലെത്തിക്കാൻ പുരുഷൻ പരമാവധി ശ്രമിക്കണം. നബി(സ) പ്രസ്താവിക്കുന്നു: 'ഒരാൾ സ്ത്രീയുമായി ലൈംഗികബന്ധത്തിൽ ഏർപ്പെടുമ്പോൾ അവർക്ക് കുറേ ദാനമായി നൽകണം. തന്റെ ആവശ്യം പൂർത്തിയായാൽ പിന്നെ ധൃതി കാണിക്കരുത്. അവളുടെ ആവശ്യവും പൂർത്തിയാകട്ടെ.' (അബൂയഅ്ലാ) ഭാര്യയുടെ സംതൃപ്തി പരിഗണിക്കാതെ സ്വന്തം സുഖത്തിൽ മാത്രം സായൂജ്യമടയുന്ന പുരുഷനെ 'കഴിവുകെട്ടവൻ' എന്നാണ് നബി(സ) വിശേഷിപ്പിച്ചിട്ടുള്ളത്.

ഇമാം ഗസ്സാലി എഴുതുന്നു: പുരുഷൻ വികാരമൂർച്ഛ പ്രാപിച്ചാലും ഭാര്യയുടെ വികാരം പൂർത്തീകരിക്കപ്പെടുന്നതുവരെ കാത്തിരിക്കണം. ചിലപ്പോൾ ഭാര്യ രതിമൂർച്ഛയിലെത്താൻ താമസിച്ചുവെന്നു വരാം. ലൈംഗികാസക്തി തീഷ്ണമായ അത്തരം സന്ദർഭങ്ങളിൽ പുരുഷൻ പെട്ടെന്ന് പിന്തിരിയുന്നത് അവളെ വല്ലാതെ പ്രയാസപ്പെടുത്തും. വികാരം മൂർച്ഛയിലെത്താൻ അന്തരമുണ്ടാവുകയാണെങ്കിൽ പുരുഷൻ എത്ര നേരത്തെ പൂർണ്ണത പ്രാപിച്ചാലും ഭാര്യക്ക് സംതൃപ്തി വരുന്നതുവരെ കാത്തിരിക്കുക തന്നെ വേണം. എന്നാൽ, ഒന്നിച്ചു വികാരമൂർച്ഛയിൽ എത്തുന്നതായിരിക്കും കൂടുതൽ ആസ്വാദ്യകരം. (ഇഹ്യാഉലൂമുദ്ദീൻ)

കിടപ്പറയിൽ പുരുഷനും ശുചിത്വം പാലിക്കുകയും സുഗന്ധം പൂശുകയും വേണം. വിയർപ്പു മണക്കുന്ന ശരീരവും വൃത്തിഹീനമായ വസ്ത്രവുമായി ഭാര്യയെ സമീപിക്കരുത്. ഭാര്യക്ക് ഭർത്താവിനോട് കടപ്പാടുള്ളതു പോലെ ഭർത്താവിന് ഭാര്യയോടും ബാധ്യതകളുണ്ട്. (അൽബഖറ 228) എന്ന ഖുർആൻ വചനത്തിന്റെ വിശദീകരണത്തിൽ ഇമാം റാസി രേഖപ്പെടുത്തുന്നു: ഇബ്നുഅബ്ബാസ് പറയുന്നു: 'ഭർത്താവിനുവേണ്ടി ഭാര്യ ഭംഗിയായി ഒരുങ്ങുന്നതു പോലെ ഭാര്യക്കുവേണ്ടി ഭർത്താവും ഭംഗിയായി ഒരുങ്ങണമെന്ന് ഈ വചനം വിവക്ഷിക്കുന്നു. എനിക്കുവേണ്ടി എന്റെ ഭാര്യ എങ്ങനെയെല്ലാം ഭംഗിയാക്കാൻ ഞാൻ ഇഷ്ടപ്പെടുന്നുവോ അപ്രകാരം അവൾക്കു വേണ്ടി ഞാനും ഭംഗിയായിരിക്കണമെന്ന് ഈ വചനത്തിന്റെ വെളിച്ചത്തിൽ ഞാൻ ആഗ്രഹിക്കുന്നു.' (റാസി) ഭർത്താവിന്റെ അവസ്ഥ മൂലം ഭാര്യ ബന്ധത്തിന് വിസമ്മ

ഹുൽ മുഇൗൻ രേഖപ്പെടുത്തിയിട്ടുണ്ട്.

ഇണകളുടെ താല്പര്യാനുസൃതം ലൈംഗികബന്ധത്തിന് ഏത് സമയവും ഏത് രീതിയും അവലംബിക്കാവുന്നതാണ്. 'നിങ്ങൾ ഭാര്യമാരെ ഉദ്ദിഷ്ട രൂപത്തിൽ സമീപിക്കുക' (അൽബഖറ 223) എന്ന ഖുർആനിക വചനത്തിന്റെ വിശദീകരണത്തിൽ ഇമാം റാസി രേഖപ്പെടുത്തുന്നു: താല്പര്യമുള്ള ഏതു സമയത്തും ലൈംഗികബന്ധം ആകാമെന്നത്രെ ഇതിന്റെ ഒരു അർത്ഥം. രാത്രി, പകൽ എന്ന വ്യത്യാസം കാര്യമാക്കേണ്ടതില്ല. അതുപോലെ, ലൈംഗികബന്ധത്തിൽ ഇഷ്ടമുള്ള പൊസിഷനുകളും സ്വീകരിക്കാവുന്നതാണ്. ഭോഗം യോനിയിലൂടെ ആകണമെന്നു മാത്രം. സൂചിത വചനത്തിന് ഇപ്രകാരവും ചില പണ്ഡിതർ വ്യാഖ്യാനം നൽകിയിട്ടുണ്ട്. (തഫ്സീറുൽകബീർ)

ആർത്തവ, പ്രസവാനന്തര രക്തസ്രാവ പിരീഡുകളിൽ ലൈംഗികബന്ധം നിഷിദ്ധമായതുപോലെ ഗുദഭോഗവും രതിരഹസ്യരഹസ്യങ്ങൾ പരസ്യപ്പെടുത്തലും വിലക്കപ്പെട്ടതാണ്. ഗുദത്തിൽ ഭോഗിക്കുന്നവൻ ശപിക്കപ്പെട്ടവനാണെന്നും രതിരഹസ്യങ്ങൾ പരസ്യമാക്കുന്നവൻ അന്ത്യനാളിൽ ജനങ്ങളിൽ ഏറ്റവും അധമനായിരിക്കുമെന്നും തിരുനബി(സ) അരുൾ ചെയ്തിട്ടുണ്ട്.

**യാത്ര കഴിഞ്ഞെത്തുന്ന പുരുഷൻ വിവരം വീട്ടുകാരിയെ നേരത്തെ അറിയിക്കണമെന്ന തിരുനബി(സ)യുടെ ഉപദേശം ശരീരവും വസ്ത്രവും വൃത്തിയാക്കി ഭർത്താവിനെ സ്വീകരിക്കാൻ സജ്ജമാകാനും അനുചിതരൂപത്തിൽ അവനു മുമ്പിൽ പ്രത്യക്ഷപ്പെടാതിരിക്കാനും ഭാര്യക്ക് അവസരമൊരുക്കാൻ വേണ്ടിയാണ്. ലൈംഗികജീവിതത്തെയും താല്പര്യത്തെയും ഉണർത്തുന്നതിൽ കിടപ്പറയുടെ സംവിധാനവും വലിയ പങ്കുവഹിക്കുന്നുണ്ട്.**

തിക്കുന്നുവെങ്കിൽ അത് ചെലവ് നഷ്ടപ്പെടുത്തുന്ന പിണക്കമായി ഗണിക്കാവതല്ലെന്ന് ഇമാം ശർവാനി രേഖപ്പെടുത്തിയിട്ടുണ്ട്.

ഇണചേരൽ ബിസ്മിയും നിർദ്ദിഷ്ട പ്രാർത്ഥനയും ചൊല്ലി ആരംഭിക്കുക, ഭോഗനേരം ഇരുവരും ഒരു വസ്ത്രത്തിനുള്ളിൽ മറയുക, സംസാരം ഉപേക്ഷിക്കുക, ഖിബ്‌ലക്കഭിമുഖമാകാതിരിക്കുക, ബ്രഷ് ചെയ്യുക, സുഗന്ധം ഉപയോഗിക്കുക, പങ്കാളിയുടെ സംതൃപ്തി ഉറപ്പുവരുത്തുക, രഹസ്യഭാഗം പരസ്പരം ദർശിക്കാതിരിക്കുക, നാലുരാത്രികളിൽ ഒരിക്കലെങ്കിലും ബന്ധം ഒഴിവാക്കാതിരിക്കുക, ഇണചേരൽ അത്താഴസമയത്താകുക, വെള്ളിയാഴ്ച രാവും പകലും ബന്ധത്തിന് പ്രത്യേകം തെരഞ്ഞെടുക്കുക, യാത്രയോ പ്രവാസമോ കഴിഞ്ഞെത്തുന്നവർ കൂടുതൽ താമസിയാതെ ഇണചേരുക, രണ്ടാമതൊരു ബന്ധത്തിനു മുതിരുന്നുവെങ്കിൽ ഗുഹ്യഭാഗം കഴുകി വുളൂഅ് ചെയ്ത ശേഷമായിരിക്കുക തുടങ്ങിയ കാര്യങ്ങൾ ലൈംഗികജീവിതത്തിൽ പരിഗണിക്കേണ്ട തിരുചര്യകളാണ്. നല്ല ഉദ്ദേശ്യത്തോടെ വൈദ്യശാസ്ത്ര നിയമങ്ങൾ പാലിച്ച് അനുവദനീയമായ മരുന്നുകൾ ഉപയോഗിച്ച് ലൈംഗികത ശക്തിപ്പെടുത്താവുന്നതാണെന്ന് ഫത്

## വാർത്തകൾ

## ഏഴ് മദ്റസകൾക്കു കൂടി അംഗീകാരം നൽകി

കോഴിക്കോട്: സമസ്ത കേരള സുന്നി വിദ്യാഭ്യാസ ബോർഡ് പുതിയ ഏഴ് മദ്റസകൾക്കു കൂടി അംഗീകാരം നൽകി. സമസ്ത സെന്റിനറി സമ്മേളനത്തോടനുബന്ധിച്ച് മദ്റസാ വാർഷിക പരീക്ഷാ തിയ്യതികളിൽ പുനഃക്രമീകരണം നടത്താൻ തീരുമാനിച്ചു, സുന്നി വിദ്യാഭ്യാസ ബോർഡ് ഉപാധ്യക്ഷൻ കൊമ്പം മുഹമ്മദ് മുസ്‌ലിയാരുടെ അധ്യക്ഷതയിൽ ചേർന്ന സെക്രട്ടറിയേറ്റ് യോഗം സയ്യിദ് ഇബ്‌റാഹീമുൽ ഖലീലുൽ ബുഖാരി ഉദ്ഘാടനം ചെയ്തു. അബൂഹനീഫൽ ഫൈസി തെന്നല, വി.പി.എം ഫൈസി വില്ല്യാപള്ളി, വണ്ടൂർ അബ്ദുറഹ്മാൻ ഫൈസി, ഡോ. അബ്ദുൽഅസീസ് ഫൈസി, പ്രൊഫ. കെ.എം.എ റഹീം, അൻ അലിഅബ്ദുല്ല, അഡ്വ. എ.കെ ഇസ്മാഈൽ വഫ, സുലൈമാൻ സഖാഫി മാളിയേക്കൽ സംബന്ധിച്ചു. പ്രൊഫ. എ.കെ അബ്ദുൽഹമീദ് സ്വാഗതവും, സി.പി സൈതലവി മാസ്റ്റർ നന്ദിയും പറഞ്ഞു.

## മാല, മൗലിദ് സമാഹാരം: കവർ പ്രകാശനം

കോഴിക്കോട്: മർകസ് പുറത്തിറക്കുന്ന സമഗ്രമായ മാല, മൗലിദ്, റാത്തീബ്, ഔറാദുകളുടെ സമാഹാരത്തിന്റെ കവർ പ്രകാശനം കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ നിർവഹിച്ചു. മർകസിൽ നടന്ന പ്രകാശന ചടങ്ങിൽ സയ്യിദ് അലി ബാഫഖി, സയ്യിദ് ശറഫുദ്ദീൻ ജമലുല്ലൈലി, സി മുഹമ്മദ് ഫൈസി, സയ്യിദ് ശിഹാബുദ്ദീൻ അഹ്ദൽ, വി പി എം വില്യാപ്പള്ളി തുടങ്ങിയവർ പങ്കെടുത്തു.

# എസ്.ജെ.എം വിവിധ സംസ്ഥാന സാരഥിസംഗമം ആഗസ്റ്റ് 11ന് കോഴിക്കോട്ട്

കോഴിക്കോട്: എസ്.ജെ.എം സെൻട്രൽ കമ്മിറ്റിയുടെ വിവിധ സംസ്ഥാനങ്ങളിലെ പ്രവർത്തനം ഏകീകരിക്കുന്നതിന് ഇതരസംസ്ഥാന സാരഥികളുടെ സംഗമം ആഗസ്റ്റ് 11ന് കോഴിക്കോട്ട് വിളിച്ച് ചേർക്കാൻ എസ്.ജെ.എം സെൻട്രൽ സെക്രട്ടറിയേറ്റ് തീരുമാനിച്ചു. സെൻട്രൽ സാരഥികൾ സംഗമത്തിന് നേതൃത്വം നൽകും. മെയ് മാസം വെക്കേഷൻ ക്യാമ്പ് നടത്തി മികവ് തെളിയിച്ച മദ്റസകളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടിയവർക്ക് അവാർഡും തിരഞ്ഞെടുക്കപ്പെട്ട മദ്റസകൾക്ക് സമ്മാനവും നൽകാൻ സെക്രട്ടറിയേറ്റ് യോഗം തീരുമാനിച്ചു.

യോഗത്തിൽ അബൂഹനീഫൽ ഫൈസി അധ്യക്ഷത വഹിച്ചു. വി.പി.എം വില്യാപള്ളി ചർച്ച ഉദ്ഘാടനം ചെയ്തു. കെ.പി.എച്ച് തങ്ങൾ, പ്രൊഫ. എ.കെ അബ്ദുൽ ഹമീദ്, കുഞ്ഞുകുളം സുലൈമാൻ സഖാഫി, കെ ഉമർ മദനി, സി.എം യൂസുഫ് സഖാഫി, ബശീർ മുസ്‌ലിയാർ ചെറൂപ്പ്, വി.വി അബൂബക്കർ സഖാഫി ചർച്ചകൾക്ക് നേതൃത്വം നൽകി.

## തമിഴ്നാട് ലീഡേഴ്സ് സമ്മിറ്റ് പ്രൗഢമായി

**മുഅല്ലിംകൾക്ക് പരിശീലനം നൽകും**

കോഴിക്കോട്: ഇസ്‌ലാമിക് എജ്യുക്കേഷണൽ ബോർഡ് തമിഴ്നാട്ടിൽ നടത്തുന്ന വിദ്യാഭ്യാസ ശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി സമസ്തസെന്ററിൽ സംഘടിപ്പിച്ച ലീഡേഴ്സ് സമ്മിറ്റ് സുൽത്വാനുൽ ഉലമ കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ ഉദ്ഘാടനം ചെയ്തു. ബോർഡ് പ്രസിഡന്റ് സയ്യിദ് അലി ബാഫഖി അധ്യക്ഷത വഹിച്ചു. സെക്രട്ടറി പ്രൊഫ. എ കെ അബ്ദുൽഹമീദ്, മാനേജർ സി പി സൈതലവി, സുലൈമാൻ സഖാഫി കുഞ്ഞുകുളം, ഡോ. അബ്ദുന്നാസിർ ഹിശാമി, സി കെ എം പാടന്തറ, സാക്കിർ ഹുസൈൻ ഉലൂമി, കെ വി ഹുസൈൻ തങ്ങൾ, കുഞ്ഞിമുഹമ്മദ് മുസ്‌ലിയാർ, കെ ഉമർ മദനി, അബൂത്വാഹിർ നിസാമി സംസാരിച്ചു. തമിഴ്നാട്ടിലെ വിദ്യാർഥികൾക്കായുള്ള പുതുക്കിയ പാഠപുസ്തകങ്ങൾ അടുത്ത അധ്യയനവർഷം മുതൽ നടപ്പാക്കാനും മുഴുവൻ മുഅല്ലിംകൾക്കും പരിശീലനം നൽകാനും പദ്ധതി ആവിഷ്കരിച്ചു. പുതുതായി ഏഴ് മുഫത്തിശുമാരെ സേവനത്തിന് നിയോഗിച്ചു.

## ബാഫഖി മദ്റസ ഉദ്ഘാടനം പ്രൗഢമായി

കൊയിലാണ്ടി: ചരിത്രപ്രസിദ്ധമായ ബാഫഖി തറവാട്ടിൽ വലിയകത്ത് ബംഗ്ലാവിനോട് ചേർന്ന് പുതുതായി നിർമിച്ച സയ്യിദ് അഹ്മദ് ബാഫഖി മദ്റസ കാന്തപുരം എ പി അബുബക്കർ മുസ്‌ലിയാർ നാടിന് സമർപ്പിച്ചു. സയ്യിദ് അലി ബാഫഖി തങ്ങളുടെ പിതാവ് സയ്യിദ് അഹ്മദ് ബാഫഖി തങ്ങളുടെ സ്മരണാർഥമാണ് മദ്റസ നിർമിച്ചിട്ടുള്ളത്.

ചടങ്ങിൽ സമസ്ത പ്രസിഡന്റ് ഇ സുലൈമാൻ മുസ്‌ലിയാർ അധ്യക്ഷത വഹിച്ചു. സയ്യിദ് അലി ബാഫഖി പ്രാർഥന നടത്തി. സയ്യിദ് മുഹമ്മദ് തുറാബ് ആമുഖഭാഷണവും സയ്യിദ് ഇബ്റാഹീം ഖലീലുൽ ബുഖാരി മുഖ്യപ്രഭാഷണവും നടത്തി. സയ്യിദ് ശറഫുദ്ദീൻ ജമലുല്ലൈലി, ഹാഫിള് സയ്യിദ് ഹുസൈൻ ബാഫഖി, സയ്യിദ് ഹാമിദ് ഇമ്പിച്ചിക്കോയ, സയ്യിദ് ഇബ്റാഹീം ബാഫഖി, സയ്യിദ് സൈനുൽ ആബിദ് ജമലുല്ലൈലി, വി പി എം വില്ല്യാപള്ളി, അബൂഹനീഫൽ ഫൈസി, പ്രൊഫ. എ കെ അബ്ദുൽഹമീദ്, ഖാസി മുഹമ്മദ് കുട്ടി മുസ്‌ലിയാർ, സുലൈമാൻ സഖാഫി കുഞ്ഞുകുളം, അബൂബക്കർ സഖാഫി വെണ്ണക്കോട്, മുഹമ്മദലി മുസ്‌ലിയാർ ഇരിട്ടി തുടങ്ങി ഒട്ടേറെ പ്രമുഖർ സംബന്ധിച്ച ചടങ്ങ് പ്രൗഢമായി.

## 446 മുഅല്ലിംകൾക്ക് ധനസഹായവും 11 മുഅല്ലിംകൾക്ക് കൂടി ഭവനവും അനുവദിച്ചു

കോഴിക്കോട്: സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ ക്ഷേമനിധിയിൽ നിന്ന് സഹായാർഹരായ 446 മുഅല്ലിംകൾക്ക് ധനസഹായം അനുവദിച്ചു. മക്കളുടെ വിവാഹം, ഭവനനിർമ്മാണം, അറ്റകുറ്റപ്പണി, കിണർ നിർമാണം, രോഗചികിത്സ, വിലാദ, ആശ്വാസധനം, മുഅല്ലിമിന്റെ മഹ്ർ എന്നീ ഇനങ്ങളിൽ 437 പേർക്ക് സഹായധനവും സ്നേഹസ്പർശം പദ്ധതിയിൽ 9 പേർക്ക് സ്പെഷ്യൽ സഹായവുമാണ് അനുവദിച്ചത്.

ഭവനനിർമ്മാണ പദ്ധതിയുടെ ഭാഗമായി പുതുതായി 11 മുഅല്ലിംകൾക്ക് വീട് നിർമ്മിച്ച് നൽകുവാനും തീരുമാനിച്ചു. ഇത് സംബന്ധമായി സമസ്തസെന്ററിൽ ചേർന്ന മുഅല്ലിം ക്ഷേമനിധി യോഗത്തിൽ വി.പി.എം വില്യാപള്ളി അധ്യക്ഷത വഹിച്ചു. അബൂഹനീഫൽ ഫൈസി തെന്നല, കെ.പി.എച്ച് തങ്ങൾ, കുഞ്ഞുകുളം സുലൈമാൻ സഖാഫി, കെ ഉമർ മദനി, വി.വി അബൂബക്കർ സഖാഫി, ചെറൂപ്പ ബശീർ മുസ്‌ലിയാർ ചർച്ചകൾക്ക് നേതൃത്വം നൽകി.

## പ്രവാസികൾ നാടിന്റെ ജീവനാഡി - കാന്തപുരം

**മർകസ് പ്രവാസി സമ്മിറ്റ് പ്രൗഢമായി**

കോഴിക്കോട്: പ്രവാസികൾ കേരളത്തിന്റെ ജീവനാഡിയാണെന്നും അധ്വാനത്തിന്റെ ഫലം നാടിന്റെ പുരോഗതിക്കായി ചെലവഴിക്കുന്ന അവരോട് വലിയ കടപ്പാട് നമുക്കുണ്ടെന്നും കാന്തപുരം എപി അബൂബക്കർ മുസ്‌ലിയാർ. മർകസ് ഗ്ലോബൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നടന്ന പ്രവാസി സമ്മിറ്റ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തെ ഇന്ത്യയിലെ മികച്ച സംസ്ഥാനമാക്കുന്നതിൽ പ്രവാസികൾക്കും വലിയ പങ്കുണ്ട്. പശ്ചിമേഷ്യൻ യുദ്ധസാഹചര്യം അനിശ്ചിതമായി നീളുന്നത് പ്രവാസികളെ ദുരിതത്തിലാക്കുന്നുവെന്നും സർക്കാർ ഇടപെടണമെന്നും കാന്തപുരം പറഞ്ഞു.

15 രാജ്യങ്ങളിൽ നിന്നുള്ള പ്രവാസി പ്രതിനിധികളും സംഘടനാ നേതാക്കളും പ്രമുഖരും സന്നിഹിതരായ സമ്മിറ്റിൽ ആയിരത്തിലധികം പേരാണ് പങ്കെടുത്തത്. മർകസ് കൺവെൻഷൻ സെന്ററിൽ നടന്ന പരിപാടിയിൽ വിപിഎം വില്യാപ്പള്ളി അധ്യക്ഷത വഹിച്ചു. സയ്യിദ് അലി ബാഫഖി പ്രാർഥന നിർവഹിച്ചു. സി മുഹമ്മദ് ഫൈസി മുഖ്യപ്രഭാഷണം നടത്തി.

സയ്യിദ് മുഹമ്മദ് തുറാബ് സഖാഫി, സയ്യിദ് ശിഹാബുദ്ദീൻ അഹ്ദൽ, സയ്യിദ് ശറഫുദ്ദീൻ ജമലുല്ലൈലി, സയ്യിദ് ജസീൽ കാമിൽ സഖാഫി. ഇബ്റാഹീം സഖാഫി പുഴക്കാട്ടിരി, ഉസ്മാൻ സഖാഫി തിരുവത്ര, അബ്ദുൽ ഗഫൂർ വാഴക്കാട്, റോഷൻ നൂറാനി, മർസൂഖ് സഅദി, ശരീഫ് കാരശ്ശേരി വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. സിപി ഉബൈദുല്ല സഖാഫി സ്വാഗതവും ദുൽകിഫ്ല് സഖാഫി നന്ദിയും പറഞ്ഞു.

റൈഹാൻ

# നബിവിസ്സകൾ



ഇത്ര ചെറിയ ചിറകുകൾകൊണ്ട്
എത്ര ദൂരം പറക്കാനാകുമെന്ന്
മദീനയിലെ പ്രാവുകളോട് ചോദിച്ചാൽ
അവ പറയും, സ്വർഗ്ഗത്തിലിങ്ങനെ
വട്ടം ചുറ്റിപ്പറക്കാനെന്തിന്
വലിയ ചിറകുകൾ?

ഹിജ്റവഴിയോരത്തെ
അടയാളങ്ങളായ് മാറിയ
കല്ലുകളോടും മരങ്ങളോടും
വിശേഷമന്വേഷിച്ചാൽ
അവ വാചാലമാകും;
റസൂലിതുവഴി നടന്നിരുന്നു,
ചുറ്റും സുഗന്ധം പരന്നിരുന്നു,
തണൽ ചൂടി ഇരുന്നിരുന്നു.

മരുഭൂമണൽച്ചൂടിൽ
തലയുയർത്തി നിൽക്കുന്ന
ഈത്തപ്പനമരങ്ങളോട്
മിണ്ടിപ്പറഞ്ഞിരുന്നാൽ
അവ ഇലച്ചിറകുകൾ വിടർത്തി
മെല്ലെ മർമ്മരം തൂകും,
മദീനയിൽ നിന്നു വന്ന കാറ്റാണ്
തഴുകിത്തലോടിയതെന്ന്!
തേനൂറും മധുരം കനിഞ്ഞതെന്ന്!
എന്റുപ്പൂപ്പാന്റെ മുതുകിലാണ്
മിമ്പറായി മുമ്പർ ഇരുന്നതെന്ന്!

മുൾച്ചെടികൾ ചവച്ച്
വഴിമുറിച്ചു കടക്കുന്ന
ഒട്ടകക്കൂട്ടങ്ങളോട് ആരായൂ,
എത്ര ദൂരം നടന്നുവെന്ന്.
അവ ചൂടുപാൽ ചുരത്തിത്തന്ന്
റസൂലിന്റെ ഖസ്വായിലെത്തുന്ന
പരമ്പര പറഞ്ഞുതരും.
ദൂരങ്ങൾ ആനന്ദമായ് മാറിയ
അനുഭവസാക്ഷ്യങ്ങൾ!

മദീനയുടെ നീലാകാശത്ത്
വിരുന്നെത്താറുള്ള മുകിലുകളോട്
തിരക്കിട്ടെങ്ങോട്ടെന്ന് അന്വേഷിക്കൂ...
മൈസറക്കൊപ്പം ആറ്റക്കനി
ശാമിലേക്കു പോയ വഴികളിൽ
തണൽവിരിച്ച ഉമ്മാമമേഘങ്ങളുടെ
പ്രണയകാവ്യം കേൾക്കാനാവും!

Printed & Published by Kunhalavi musliyar on behalf of Samastha Isalamic Centre, Jaferkhan Colony, P.O Eranhipalam
Kozhikode - 673006 and printed at Al kamal offset, East Nadakkavu, Kozhikode, Editor : VP Moidu Faizy Villyapally